വി. കെ. ഭാമ

മലയാളനാട്

ചീഫ് എഡിററർ
എസ്. കെ. നായർ
എഡിററർ
വി. ബി. സി. നായർ

13th November 1977 Phone: 2825, 3362

ലേഖനം

സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ
മാനസികാപഗ്രഥനത്തിലെ
സിദ്ധാന്തത്രയം
സെബാസ്റ്റ്യൻ, പുതുവീട്ട്
കേശവദേവ് എന്റെ നിത്യകാമുകൻ
സീതാലക്ഷ്മീദേവ്
വയലാർ അവാർഡ്
പാരമ്പര്യത്തിന്റെ കളിത്ത്
ബാലകൃഷ്ണൻ കെ
ബോംബെയിലെ രാത്രികൾ
കൊളാബാവാല

കവിത

അമ്മ മകൻ അച്ഛൻ
രാധാബാലകൃഷ്ണൻ
ആമയും മുയലും
എം. ഡി. രാജേന്ദ്രൻ

കഥ

പാർവ്വതി
വി. എസ്. നിർമ്മല
മുത്തുച്ചിപ്പിയുടെ ദുഃഖം
വി. കെ. ഭാമ
ഞാൻ (നീണ്ടകഥ)
ഉണ്ണികൃഷ്ണൻ

നോവൽ

കാമിനി പ്രിയ കാമിനി
ഏകലവ്യൻ
ധർമ്മപുരാണം
ഒ. വി. വിജയൻ
ഈ നാട്ടുകളുടെ ലോകം
കാക്കനാടൻ

സ്ഥിരം പംക്തികൾ

ഗ്രന്ഥനിരൂപണം
വായനക്കാരുടെ കത്തുകൾ
കഷായം
സുകുമാർ

മുഖചിത്രം
ഫോട്ടോ:
ആൻറണി ഈസ്റ്റ്മെൻ

പുസ്തകം ഒൻപതു് △ ലക്കം ഇരുപത്തിഅഞ്ചു് △ 1153 തുലാം 28

വയനക്കാരുടെ കത്തുകൾ

ഈ കാലഘട്ടത്തിൻെറ ആവശ്യം

എഡിററക്ക്,

"ധർമ്മപുരാണം" പ്രസിദ്ധീകരിച്ചതാണ്ട ചക്കുററം കാണിച്ച താങ്കളെ ഞാൻ ആദ്യമായി അഭിനന്ദിച്ചുകൊള്ളട്ടെ! തീട്ടത്തിൻേറയും മതിവൈകൃതങ്ങളുടേയും മാധ്യമത്തിൽ കൂടി ശ്രീമാൻ വിജയൻ വായനക്കാർക്ക് പകരുന്ന ജീവിതദർശനവും ഉൾക്കാഴ്ചയും ഉഗ്രൻ!ഞാൻ ഈ പുരാണം എൻെറ പുത്രി പുത്രപൌത്രന്മാരൊരുമിച്ചിരുന്നു വായിച്ചുകേൾക്കാറില്ല. ഒരു ഭക്തയായ നസ്രാണിപ്പെണ്ണ് പാതികണ്ണുകളടച്ച് ബൈബിൾ വായിക്കുന്ന ഏകാഗ്രതയോടെ ഞാൻ എൻെറ കൊച്ചുമുറിയിലിരുന്ന് വിജയൻെറ "ധർമ്മപുരാണം വായിക്കുന്നു. വായിക്കുന്നു. ആസ്വദിക്കുന്നു. പൊട്ടിച്ചിരിക്കുന്നു. ചിന്തിക്കുന്നു. അപ്പോൾ "തീട്ടമണികൾ" പവിഴമണികളായി രൂപാന്തരപ്പെട്ടു. വിജയൻ, താങ്കൾക്ക് ഈ സഹോദരിയുടെ കൂപ്പുകൈ. ചക്കുററത്തോടെ, പൌരുഷത്തോടെ മുന്നേറുക. കരുത്തുള്ള ഈ തൂലിക ഈകാലഘട്ടത്തിൻെറതാവശ്യമാണ്.

എൻെറ ആശംസ വിജയനെ അറിയിക്കുക. മലയാളനാടിന് മംഗളാശംസകൾ.

— റോസിതോമസ്, തോമസ്വില്ല
പുതുപ്പള്ളി

ഈ നടുക്കം ഒരു തുടക്കം

ഖസാക്കിൻെറ ഇതിഹാസം ഒരു കപടമിത്ത് എന്ന പൂലമ്പി നടക്കുന്ന വിപ്ലവവായാടികളുടെ മസ്തിഷ്ക്കങ്ങളിൽ ഇടിത്തിവീഴ്ത്തുന്ന "ധർമ്മപുരാണം" ഇൻഡ്യൻ ഹിപ്പോക്രസിയുടെ അടിവസ്ത്രങ്ങൾ പോലും പിച്ചിച്ചീന്തിയിരിക്കുന്നു. "തീട്ടപ്പൊലിമ" ഒരു മഹാപരാധമായി കൊണ്ടുനടക്കുന്ന പ്യൂറിററാന്മാർക്കോ?— ഇതൊരു വൈദ്യുതാഘാതവും! —ഈ നടുക്കം ഒരു നേട്ടമാണ്. ഈ നേട്ടം ഒരു തുടക്കമാണ്...

പി. എസ്. പ്രദീപ്, ശാസ്ത്രമംഗലം

വിസ്മയം വിതറുന്ന തൂലിക

അപ്പുക്കിളിയേ നമസ്കാരം! അള്ളാപ്പിച്ചാമൊല്ലാക്കയേ നമസ്കാരം! എസ്. കെ നായരേ നമസ്കാരം!

ഖസാക്കിൽവന്ന് ഖസാക്കിൽ ലയിച്ച് ഖസാക്കിൽ ജീവിച്ച് ഖസാക്കിൽത്തന്നെ മണ്ണടിഞ്ഞ രവിയെ നമസ്കാരം!

ആ ഇതിഹാസം ഖസാക്കിൻെറയാണ്. സിദ്ധാർത്ഥൻ വന്നിറങ്ങിയതു് ഖസാക്കിലല്ല. പിന്നെയോ ജനാധിപത്യത്തിൻെറ മുഖംമൂടിയണിഞ്ഞ്, സ്വേച്ഛാധിപത്യതാൽപര്യത്തിൽ നടമാടിയ പതിനെട്ട് മാസത്തെ നരനായാട്ടിൻേറയും, നഗ്നനാടോടിനൃത്തസംഘങ്ങളുടേയും നാട്ടിലാണ് സിദ്ധാർത്ഥൻെറ തൂലിക പതറാതിരിക്കട്ടെ! ചിതറാതിരിക്കട്ടെ! വിസ്മയം വിതറിക്കൊണ്ടിരിക്കട്ടെ!

— ബാലൻ മണിയൂർ (ഭിലായ്)

ഓരോവാക്കും ഓരോ കത്തികൾ

ധർമ്മപുരാണത്തിൽ ശ്രീ. കെ. വി. വിജയൻ നടത്തുന്ന ഓരോ വാക്കുകളും ഓരോ കത്തികളാണ്. ഇതിൻെറ കൂത്തുമുനകൾ കൊള്ളേണ്ടിടത്തുതന്നെ ചെന്ന് കൊണ്ടുകൊള്ളും. ഒരു സാഹിത്യകാരൻെറ കടമ ഇതുതന്നെയാണ്. അനീതിക്കും, അക്രമത്തിനുമെതിരെ തൂലിക ഉയർത്തുന്നവനാണ് യഥാർത്ഥ സാഹിത്യകാരൻ. വിജയന് വിജയാശംസകൾ!

— പീതാ. വി. താനൂർ

കാക്കനാടൻെറ ഭാവന

കഴിഞ്ഞ രണ്ടുമൂന്നാഴ്ചകളായി മംഗളശ്രേരിയുടെ ചിത്രനിരൂപണവും വി. ബി. സി നായരുടെ മുഖഭാഗചിത്രങ്ങളും വാരികയിൽ പ്രസിദ്ധീകരിച്ചുകണ്ടില്ല. അവ മുടങ്ങാതെ പ്രസിദ്ധീകരിച്ചുകാണാനാഗ്രഹിക്കുന്നു.

കാക്കനാടൻെറ "ഈ നാട്ടുകളുടെ ലോകം" ആവേശത്തോടെയാണ് വായിക്കുന്നതു്. ഉയർന്നതലത്തിൽ ജീവിക്കുന്ന സമ്പന്നന്മാരുടെ ജീവിതം പച്ചയായി വരച്ചുകാട്ടാൻ ശ്രമിക്കുന്നതിൽ കാക്കനാടൻെറ ഭാവന ഉജ്ജ്വലമായി മുന്നേറുന്നു. അഭിനന്ദനങ്ങൾ — രതീഷ്കുമാർ, വയനാട്



മലയാളസാഹിത്യത്തിലെ അതികായനായ നിരൂപകൻ ജോസഫ് മുണ്ടശ്ശേരി അന്തരിച്ചു. അപ്രതീക്ഷിതമല്ലെങ്കിലും, പ്രതിഭാധനനായ മാസ്റ്ററുടെ മരണം കേരളീയരെ മുഴുവൻ നടുക്കി. ആ നടുക്കം ഒരിക്കലും നികത്താനാവാത്ത ഒരു നഷ്ടത്തിൻെറ ചൂണ്ടുപലകയാണ്. സർഗ്ഗധനരായ എഴുത്തുകാരേക്കാൾ ആദരവും അംഗീകാരവും ഒരു നിരൂപകൻ മലയാളത്തിൽ നേടിയെടുത്തിട്ടുണ്ടെങ്കിൽ അതു മുണ്ടശ്ശേരിമാത്രമാണ്. തൂലിക ചലിച്ചടമൊക്കെ ഇതിഹാസമുദ്രകളാക്കിമാററിയ ശൈലീവല്ലഭനായ മുണ്ടശ്ശേരിമാസ്റ്ററുടെ സ്മരണയ്ക്കു മുന്നിൽ ഞങ്ങൾ തിരാദുഃഖത്തോടെ ആദരാഞ്ജലികളർപ്പിക്കുന്നു.

—പത്രാധിപസമിതി

തിരുവരങ്ങിൻെറ നാടക സംരംഭം—ഒരവലോകനം

പാരമ്പര്യത്തിന്റെ കുളിർ

ബാലകൃഷ്ണൻ കെ.

ഏതാണ്ട് നൂറ് വർഷം മുമ്പ് കേരളവർമ്മ കോയിത്തമ്പുരാൻെറ ശാകുന്തളം തർജ്ജമ (മണിപ്രവാളശാകുന്തളം) യിലാരംഭിച്ച മലയാളഭാഷാ നാടകം കുറേക്കാലം സംസ്കൃതവിദ്വത്തന്ത്രഭ്രാന്തിൻെറ പിടിയിൽ ശ്വാസം മുട്ടിക്കിടന്നു. ഭ്രാന്ത് തന്നെയായിരുന്നു. അതാണല്ലോ അതിനൊരുതി വരുത്താൻ മുൻഷി രാമക്കുറുപ്പ് "ചക്കി ചങ്കരം" രചിച്ചതു്). തുടർന്ന് കുറേക്കാലം നമ്മുടെ പ്രേക്ഷകർ തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ട (പെണ്ണും പാട്ടും പ്രധാനമായി) തരംതാണ സംഗീതനാടകാഭാസങ്ങളുടെ പൊലിമയിൽ മനംമയങ്ങിക്കഴിഞ്ഞു: പിന്നീടാണ് പാശ്ചാത്യനാടകവിവർത്തനങ്ങളും പാശ്ചാത്യരെ അനുകരിച്ചുകൊണ്ടുള്ള സ്വതന്ത്രനാടകങ്ങളും ഇവിടെ പിറവികൊണ്ടതു്. രചനയിൽ മാത്രമല്ല രംഗസൃഷ്ടിയിലും നാം പാശ്ചാത്യനാടകവേദിയെ അനുകരിക്കാൻ തിടുക്കം കാണിച്ചു. വൈദ്യുതിയും പുതിയ ശബ്ദസാമഗ്രികളും ലഭ്യമായതോടെ സ്റ്റേജിൽ എന്തു് effect ഉം വരുത്താമെന്ന നിലവന്നു. അവതരണത്തിൽ അത്ഭുതകരമായ പുതുമകൾ കൈവരുത്താൻ ഇതുമൂലം സാധിച്ചു ഇന്നു നാം പ്രൊഫഷണൽ— അമേച്വർവേദികളിൽ കാണുന്ന നാടകങ്ങൾ ഒട്ടുമുക്കാലും പൂർണ്ണമായും പാശ്ചാത്യസ്വാധീനത്തിൻെറ ഫലമായി വളർന്നുവന്നവയത്രേ. നമ്മുടെ പരീക്ഷണനാടകങ്ങളടക്കം ഇതിൽ നിന്നു് മുക്തമല്ല.

എന്നാൽ ഭാഷാനാടകം കരുപ്പിടിക്കുന്നതിനു് സഹസ്രാബ്ദങ്ങൾക്കു്മുമ്പ് തന്നെ ഇവിടെ നാടകമുണ്ടായിരുന്നു. ഭാരതത്തിനു് പുരാതനമായ ഒരു നാട്യപാരമ്പര്യമുണ്ട്. നാട്യശാസ്ത്രത്തിലധിഷ്ഠിതമായ ഭാസകാളിദാസഭവഭൂതിമാരുടെ സംഭാവനകൾ കൊണ്ടു് സമ്പന്നമായ ഒരു നാടകാഭിനയപാരമ്പര്യമുണ്ട്. ഭാരതത്തിലെമ്പാടും പ്രേക്ഷകരെ ഉത്സവിപ്പിച്ചുകൊണ്ട് സംസ്കൃതനാടകങ്ങൾ അരങ്ങേറിയിരുന്ന കാലമുണ്ടായിരുന്നു. വിദേശാക്രമണവും നാട്ടുവാഴികളുടെ രക്ഷാകർത്തൃത്വത്തിൻെറ അഭാവവും കാരണം രാജ്യത്തിൻെറ മിക്ക ഭാഗങ്ങളിലും സംസ്കൃതനാടകവേദി നാമാവശേഷമായപ്പോൾ കേരളത്തിൽ ആ പാരമ്പര്യം ഉജ്ജ്വലമായിത്തന്നെ നിലനിന്നുപോന്നു. അതത്രേ നമ്മുടെ കൂത്തമ്പലങ്ങളുടെ രോമാഞ്ചമായിരുന്ന കൂടിയാട്ടം. കൂടിയാട്ടത്തിൻെറ പരിഷ്കൃതരൂപമായ കഥകളി ഇന്നു് ലോകത്തിൻെറ മുന്നിൽ കേരളത്തിൻെറയല്ല ഭാരതത്തിൻെറ കലയാണു്. എന്നാൽ ജന്മനാടായ കേരളത്തിൽ പണ്ടെന്നപോലെ ഇന്നും കൂടിയാട്ടവും കഥകളിയും ഒരു ന്യൂനപക്ഷം ആസ്വാദകരുടെ കുത്തകയത്രേ. സാധാരണക്കാരൻെറ കലയായിട്ടില്ലെന്നർത്ഥം. ആ പഴയ കാലത്തും ഇവിടെ സാധാരണക്കാർ ജാതിഭേദമന്യേ ആസ്വദിച്ചുപോന്ന നിരവധി കലാരൂപങ്ങളുണ്ടായിരുന്നു. കാക്കാരിശ്ശിനാടകം, പൊറാട്ട്കളി, തെയ്യം, തിറ, പടയണി തുടങ്ങിയ നാടൻ കലകളാണവ. ഇവയിൽ തെയ്യം, തിറ, പടയണി തുടങ്ങിയവ തീർത്തും കേരളത്തിൻെറ മാത്രം കലകളാണെന്നു് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. നാടൻ പാട്ടുകളും, നാടൻ വാദ്യസംഗീതങ്ങളും, സ്വാഭാവികനൃത്താഭിനയങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് ഉത്സവപ്പറമ്പുകളിലും ഗ്രാമഹൃദയങ്ങളിലും വിശേഷദിവസങ്ങളിൽ അവതരിപ്പിക്കപ്പെട്ടുപോന്ന ഈ പ്രാചീനകലാരൂപങ്ങളാണു കേരളത്തിൻെറ തനതു് നാടകം. ഭാരതീയനാട്യപാരമ്പര്യത്തിൻെറ ചിലമ്പൊലികൾ കേൾക്കാൻ കഴിയുന്ന ഈ നാടൻ കലകളിലെ നൃത്തശൈലിയും ചമയരീതികളും നമ്മുടെ കൂടിയാട്ടത്തിലും കഥകളിയിലും സ്വാധീനം ചെലുത്തിട്ടുണ്ട്. തൗര്യത്രികാധിഷ്ഠിതമായ (നൃത്തഗീതവാദ്യങ്ങളുടെ ചേരുവ) ഈ രംഗപാരമ്പര്യം നമ്മുടെ പുതിയ പ്രേക്ഷകക്കു് പകർന്നുകൊടുക്കാനുള്ള ചില ശ്രമങ്ങൾ സർക്കാരിൻെറയും അക്കാദമികളുടെയും ഭാഗത്തു് നിന്നുണ്ടായിട്ടുള്ളതു് അടുത്തകാലത്താണു്. ഇതിൽനിന്നും പ്രചോദനമുൾക്കൊണ്ടു് രചനകളിലേർപ്പെടുന്ന ചുരുക്കം ചില വ്യക്തികളിൽ പ്രമുഖനത്രേ കാവാലം നാരായണപ്പണിക്കർ. അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള "തിരുവരങ്ങു്" ഗൗരവബുദ്ധിയോടെ മുന്നോട്ടു് നീങ്ങുന്നുണ്ടെന്നതിൻെറ തെളിവാണു് അവരവതരിപ്പിച്ച മൂന്നു് നാടകങ്ങൾ— സംസ്കൃതനാടകമായ "ഭഗവദജ്ജുക"വും കാവാലത്തിൻെറ കൃതികളായ "ദൈവത്താ"വും "അവനവൻ കടമ്പയും."

ഭഗവദജ്ജുകം

ക്രിസ്ത്വബ്ദം ഏഴാം നൂററാണ്ടിൽ ജീവിച്ചുവെന്നു് കരുതപ്പെടുന്ന ബോധായനൻ രചിച്ച ഭഗവദജ്ജുകം എന്ന പ്രഹസനം സംസ്കൃതരൂപങ്ങളിൽ പ്രാമുഖ്യമർഹിക്കുന്ന കൃതിയാണു്. ചാക്യാന്മാർ "കൂടിയാടി"യിട്ടുള്ള ഈ ദൃശ്യകാവ്യത്തിൻെറ മലയാളത്തിലുള്ള രംഗപാഠം തയ്യാറാക്കിയിട്ടുള്ളതു് കാവാലം നാരായണപ്പണിക്കരാണു്.

അത്ഭുതസിദ്ധികൾ സ്വായത്തമാക്കിയ ഒരു യോഗി (ഭഗവാൻ) യുടെയും വസന്തസേനയെന്ന വേശ്യ (അജ്ജുകി)യുടെയും കഥയാണിതു്. തന്നെ അവിശ്വസിക്കുന്ന ശിഷ്യൻ ശാണ്ഡില്യനെ യോഗി തൻെറ യോഗശക്തികാണിച്ചു് വിശ്വസിപ്പിക്കുകയാണിതിൽ. യോഗിയും ശിഷ്യനും വിശ്രമിക്കുന്ന ഉദ്യാനത്തിൽ സല്ലാപത്തിനായി വസന്തസേനയും സഖിമാരും എത്തുന്നു. അപ്പോഴാണു് ആയുസ്സവസാനിപ്പിച്ച മററൊരു വസന്തസേനക്കു് പകരം യമദൂതൻ സർപ്പരൂപത്തിൽ വന്നു് വേശ്യയുടെ ആത്മാവിനെ ആവാഹിച്ചുകൊണ്ടുപോകുന്നതു്. എല്ലാമറിയുന്ന യോഗീശ്വരൻ വസന്തസേനയുടെ ജഡത്തിൽ

ദൈവത്താർ—വെളിച്ചപ്പാട് മണ്ണാത്തി, കോമാളി, കാലൻ, കണിയാൻ, ബുദ്ധൻ

സ്വന്തം ആത്മാവിനെ പ്രവേശിപ്പിക്കുന്നു. അബദ്ധം പിണഞ്ഞ യമദൂതൻ തിരിച്ചുവരുമ്പോൾ കാണുന്നതു് യോഗിയെപ്പോലെ രൂപമാറ്റം വന്ന വസന്തസേനയെയാണു്. ഗത്യന്തരമില്ലാതെ വസന്തസേനയുടെ ആത്മാവിനെ യമദൂതൻ സ്വല്പനേരത്തേക്കു് യോഗിയുടെ ശരീരത്തിൽ പ്രവേശിപ്പിക്കുന്നു. അതാണു് ക്ലൈമാക്സ്. യമദൂതൻ പിന്നീടു് ആത്മാക്കളെ പരസ്പരം മാററിസ്ഥാപിക്കുന്നതോടെ നാടകത്തിൻെറ "തിരശ്ശീല" വീഴുന്നു.

ആയിരത്തിൽപരം വർഷങ്ങൾക്കുമുമ്പു് രചിക്കപ്പെട്ടതാണെങ്കിലും ഈ കൃതി ഇന്നും പ്രസക്തമാണു്. അക്ഷൈശ്വര്യസിദ്ധിയിൽ ദൃഷ്ടിയുന്നിയ യോഗിയും, വല്ലവീട്ടിലും കാണാതെ കേറിച്ചെന്നു് ബുദ്ധസന്യാസികൾക്കായി ഒരുക്കിവെച്ചിട്ടുള്ള നല്ല ഭക്ഷണം തട്ടണമെന്ന മോഹം മാത്രമല്ലാ ശാണ്ഡില്യനും രണ്ടു് ധ്രുവങ്ങളിലാണു് നില്ക്കുന്നതു്. ഒരാൾ ആത്മീയതയുടെ ഉച്ചാംഗശൃംഗത്തിലും മറേറയാൾ ലൗകികസുഖത്തിൻെറ താഴേപ്പടിയിലും. ഇവരുടെ മദ്ധ്യത്തിലേക്കാനയിക്കപ്പെട്ടുന്ന വസന്തസേനയോടുള്ള അവരുടെ പ്രതികരണവും വിരുദ്ധമാണു്. ഈ സംഘട്ടനം അവസാനിക്കണമെങ്കിൽ ശിഷ്യനിൽ ഗുരുവിനെപ്പററി വിശ്വാസം ജനിച്ചേ പററൂ. ഉപദേശങ്ങളും വേദശാസ്ത്ര പുരാണേതിഹാസങ്ങളിൽനിന്നുള്ള ഉദ്ധരണികളും വിശ്വാസം ജനിപ്പിക്കുന്നതിൽ പരാജയപ്പെടുമ്പോഴാണു് യോഗിമനുഷ്യാതീതമായ ഒരു കർമ്മത്തിനൊരുമ്പെടുന്നതു് — വസന്തസേനയുടെ ജഡത്തിൽ തൻെറ ആത്മാവിനെ കടത്തിവിടുന്നതു്. ലൗകികസുഖമെന്ന ദുഃഖത്തെക്കാൾ തപസ്സിലൂടെ സമാർജ്ജിക്കുന്ന ആത്മനിർവൃതിയാണു് ഉത്തമം എന്നു് സ്ഥാപിക്കുകയാണീ കൃതി. പൊട്ടിച്ചിരിപ്പിക്കുന്ന ധാരാളം സംഭാഷണശകലങ്ങളുണ്ടിതിൽ. വസന്തസേനയുടെ മാദകസൗന്ദര്യത്തിൽ അന്തംവിട്ടുന്ന ശാണ്ഡില്യൻ ദരിദ്രനായ യോഗിയെ നോക്കി നെടുവീർപ്പിടുകയാണു്: "ഹാ! പണക്കാർ എത്ര ഭാഗ്യവാന്മാർ!" കർമ്മമൊട്ടങ്ങിയവരെ തിരിച്ചറിയാത്ത യമദൂതനും, വസന്തസേനയെ ചികിത്സിക്കാൻ വരുന്ന വൈദ്യമറിയാത്ത വൈദ്യനും, പ്രഹസനമെന്തെന്നറിയാത്ത വിദൂഷകനും, യോഗിയെ അവിശ്വസിക്കുന്ന യോഗിശിഷ്യനുമെല്ലാം ഇന്നു പ്രസക്തിയുള്ള കഥാപാത്രങ്ങളാണു്.

പണ്ടു് അരങ്ങേറിയിരിക്കാവുന്ന രീതിയിൽ രംഗാവിഷ്ക്കരണം നടത്തുക മാത്രമാണു് തിരുവരങ്ങു് ചെയ്തിട്ടുള്ളതു്. ഭഗവദജ്ജുകീയത്തിൻെറ അത്യന്തം വിഷമമായ ആട്ടപ്രകാരവും (ക്രിയ, താളം, സ്വരം, വർണ്ണനകൾ തുടങ്ങിയ നിയമങ്ങൾ) ക്രമദീപികയും (വേഷവിധാനം, പാത്രം മാറി അഭിനയം തുടങ്ങിയവ സംബന്ധിച്ച നിയമങ്ങൾ) എത്രത്തോളം അനുസരിച്ചിട്ടുണ്ടെന്നറിയില്ല. നാന്ദീസൂത്രധാരൻെറ അരങ്ങുതളി, വിദൂഷകപ്രവേശം, വിദൂഷകസൂത്രധാര സംഭാഷണങ്ങളിലൂടെ കഥാസൂചന തുടങ്ങിയ സംസ്കൃത നാടകചിട്ടകളോടെയാണു് നാടകമാരംഭിക്കുന്നതു്, ത്രിമൂർത്തികളുടെ സാന്നിദ്ധ്യം കുറിക്കാൻ മൂന്നു് തിരിയിട്ടു് വിളക്കു് കൊളുത്തിട്ടുണ്ടു്. അഭിനയത്തിൽ ലോകധർമ്മിക്കും നാട്യധർമ്മിക്കും തുല്യപോലെ പ്രാധാന്യമുണ്ടീ പ്രഹസനത്തിൽ. കഥാപാത്രങ്ങളുടെ മനോവികാരം പ്രധാനമായും പ്രകടമാകുന്നതു് സംഭാഷണത്തിലൂടെയാണു്. യമദൂതൻ ആശയപ്രകടനത്തിനു് ഹസ്തമുദ്രകൾ ഉപയോഗിക്കുന്നുണ്ടു്.

ദൈവത്താർ

ഒരു കെട്ടുകഥയുടെ ആവിഷ്ക്കാരമെന്നു് പറയാവുന്ന "ദൈവത്താ" (വടക്കെ മലബാറിലെ ഒരു തെയ്യത്തിൻെറ പേരു്) റിൻെറ പശ്ചാത്തലം മാണിക്യഗ്രാമമാണു്. ഗ്രാമത്തിൻെറ പരദേവതയായ മാണിക്യത്തമ്മയുടെ ശരീരവും മനസ്സും ശോഷിച്ച വെളുത്തപ്പാടു്, മാണിക്യത്തമ്മയുടെയും നാട്ടാരുടെയും ഉടയാടകൾ (നാട്ടാരുടെ മനസ്സും!) അലക്കിവെളുപ്പിക്കുന്ന സുന്ദരിയായ മണ്ണാത്തി, നാട്ടുപ്രമാണിശകതൻ, സർവ്വസാക്ഷിയായ കാലത്തെ തൻെറ ഉടക്കിലാക്കി ഗതിവിഗതികൾക്കു് മാദ്ധ്യസ്ഥം വഹിക്കുന്ന കാലങ്കണിയാൻ, ആസകലം ചിരിമാത്രമുള്ള കോമാളിത്തമുതാൻ — ഇത്രയും ജീവൽകഥാപാത്രങ്ങളെക്കൊണ്ടു് കാവാലം സൃഷ്ടിച്ച ആക്ഷേപഹാസ്യം നിത്യനൂതനമായ ഒരനുഭൂതി

മലയാള നോവൽസാഹിത്യത്തിലെ
പ്രഥമപരീക്ഷണം!

മലയാററൂർ രാമകൃഷ്ണൻെറ

തികച്ചും വ്യത്യസ്ഥത പുലർത്തുന്ന
പുതുമയുള്ള നോവൽ

മൃദുലപ്രഭു

അതീന്ദ്രിയനഭസ്സിൻെറ അത്യന്തരങ്ങളിലേക്കു് നിങ്ങളുടെ ബോധമനസ്സിൻെറ നയനങ്ങളെ നയിക്കുന്ന ഈ നോവലിൻെറ കഥാതന്തു മലയാളഭാഷയിലെന്നും പുതുമയുള്ളതായിരിക്കും.

മലയാളനാടിൽ

ഉടൻ പ്രസിദ്ധീകരണമാരംഭിക്കുന്നു.

അമ്മ, മകൻ, തൂക്കുമരം

ഒരു നീഗ്രോകവിത

അഞ്ചുവയസ്സുള്ള മകൻ മരിച്ചപ്പോൾ
അമ്മ അടക്കാനാവാതെ കരഞ്ഞു;
അയൽക്കാരോടിക്കൂടിയപ്പോൾ
അലമുറയിട്ടുകരഞ്ഞു.
കറുത്ത പൂന്തണ്ടുപോലുള്ള ജഡവുമേന്തി
അവർ പോയിക്കഴിഞ്ഞപ്പോൾ
അമ്മ അകമേ സന്തോഷിച്ചു:
പട്ടിണിയുടെ തീയിൽ
വെന്തു ചാവുന്നതിനെക്കാൾ
എത്രയോ ഭേദമാണ്
പനിവന്നു മരിക്കുക!
കറുകറുത്ത മേനിയാകെ
കാണാനാവാത്ത നീലപ്പാടുകളുമായി
തോട്ടത്തിൽനിന്നും അച്ഛൻ
തിരിച്ചെത്തുമ്പോൾ
എന്തു പറയണമെന്നറിയാതെ
അമ്മ നൊന്തുതകി.
അയാളുടെ വാക്കുകൾ ചാട്ടവാർപോലെ
ഓർമ്മയിൽ പുളഞ്ഞുവീണു:
"വിശപ്പിൽ വെന്തുമരിക്കുന്നതിനെക്കാൾ
എത്രയോ ഭേദമാണ്
വെടിയുണ്ടയേററു മരിക്കുക!
അതുകൊണ്ട്,
മരണത്തെ പേടിക്കാത്തവനായി
നമുക്കവനെ വളർത്തണം,
നമ്മുടെ പൊന്നോമനപ്പുത്രനെ ..."

പരിഭാഷ: രാധാമേനോൻ

—o—

വിശേഷമാണ് പകരുന്നത്.

വെളിച്ചപ്പാടിനെ തള്ളിപ്പറയുന്നതിലൂടെ ധനികനും പ്രമാണിയുമായ ശക്തൻ അവഹേളിക്കുന്നത് ശക്തിസ്വരൂപിണിയായ മാണിക്യത്തമ്മയെയാണ്. ശക്തന്റെ ധനപ്രമത്തതക്ക് മുന്നിൽ കാലങ്കണിയും മണ്ണാത്തിയും വെളിച്ചപ്പാടും മുട്ടുകുത്തുന്നതോടെ താടകാമണിശിലമ്പിട്ട് തെളിയും മാണിക്യത്തമ്മതമ്പുരാട്ടിയുടെ ശാപം ഗ്രാമത്തിന്റെ മേൽ പതിയുന്നു:

മണ്ണിൽവിത്ത് മുളക്കാതെപോട്ടെ
മനസ്സിൽ സ്നേഹം തുളിക്കാതെപോട്ടെ
മനുഷ്യസന്തതി, ആട്ടുമാട്ടുസന്തതി
പിറക്കാതെപോട്ടെ.

പേടിച്ചരണ്ട മണ്ണാത്തിക്കും കാലങ്കണിക്കും ശക്തൻ തന്റെ ചാട്ടവാറിൽനിന്നും ധൈര്യത്തിന്റെ തീർത്ഥജലം പകരുന്നു. പുതിയൊരു ദൈവത്തെ കണ്ടുപിടിക്കാനുള്ള ശക്തന്റെ ആജ്ഞ ("നമുക്ക് മനുഷ്യനെ ദൈവമാക്കണം") അവർക്ക് കൈക്കൊള്ളേണ്ടിവരുന്നു. ദൈവത്തെത്തേടിയുള്ള അന്വേഷണം എവിടുന്നോ കേറിവന്ന ഭജനക്കാരൻ ബുദ്ധനിലും, മണ്ണാത്തിയിലും, കോമാളിത്തമ്പുരാനിലും, കാലങ്കണിയിലും കയറിയിറങ്ങി ശക്തനിൽത്തന്നെ അവസാനിക്കുന്നു. ശക്തൻ ഗ്രാമത്തിന്റെ ദൈവമാകുന്നതോടെ എല്ലാ ഐശ്വര്യങ്ങളും ഓടിമറയുന്നു. വരൾച്ചയും ആധിവ്യാധികളും പൈദാഹങ്ങളും പരക്കുന്നു. കഷ്ടപ്പാടിൽ വെന്തുനീറുന്ന ഗ്രാമവാസികളുടെ മനസ്സ് വീണ്ടും തിരിയുകയാണ്. കാലങ്കണിയുടെ നിർദ്ദേശമനുസരിച്ച് ശക്തന്റെ അഭാവത്തിൽ "ദൈവച്ഛായയുള്ള "ഭജനക്കാരൻ ദൈവമായി വാഴിക്കപ്പെടുന്നു. ഒന്നുമറിയാത്ത ഭജനക്കാരൻ താൻ പൂജിക്കപ്പെടുന്ന സ്ഥലത്ത്തന്നെ പൈദാഹശക്തിക്കുപായമില്ലാതെ ചത്ത്വീഴുന്നു. "മരണത്തിൽ ശത്രുവും മിത്രമാകുന്നു" എന്ന യുക്തിയിൽ ശക്തനും ബുദ്ധനെ ദൈവമായംഗീകരിക്കുന്നതോടെ മാണിക്യത്ത് വന്നുചിറന്ന ആ മനുഷ്യൻ ദൈവത്താറാകുന്നു.

ആനുകാലികമനുഷ്യന്റെ മനസ്സിലേക്കു

(ശേഷം 61 ൽ)

നോവൽ രണ്ട്

അവാർഡ്ദാനച്ചടങ്ങ് കഴിഞ്ഞയുടൻ രാഷ്ട്രപതിയും പരിവാരങ്ങളും യാത്രയായി.

മൂന്നുമണിക്കൂർനേരത്തെ കലാപരിപാടികൾക്കുശേഷം അവാർഡുദാനച്ചടങ്ങ് സമാപിച്ചു.

മിസ്റ്റർ നായരും സഹധർമ്മിണി മേരിക്കുട്ടിയും മകളെ കെട്ടിപ്പിടിച്ചു. മൂർദ്ധാവിൽ ഉമ്മവെച്ചു. പലരും നായരെയും കാമിനിയേയും അനുമോദിക്കുന്നുണ്ടായിരുന്നു. നിർമ്മാതാക്കൾ, സംവിധായകർ, വിതരണപ്രമുഖന്മാർ–ടൌൺഹാളിന്റെ ലോബിയിലും ലോണിലും ആരാധകർ കാമിനിയെ വളഞ്ഞു. പ്രകാശധാരയിൽ അവളുടെ ഗളത്തിൽ കിടന്നിരുന്ന വജ്രമാല വെട്ടിത്തിളങ്ങി. ചുററും ആട്ടോഗ്രാഫ് നീട്ടിപ്പിടിച്ചുനിൽക്കുന്ന ആരാധകർ. അവളുടെ കയ്യൊപ്പിനുവേണ്ടി, അവളെ മജ്ജയിലും മാംസത്തിലും ഒരിക്കലൂടെ ദർശിക്കാൻ അവർ പാതിരയാകുന്നതുവരെ വെളിയിൽ കാത്തുനിൽക്കുകയായിരുന്നു.

ആട്ടോഗ്രാഫ്പുസ്തകങ്ങളിൽ എഴുതിയും ഒപ്പിട്ടും മടുത്ത കാമിനി സഹായത്തിനായി നായരുടെനേരേ നോക്കി. അയാൾ മകളെ ജനക്കൂട്ടത്തിൽനിന്ന് ബലമായി അടർത്തിയെടുത്തുകൊണ്ടുപോയി. നാലടി നടന്നില്ല, തോളിൽ ടേപ്പ്റിക്കാർഡറും കൈയിൽ മൈക്രോഫോണുമായി ഒരുപററം പത്രപ്രവർത്തകർ അവരെ എതിരേററു.

"മിസ് കാമിനി, വൺ മിനിററ് ഓൺലി"

നെററിയിലേക്കും കവിൾത്തടത്തിലേക്കും വീണുകിടക്കുന്ന വെട്ടിച്ചുരുക്കിയ, നീജ്വാലകളെ അനുസ്മരിപ്പിക്കുന്ന അളകങ്ങളെ പലവുരു മാടിയൊതുക്കി. അനുമതിക്കായി കാമിനി പപ്പയുടെനേരെ നോക്കി.

"വൺ മിനിററ്, ഓക്കെ?"

"റൈ ററ്"

ടേപ്പ് പ്രവർത്തിക്കാനാരംഭിച്ചു. പത്രപ്രവർത്തകർ ലൈററ്നിംങ്ങ് ഇൻറർവ്യൂനു് തയ്യാറായി.

"യെസ്, മാഡം, ഈ അനർഘനിമിഷത്തിൽ താങ്കൾക്കെന്തുതോന്നുന്നു?

അവളുടെ കോമളവദനം അനുനിമിഷമെന്നോണം, ചുററും പൊതിഞ്ഞ ഫോട്ടോഗ്രാഫർമാർ ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്നു.

അവൾ ഒരുനിമിഷം ആലോചിച്ചുനിന്നു് പറഞ്ഞു:

"മഹാനായ ഐസക്ക്ന്യൂട്ടന്റെ വാക്കുകൾ ഓർമ്മവരുന്നു. പ്രതിഭയാകുന്ന ആഴിയുടെ മണൽത്തിട്ടയിൽ ഒരു വെറും മണൽത്തരിമാത്രമാണ് ഞാൻ. എങ്ങിനെ ഇത്ര കനമേറിയ വാക്കുകൾ എടുത്തു

പെരുമാറാൻ തനിക്ക് കഴിഞ്ഞുവെന്നു് അവർ അത്ഭുതപ്പെട്ടു.

ഒരു പത്രപ്രവർത്തകൻ മിസ് കാമിനിയെ അനുമോദിച്ചു.

"വണ്ടർഫുൾ ആൻസർ മേഡം"

കാമിനി അയാളുടെനേരെനോക്കി പുഞ്ചിരിതൂകി.

"വൺമോർ ക്വസ്റ്റിൻ മേഡം"

"പ്രൊസീഡ്" നായർ തലയാട്ടി

ഏകലവ്യൻ

"നിങ്ങളെന്താണ് വിവാഹിതയാകുക? നിങ്ങളുടെ ആരാധകർ അതിനെക്കുറിച്ച് അറിയാൻ അത്യുത്സുകരാണ്"

ആ ചോദ്യംകേട്ട് കാമിനിയുടെ ഉള്ളം പിടഞ്ഞു, ശരീരം കോരിത്തരിച്ചു.

സൂക്ഷ്മമായ അസ്വസ്ഥത നായരുടെ മുഖത്ത് പ്രതിഫലിച്ചു.

"അവളതിനെക്കുറിച്ച് ഇതുവരെ ചിന്തിച്ചിട്ടേയില്ല. ഇപ്പോൾ അഭിനയത്തിൽ മാത്രമാണ് ശ്രദ്ധ" നായരാണ് മറുപടി കൊടുത്തത്.

"എനി ബോയ് ഫ്രണ്ട്സ് മേഡം!"

കാമിനിയുടെ കണ്ണുകളിൽ നാണം പടർന്നുകയറി, നവവധുവിന്റെ വികാരഭാവത്തോടെ തലകുനിച്ചു.

"വേറെ വല്ല ചോദ്യങ്ങളും?" നായർ മകളുടെ ചുമലിൽ കൈയിട്ടുകൊണ്ടു തുടർന്നു.

"പോകാം മോളെ. കമോൺ."

റോഡിൽ തിങ്ങിനിന്നിരുന്ന ജനക്കൂട്ടം കാമിനിയെ കണ്ടമാത്രയിൽ ആർത്തുവിളിക്കാനാരംഭിച്ചു. ജനക്കൂട്ടത്തിന്റെ മനസ്സറിഞ്ഞ നായർ ഒരു നേതാവിനെപ്പോലെ കൈയുയർത്തി.

ഇമ്പാല കാറിന്റെ പിറകിലെ ഡോർ കാമിനിയുടെ അംഗരക്ഷകൻ ഖാൻ അബ്ദുള്ള ഖാൻ ഭവ്യതയോടെ തുറന്നിട്ടുകൊടുത്തു ഒരുകുപററിനിന്നു.

എങ്ങും ബഹളം. കാറുകൾ സ്റ്റാർട്ടാകുന്ന ശബ്ദം പരസ്പരം നിശാമംഗളങ്ങൾ കൈമാറൽ, ഹസ്തദാനങ്ങൾ.

മിസ്റ്റർ നായരെ ഇതിനകം ഒന്നുരണ്ടു നിർമ്മാതാക്കൾ വട്ടമിട്ടു.

"മിസ്റ്റർ നായർ, മിസ് കാമിനിയെ ഇതാ ഞങ്ങൾ ഇപ്പോഴേ ബുക്ക്ചെയ്തുകഴിഞ്ഞിരിക്കുന്നു."

"ഒരു പടം ഞാനും അനൌൺസുചെയ്യാൻ പോകുന്നു."

നായക്ക് ഈറ പൊടിഞ്ഞു.

"നടുറോഡിൽ പാതിരയ്ക്കാണെടോ നിങ്ങളുടെ ബിസിനസ്സുകാര്യങ്ങൾ. നാളെ വീട്ടിൽവാ. റഷീദ്, വണ്ടി സ്റ്റാർട്ടാക്ക്"

മുൻസീററിൽ നായരും, പിറകിൽ അമ്മയും മക്കളുമിരുന്നു.

"നിങ്ങൾ നമ്മുടെ അടുത്തിരുന്ന സോമമാലിനിയെ സൂക്ഷിച്ചോ?" മേരിക്കുട്ടി ഭർത്താവിനോട് ചോദിച്ചു.

"എന്താ?"

"നമ്മുടെ മോള് രാഷ്ട്രപതിയുടെ പക്കൽനിന്നു് അവാർഡുവാങ്ങുമ്പോൾ അവളുടെ മുഖം കാണേണ്ടതായിരുന്നു. "ഓ! പെണ്ണുങ്ങളുടെ അസൂയ?" നായർ മന്ദഹസിച്ചു. ഇതിനകം ഇൻഡസ്ട്രിയിൽ പ്രസിദ്ധമായ, ചർച്ചിൽ സിഗാറിനു് തീകൊളുത്തിക്കൊണ്ടു പറഞ്ഞു.

"അവളോട് പോയി തുലയാൻപറ. മേരിക്കുട്ടി, മാറും തുടയും കാണിച്ചാൽ അഭിനയമാകുമോ? അല്ലെ റഷീദ്?"

ഡ്രൈവർ റഷീദ് തലയാട്ടി യോജിച്ചു.

"ആകാം സാർ"

"ഇനി അത്ര പെട്ടെന്നൊന്നും നമുക്ക് കരാർപത്രങ്ങളിൽ ഒപ്പിടേണ്ട."

"ങ്ങും, എന്താ?"

"കണ്ട അലവലാതിപ്പടങ്ങളിലൊന്നും ഒപ്പുവെക്കേണ്ടെന്ന്. കഥയും സംഭാഷണമൊക്കെ നോക്കിമതി"

"കറക്ററ്"

"നമ്മുടെ നിരക്കും കൂട്ടണം"

"കാമിനിമോൾ, നിന്റെ മമ്മിയുടെ തലയിൽ ചെളിക്കട്ടയാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. സംഗതി അങ്ങിനെയല്ല.

മേരിക്കുട്ടി കെറുവിച്ചു

"അല്ലെങ്കിലും നിങ്ങൾക്കെന്തു വിലയില്ല"

തുടർന്നു നായരും ഭാര്യയും കലുങ്ങിച്ചിരിച്ചു. ഡ്രൈവർ റഷീദും അംഗരക്ഷകൻ ഖാൻപോലും അവരുടെ സന്തോഷത്തിൽ പങ്കുചേർന്നു.

കാറിന്റെ പിൻസീററിലൊരററത്ത് മടിയിൽ വെച്ചിരുന്ന നടരാജപ്രതിമയെ താലോലിച്ചുകൊണ്ടിരുന്ന കാമിനിയുടെ മനസ്സ് മററവിടെയോ ആയിരുന്നു.

നാളത്തെ പത്രങ്ങളിൽ തന്റെ ചിത്രമുണ്ടാകും. ചിത്രത്തിന്റെ താഴെ തന്നെക്കുറിച്ചുള്ള റൈററപ്പ് കാണും. ഈ ആഴ്ചയിൽ ഇറങ്ങുന്ന സിനിമാ പ്രസിദ്ധീകരണങ്ങളുടെ മുഖചിത്രങ്ങൾ പാതിയും തന്റെയാകും. പിന്നെ റിപ്പോർട്ടർമാരുടെ തള്ളിക്കയററം. അഭിമുഖസംഭാഷണങ്ങൾ. നിർമ്മാതാക്കളുടെ നീണ്ട നിര. തങ്ങളുടെ ബങ്കളാവിന്റെ ഗസ്റ്റ്റൂമിൻ കാത്തിരുപ്പാകും. തങ്ങളുടെ പടങ്ങളിൽ അഭിനയിക്കാനുള്ള അപേക്ഷകളുമായി. ഒരു

കൈയിൽ ചെക്കുകൾ, മറുകൈയിൽ കരാർപത്രങ്ങൾ. കാൾഷീററുകൾക്ക്വേണ്ടി കെഞ്ചും, കാലുപിടിക്കും.

"ഒരുലക്ഷമൊ?" ഒരു പൊട്ടിച്ചിരി.

"മിസ്റ്റർചെട്ടിയാർ. അനന്തകാലത്തിൽ ഇന്ന് ലക്ഷങ്ങളുടെ കണക്ക് പറയ്." തന്റെ പപ്പ വിലപേശും

കാർ ഒന്നു കുലുങ്ങിനിന്നു. ഇത്രയുംവേഗം ബങ്കളാവിൽ എത്തിയൊ?

അലുമിനിയം പെയിന്ററടിച്ച ഗേയ്ററ് അടച്ചിട്ടിരിക്കുന്നു. കാറിന്റെ ഹെഡ്ലൈററിൽ വാപൊളിച്ച് ഗർജ്ജിക്കുന്ന സിംഹത്തലകൾ കാണാം.

"ഗൂർഖാ"

"ജി സാബ്"

"ഗെയിററ് തുറക്ക്"

ഒരു കരച്ചിലോടെ ഗേയിററ് തുറന്നു. കാർ പോകുമ്പോൾ, ചെറിയ കണ്ണുകളും

വട്ടമുഖവുമുള്ള ആ കറിയമനുഷ്യൻ അററൻഷനിൽനിന്നു് പട്ടാളമുറയിൽ സലാം ചെയ്തു.

പോർട്ടിക്കോവിൽ കാർവന്നുനിന്നു. ഖാൻ കാറിൻെറ വാതിലുകൾ തുറന്നുകൊടുത്തു.

"ആർക്കെങ്കിലും വല്ലതും കഴിക്കണൊ സാൻവിച്ചിരുപ്പുണ്ടു്" മേരിക്കുട്ടി തിരക്കി. സുജാത പറഞ്ഞു

"എനിക്കുറക്കംവരുന്നു മമ്മി"

"എന്നാൽ പോയിയുറങ്ങു്"

ഗുഡ്"നൈററ്""

"കാമിനിക്കൊ?"

"എനിക്കും ഒന്നും വേണ്ട മമ്മി. വല്ലാതെ ക്ഷീണം തോന്നുന്നു."

നായർ സ്നേഹമസൃണമായ സ്വരത്തിൽ പറഞ്ഞു "മോളു്പോയി റെസ്റ്റ്ചെയ്യു, നെർവസ്" ടെൻഷൻ കാണും"

"ഇനി നീങ്ങളൊ?" മേരിക്കുട്ടി കടക്കണ്ണിറിഞ്ഞു് ചോദിച്ചു

"എനിക്കു്തിന്നേണ്ടതു് നിന്നെയാണു്""

"ച്ചി, നാണമില്ലല്ലൊ പറയാൻ"

"എന്നാൽ വേണ്ട. എൻെറ സാധനം സെല്ലാറിലുണ്ടു്. വരുന്നെങ്കിൽ വാ. നമുക്കിരുവർക്കും കൂടി പുലരുന്നതുവരെ ആഘോഷിക്കാം."

"ഞാൻ വരുന്നില്ല"

"വാ, മേരിക്കുട്ടി" നായർ ഭാര്യയെ അടക്കിപ്പിടിച്ചു. മേരിക്കുട്ടി മകളുടെ വിജയമാഘോഷിക്കാൻവേണ്ടി ഭർത്താവിനോടൊപ്പം ബൈൻസെല്ലാറിലേക്കു് നടന്നു.

* * *

പുലർച്ച കാമിനിയെ ഉണർത്തിയതു് തുടർച്ചയായി ശബ്ദിച്ച ഫോണിൻെറ മണിനാദമായിരുന്നു

കിടന്നകിടപ്പിൽ, കയ്യെത്തിച്ചെടുത്തു് അവൾ അലക്ഷ്യമായി റസീവറെടുത്തു

"ഹലൊ കാമിനി ഹിയർ"

"ഗുഡ്"മോർണിങ്ങ്"കാമി.സേതുവാണു് ഹാർദ്ദമായ അഭിനന്ദനങ്ങൾ"

വളരെ മധുരസാന്ദ്രമായ ശബ്ദം കാമിനിയുടെ കാതിൽ വന്നലച്ചു. അവൾ പൊടുന്നനെ കമിഴ്ന്നുകിടന്നു, പുഞ്ചിരി തൂകി. പിന്നെ പില്ലോകവറുകൾ ഒന്നിനു് മീതെ മറെറാന്നുവച്ചു് നിവർന്നിരുന്നു്, ടെലഫോണിൻെറ ഹ്ളെക്സിബിൾ വയറിനെ താലോലിച്ചുകൊണ്ടു് ചോദിച്ചു

"മോണിങ്ങു് ഡാർലിംങ്ങു്. അങ്ങെവിടെനിന്നാണു് ഇത്രയും അതിരാവിലെ ഫോൺചെയ്യുന്നതു്?"

"കാമി, ഞാൻ പാതിരതൊട്ടു് ടെലഫോൺചെയ്തുകൊണ്ടിരിക്കുകയാണു്. അപ്പുറത്തുനിന്നു് ആരെങ്കിലും ഒന്നെടുക്കണ്ടെ"

"ഓ ഡാർലിംങ്ങ്, കള്ളം പറയാതെ"

"സോറി. ഉറങ്ങിപ്പോയി"

"ഞാനിപ്പോൾ വിളിക്കുന്നതു് നമ്മുടെ അടുത്തുള്ള ഉഡുപ്പി ഹോട്ടലിൽനിന്നാണു് നമുക്കു് കാറും ഫോണുമൊന്നുമില്ലല്ലൊ"

എന്നെ കളിയാക്കാതെ സേതു.

"സത്യമല്ലെ. പാതിരാവിൽ വിരിയുന്ന കാട്ടുപൂവല്ലെ ഞാൻ"

അങ്ങിനെ പറഞ്ഞെന്നെ നുള്ളിനോവിക്കരുതു് സേതു. എൻെറ സേതു ഒരിക്കൽ അറിയപ്പെടുന്ന കലാകാരനാകും"

ഭാവുകത്തിനു് നന്ദി."

"ഇന്നലെ ഞാനങ്ങയെ ആഡിറേറാറിയത്തിലാകെ തിരഞ്ഞു"

സേതു ചിരിച്ചു

"എന്നെയൊ? പാവപ്പെട്ട, ആരുമോരും അറിയാത്ത എന്നെ ആരു് ക്ഷണിക്കാനാണു് കാമി."

"അതു പറയരുതു്. താങ്കളൊരു അത്ഭുതപ്രതിഭയാണു്." എനിക്കുള്ള അളവററ ആദരവു് ഞാനെങ്ങനെ അങ്ങയെ മനസ്സിലാക്കിത്തരും.

"നല്ല വാക്കുകൾക്കു് നന്ദി. ആററ്"ലിസ്റ്റ്" കാമിയെങ്കിലും എന്നെ തിരിച്ചറിയുന്നുണ്ടല്ലൊ—നോക്കൂ, മറെറന്നാൾ ഈ പാവപ്പെട്ടവൻെറ പടത്തിൻെറ ഷൂട്ടിംങ്ങുണ്ടു്. ഭവതി കൃത്യം സമയത്തെത്തുമല്ലൊ "

"അതെന്താണു് അങ്ങിനെ പറയുന്നതു്? അങ്ങയുടെ പടം കഴിഞ്ഞിട്ടെ വേറെ കാര്യമുള്ളു.

"താങ്ക്"യൂ." ഞാൻ ഫോൺ വെയ്ക്കട്ടെ"

കാമിനിക്കു് പിന്നെയും എന്തെങ്കിലും പറയണമെന്നുണ്ടു്. ഇന്നലെ രാത്രി നടന്ന അഭിമുഖസംഭാഷണത്തെക്കുറിച്ചു് ബോയ്"ഫ്രണ്ട്"സ്, വിവാഹം— എന്നിവയെക്കുറിച്ചുള്ള പത്രറിപ്പോർട്ടർമാരുടെ ചോദ്യങ്ങൾ. പപ്പ കൊടുത്ത മറുപടി.

"കാമി." വീണ്ടും സേതുവിൻെറ ശബ്ദം.

അവൾ ഇമ്പമിയലുന്ന സ്വരത്തിൽ മൂളി.

"ഫോൺ വെയ്ക്കട്ടെ. അനുമതി തരു കാമി."

"ഇത്ര ധൃതിയായൊ.. ഇന്നു് എവിടെ വെച്ചു കാണാം."

ഹോട്ടൽ സിതാരയിൽ—വരുമൊ?"

"വരാം."

"കാത്തിരിക്കും."

അവൾ പുഞ്ചിരി തൂകി സമ്മതം മൂളി.

റിസീവർ ക്രാഡലിൽ വെച്ചപ്പോൾ അവൾക്കു് ദുഃഖം തോന്നി. വില മതിക്കാനാവാത്ത ഒരമൂല്യരത്നം അശ്രദ്ധമൂലം നഷ്ടപ്പെട്ട അതീവദുഃഖം.

തൻെറ അഭിനയജീവിതത്തിൽ എത്രയെത്രയൊ സംവിധായകരും നടന്മാരുമായും ഇടപെഴകിയിട്ടുണ്ടു്. തൻെറ ആദ്യകാലത്തിൽ ഒരു കൊടുങ്കാററിൻെറ ശക്തിയോടെ കടന്നുവന്ന സുരേഷിനോടു പോലും ഇത്രയേറെ അടുപ്പം ഉണ്ടായിട്ടില്ല. പക്ഷെ, സേതുവിൻെറ പടത്തിൽ, അദ്ദേഹത്തിൻെറ ആദ്യത്തെ പടത്തിൽ, അഭിനയിക്കുമ്പോൾ എന്തെന്നില്ലാത്ത ആത്മസംതൃപ്തി തോന്നുന്നു. ഇതാ അപൂർവ്വ സിദ്ധികൾ ആർജ്ജിച്ച ഒരു ചെറുപ്പക്കാരൻ. ഈ മനുഷ്യൻെറ അനുപമമായ കഴിവുകളെ കണ്ടുപിടിച്ചു വിനിയോഗിക്കുവെന്നു് നിർമ്മാതാക്കളോടു പറയാൻ തോന്നുന്നു.

ഇൻറർകോമിൻെറ ബ്സ്സർ ശബ്ദിച്ചു

"ഗുഡ്"മോർണിംങ്ങു് മേഡം."

"മോണിംങ്ങു്."

"ബെഡ്" ടീ മേഡം"

തല്സ്സൽ ഒരു സ്വിച്ചമർത്തിയപ്പോൾ വാതിൽ തുറന്നു: വെള്ളികൊണ്ടു് നിർമ്മിതമായ ട്രെയ്യിൽ, വെള്ളിക്കപ്പുകളിൽ ബ്ളേക്കു് കാഫി, വേലക്കാരി വേലാമ്മാൾ ട്രിപ്പോയ്ൽ കൊണ്ടുവന്നുവെച്ചു.

കാപ്പി മൊത്തിക്കുടിക്കുമ്പോൾ വീണ്ടും ബസ്സർ ശബ്ദിച്ചു.

"യെസ്സ്."

"മോണിംങ്ങു് കാമിനിമോൾ."

"മോണിംങ്ങു് മമ്മി."

"ചന്ദനതൈലമൊഴിച്ച ഇളംചൂടു വെള്ളം തയ്യാറായി മോളെ. മോളുക്കു് കളിക്കാറായോ?"

NBS NEWS

ജി-യുടെ ഗദ്യലേഖനങ്ങൾ

മഹാകവി ജി-യുടെ ആസ്വാദനങ്ങളും നിരൂപണങ്ങളും അഭിപ്രായങ്ങളും പ്രസംഗങ്ങളും 7 ഭാഗങ്ങളായി നിജപ്പെടുത്തി സമാഹരിച്ചതാണു് ഈ കൃതി. എം.എസ്. മേനോൻെറ പ്രൗഢഗംഭീരമായ അവതാരിക. വില 25ക.

നടുവം കവികൾ

പി. കെ. ആര്യൻ നമ്പൂതിരി

നടുവം കവികളെപ്പററി പഠിക്കേണ്ടവർക്കു് ഒഴിവാക്കാൻ വയ്യാത്ത എല്ലാ കാര്യങ്ങളും പ്രതിപാദിച്ചിട്ടുള്ള മികച്ചൊരു കൃതി. ഡോ: എം. ലീലാവതിയുടെ പഠനാർഹമായ അവതാരിക. വില 7ക.

കമനസൂനങ്ങൾ

വരിക്കോലിൽ കേശവനുണ്ണിത്താൻ

പഴയ സംസ്കാരത്തിൽ അടിയുറച്ചുനില്ക്കുകയും അതേസമയം അവയുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയുംചെയ്യുന്ന പ്രൗഢമനസ്സുനായ ഒരു കവിയുടെ മികച്ച 15 കവിതകളാണു് ഇതിലെ ഉള്ളടക്കം.

വില 4ക.

സാമം

വെള്ളായ്ക്കൽ ഗോപിനാഥ്

കേരള സംഗീതനാടക അക്കാദമി സംസ്ഥാനവ്യാപകമായി നടത്തിയ നാടകരചനാമത്സരത്തിൽ സമ്മാനാർഹമായ നാടകം. വില 4ക.

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം– 686001

"ഇപ്പോൾ വേണ്ട മമ്മി. സ്വല്പംകൂടി കഴിഞ്ഞോട്ടെ."

"ഓക്കെ മോൾ."

സ്വീക്രട്ടറി മിസ് ഷൈലജ വരുമ്പോഴും കാമിനി സ്ലീപ്പിംഗ് ഗൌൺ ധരിച്ച് കിടക്കുകയായിരുന്നു.

ഷൈലജ അന്നത്തെ അപ്പോയിൻറ്മെൻറുകൾ വായിച്ചു കേൾപ്പിച്ചു. മൂന്നു ഷിപ്പുകളിലായി അഞ്ചു പടങ്ങൾ നാലു സ്റ്റുഡിയോവുകളിൽ. നാളെ കാലത്ത് പത്തു മണിക്ക് എവർഷൈൻ പ്രൊഡക്ഷൻസിൻെറ ഔട്ട്ഡോർ ഷൂട്ടിംങ്ങ് മൈസൂർ വൃന്ദാവൻ ഉദ്യാനത്തിൽ. എട്ടു മണിക്കുള്ള മോണിംങ്ങ് ഫ്ളൈററിൽ ബാങ്കളൂക്ക് പറക്കണം.

"ഓ നോ—" കാമിനി ഇടയ്ക്ക് കയറി പറഞ്ഞു.

"നാളെ ഒരു ലോ ബഡ്ജറ്റ് പടത്തിൽ അഭിനയിക്കേണ്ടതുണ്ട്. ചെന്നില്ലെങ്കിൽ അവക്ക് നഷ്ടമാകും. അതിനു ശേഷം ബാങ്കളൂക്ക് പോകാം—"

"ഓക്കെ മാഡം" ഷൈലജ മുറിവിട്ടു പോയപ്പോൾ കാമിനി കൈ കുടഞ്ഞെഴുന്നേററു

മകൾക്ക് ലഭിച്ച കഴിവിൻെറ പരമോന്നതമായ അംഗീകാരത്തിൽ നായർ മതിമറന്നാഹ്ളാദിച്ചു. പ്രസിദ്ധി മകളെയും പണം തന്നെയും അകമ്പടി സേവിക്കുന്നു.

അടുത്ത ദിവസം നായരുടെ ഓഫീസിലേക്ക് സുഹൃത്തുക്കളുടെ പ്രവാഹമായിരുന്നു. നഗരത്തിൽ വിവിധ തുറകളിൽ പ്രശോഭിക്കുന്ന സുഹൃത്തുക്കൾ. "കാമിനി നിലയ"ത്തിൻെറ സൈഡിലുള്ള കാർ പാർക്കിൽ കാറുകൾ നിറഞ്ഞുനിന്നു. നിർമ്മാതാക്കൾ, പടം വിതരണക്കാർ, ഫൈനാൻഷ്യയേഴ്സ്, ഹോട്ടലുടമകൾ, നിയമസഭാസാമാജികർ, തൻെറ അണ്ടർ വേൾഡിലെ സുഹൃത്തുക്കൾ— അവർ ഒററയ്ക്കായാലും കൂട്ടമായാലും നായരുടെ എയർകണ്ടീഷൻ ചെയ്ത ഓഫീസിൽ ഒരുമിച്ചുകൂടി. അവർ വന്നിരിക്കുന്നത് കാമിനിക്ക് ഹൃദയംഗമമായ അനുമോദനങ്ങൾ നേരാനാണ്. പക്ഷേ, കാമിനി അവരുടെ ഇടയിലുണ്ടായിരുന്നില്ല. ഒരു ദിവസം പോലും ഒഴിവാക്കാനാവാത്ത വിധം അത്രമാത്രം തിരക്കിലായിരുന്നു.

(തുടരും)

ഒരു കൊല്ലം മുൻപാണെന്നു തോന്നുന്നു എനിക്ക് തിരുവനന്തപുരത്തെ ദേശാഭിമാനി ബുക്ക്സ്റ്റാളിൽനിന്നു് വായിക്കാൻ രസമുള്ള ഒരു പുസ്തകം കിട്ടി; റോബർട്ട് ആർദ്രേ എഴുതിയ The Territorial Imperative. പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ അതു് വില്പനയ്ക്കു വരുത്തിവച്ച അനിയനു് (ശ്രീ. ഇ. എം. എസ്സിൻെറ മകൻ) നന്ദിപറയണമെന്നുതോന്നി. ഞാൻ അദ്ദേഹത്തെക്കണ്ടു കൃതജ്ഞത പ്രകാശിപ്പിച്ചു പക്ഷികളും മൃഗങ്ങളും മനുഷ്യരും തങ്ങൾക്കു തൊട്ടടുത്തുള്ള കുറച്ചു സ്ഥലം സ്വന്തമായി കരുതുന്നുവെന്നു സ്ഥാപിക്കുകയാണ് ബുദ്ധിമാനായ ആ ഗ്രന്ഥകാരൻ. ഉദാഹരണംകൊണ്ടു് ഇതു വ്യക്തമാക്കാം. ഞാൻ ഉദ്യോഗസ്ഥനാണെന്നു കരുതു. ഓഫീസിൽ ഇരിക്കുകയാണ് ഞാൻ. എനിക്കു മുൻപിൽ മേശയുണ്ട്. ആ മേശയുടെ അപ്പുറത്തിട്ടുള്ള കസേരയിൽ ആരെങ്കിലും വന്നിരുന്നു് വർത്തമാനംപറയുന്നതു് എനിക്കിഷ്ടമുള്ള കാര്യമാണ്. എന്നാൽ വരുന്നയാൾ ഞാനിരിക്കുന്ന കസേരയുടെ വലതുഭാഗത്തോ, ഇടതുഭാഗത്തോ വന്നുനിന്നു സംസാരിക്കാൻതുടങ്ങിയാൽ അതു് എനിക്ക് ഇഷ്ടമാവുകയില്ല. കാരണം എൻെറ "ടെറിട്ടറി"യിൽ—സ്വന്തമായി ഞാൻ കരുതുന്ന സ്ഥലത്ത്—അയാൾ കടന്നുവരുന്നു എന്നതുതന്നെ. വന്നുനിൽക്കുന്ന വ്യക്തിയോട് എനിക്കു നീരസമുണ്ടാകുന്നില്ലെങ്കിൽ—എൻെറ സ്വന്തമായ സ്ഥലം ആക്രമിച്ചതിൻെറപേരിൽ ഞാൻ അസ്വസ്ഥനാകുന്നില്ലെങ്കിൽ എനിക്ക് ആ വ്യക്തിയോട് സ്നേഹമാണ് എന്നു മനസ്സിലാക്കാം. സ്നേഹമില്ലെങ്കിൽ ഞാൻ നിശ്ചയമായും അസ്വസ്ഥനാകും വായനക്കാർക്കും ഈ അനുഭവം ഉണ്ടായിരിക്കാൻ ഇടയുണ്ട്. അവർ ബസ്സിൽ സഞ്ചരിക്കുമ്പോൾ ആരെങ്കിലും അടുത്തു ചേർന്നിരിക്കുമ്പോൾ നീരസമുണ്ടാകും. സുന്ദരിയായ യുവതിയാണ് അങ്ങനെ നിൽക്കുന്നതെങ്കിൽ നീരസമില്ലെന്നല്ല, രസമുണ്ടുതാനും. ഈ മനഃശാസ്ത്രതത്വം അറിയാവുന്നതുകൊണ്ടു് ഞാൻ ആരുടെയും "ടെറിട്ടോറിയിൽ" അധികാരത്തെ ലംഘിക്കാറില്ല. മകൾ അവളുടെ ഭർത്താവിനോടൊരുമിച്ച് താമസിക്കുന്ന വീട്ടിൽ ഞാൻ പോയാലും വരാന്തയിൽനിന്നു് ഉള്ളിലേക്കു പ്രവേശിക്കാറില്ല. എൻെറ "ടെറിട്ടറി" ആക്രമിക്കാൻ ആരെങ്കിലും വരുന്നതു് എനിക്കിഷ്ടമല്ല. അന്തസ്സുള്ളവർ ആരും അങ്ങനെ പ്രവർത്തിക്കാറില്ലല്ലോ. എന്നാൽ എൻെറ ഒരു പരിചയക്കാരൻമാത്രം സ്നേഹം ഭാവിച്ച് വീട്ടിലെ അടുക്കളയിൽപ്പോലും മുന്നറിയിപ്പുനൽകാതെ കയറിവരാറുണ്ട്. മുൻവശത്തെ വാതിൽ തുറന്നുകൊട്ടത്താലുടനെ "സാറെവിടെ? കാപ്പികുടിക്കുന്നോ?" എന്നു ചോദിച്ചുകൊണ്ട് അടുക്കളയ്ക്ക് അടുത്തുള്ള മുറിയിലേയ്ക്കു പാഞ്ഞുവരും. അടുത്തു ചേർന്നുനിന്നുകൊണ്ട് "അല്ല, ഇസ്രായേലിയോ? ദോശയോ?" എന്നൊക്കെ ചോദിക്കുകയുംചെയ്യും. ഇത്തരം സംസ്കാരരഹിതന്മാരെക്കൊണ്ടു് റോബർട്ട് ആർദ്രേയുടെ പുസ്തകം വായിപ്പിക്കണം. നല്ല പുസ്തകങ്ങൾ വില്ക്കുന്ന "ദേശാഭിമാനി"പ്രവർത്തകർ Territorial Imperative എന്ന ഗ്രന്ഥത്തിൻെറ പ്രതികൾ ധാരാളം വാങ്ങിവയ്ക്കട്ടെ. ഈ പരിചയക്കാരനെ ഞാൻ അങ്ങോട്ട് അയയ്ക്കാം, ഇല്ലെങ്കിൽ ഞാൻതന്നെ പുസ്തകത്തിൻെറ കോപ്പി വാങ്ങിച്ച് അദ്ദേഹത്തിനു കൊടുക്കാം.

ഈ "പ്രാദേശികാധികാരം" സാഹിത്യത്തിലുമുണ്ട്. എനിക്ക് ഇഷ്ടമുള്ള ഒരാശയം പലതവണ ഞാൻ ആവർത്തിച്ചുകഴിഞ്ഞാൽ അതു് എൻേറതാകും. ആരെങ്കിലും അതുതന്നെ പറഞ്ഞാൽ എനിക്കു വിരോധവുംതോന്നും. ഞാൻ ഇരിക്കുന്ന കസേരയുടെ ഇടതുവശത്തും വലതുവശത്തും ഉള്ള സ്ഥലത്തിനു് എനിക്കു ഒരു "വകാശവുമില്ലല്ലോ. എങ്കിലും എൻെറ മട്ടു് അതല്ല. അതു് സ്വന്തമാണെന്നാണ് എൻെറ ഭാവം. അതുപോലെ പല പരിവൃത്തിപറഞ്ഞു് ഞാൻ എൻേറതാക്കീട്ടുള്ള ആശയത്തിനും എനിക്ക് "ഉടമസ്ഥാവകാശം" ഇല്ല. പക്ഷേ, ബുദ്ധിരഹിതനായ ഞാൻ അതു് സ്വന്തമാണെന്നു കരുതുന്നു. മററുള്ളവർ അതു പറയുമ്പോൾ കോപിക്കുന്നു. ശ്രീ. എസ്. ജി. രവിശങ്കർ മലയാളനാട്ടിലെഴുതിയ "സ്ത്രീകളും പൂച്ചകളും" എന്ന ഭേദപ്പെട്ട ചെറുകഥ വായിച്ചപ്പോൾ "ഹായ്! പെണ്ണുങ്ങൾ പൂച്ചകളെപ്പോലെയാണ്. അവരെ തലോടാൻമാത്രം കൊള്ളാം എന്ന ആശയം എൻേറതാണല്ലോ. ഈ ആശയം രവിശങ്കർ സ്വന്തമാക്കിയിരിക്കുന്നല്ലോ

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

മഹാനായ ആ നിരൂപകൻെറ കഴിവുകളെക്കുറിച്ച് അല്പപ്രഭാവനായ ഞാൻ എന്തിനു പറയണം? കേരളീയർക്കു് അതു എന്നെക്കാൾ നന്നായി അറിയാം. അതുകൊണ്ടു് അക്കാര്യത്തിൽ ഞാൻ മൗനം അവലംബിക്കുന്നു. ഗുരോ അങ്ങയുടെ ഓർമ്മയ്ക്കു മുൻപിൽ ഞാൻ കൈകൂപ്പിനിന്നു കണ്ണീരൊഴുക്കുന്നു. രാത്രി കഴിഞ്ഞാൽ പകലുണ്ടു്. പക്ഷേ അങ്ങയുടെ മരണം ജനിപ്പിച്ച അന്ധകാരം മലയാളസാഹിത്യത്തിൽനിന്നു മാറുകില്ല.

Line Reference Target (RT [illegible] V)

[illegible] ഞാൻ അസ്വസ്ഥനായി. [illegible]ക്കുമ്പോൾ യുക്തി എന്നോടു [illegible]: "ഓയാ, ഈ ആശയം നിന്റേതല്ല. [illegible]ന്റേതുമല്ല. ലോകത്തിന്റെ [illegible]സ്വത്താണ്". കഥാകാരൻ [illegible] വാണ്മയചിത്രമാക്കിയിട്ടുണ്ടോ [illegible] നീ നോക്കിയാൽമതി." [illegible] നന്നിപറഞ്ഞു് ഞാൻ കഥ [illegible] വായിച്ചു. വാണ്മയചിത്രത [illegible]. കഥാകാരനു നന്ദി. ശ്രീ. വി. [illegible] നായർക്കും നന്ദി.

[illegible] കാലത്തു് ടെലിയുടെ ശബ്ദംകേട്ടു. [illegible] ഓടുന്നു. ശബ്ദംകേട്ട സ്ഥലത്തു് [illegible] നോക്കിയപ്പോൾ ഒരു യൂറോപ്യൻ വനിത (സുന്ദരിയാണു് അവൾ) [illegible] വിറച്ചു നില്ക്കുന്നുണ്ടു്. അടു[illegible] ഞാൻ കാര്യമന്വേ[illegible] ഓടിയവൻ മദാമ്മ [illegible]. അവർ അയാളുടെ കര[illegible] ഒരിയും കൊടുത്തു. അപമാ[illegible]ക്കു് ഓടെത്തുമാർഗ്ഗം? [illegible] എന്നെക്കാണാൻവന്ന ഒരു [illegible] ഞാനിതു പറഞ്ഞു കേൾപ്പി[illegible] "ഷേ", ഷേ" എന്നു് [illegible] പറഞ്ഞപ്പോൾ എനിക്കി[illegible] "അവിടുന്നു ശരിയാണെന്നാ[illegible] അഭിപ്രായം?" എന്നു [illegible] ചോദിച്ചു. യുവതി മറുപടി [illegible] "പെർമിഷനോടുകൂടി തൊട[illegible] എന്തെന്നയാണു് പെർമിഷൻ വാ[illegible]" എന്നായി എന്റെ സംശ[illegible]. ഏതായാലും ഞാൻ മൗനം അവലംബി[illegible]ക്കൊണ്ടവൻ ഇങ്ങ[illegible] "രതിയുടെ സൗന്ദര്യം [illegible]" എനിക്കാണു ദേഹത്തിൽ തൊ[illegible] കൊടുത്തോട്ടോ?" ഈ ചോ[illegible] ചോദിച്ചാൽ അപ്പോഴും അടിയുണ്ടാ[illegible]? [illegible] ചോദ്യം. ചുററുമുള്ള [illegible] സ്ഥലമാണെങ്കിൽ ശരീരം കൂടു[illegible]. ഞാനു അടിച്ചു. ശരിത[illegible]. "ഓസ്കാറിയൻ ഇംപററീവ്" [illegible] ചിന്തകനു നമസ്കാരം.

• • •

[illegible]പ്പോൾ സുന്ദരികളായിത്തോന്നു[illegible] [illegible]പ്പോൾ സുന്ദരികളായി

ത്തോന്നാറില്ലെന്നു വിക്തർഹ്യൂഗോ എഴുതിയതായി ഓർമ്മയുണ്ടു്. Sitting beauties are not always walking beauties എന്നാണെന്നു തോന്നുന്ന വാക്യം. യുഗോ പറഞ്ഞതു സത്യമാണു്. എങ്കിലും ഭാഗികമായിട്ടെങ്കിലും അവർക്കു സൗന്ദര്യമുണ്ടല്ലോ. ഇരിക്കുമ്പോൾ സുന്ദരികളായിട്ടുള്ളവർ നടക്കുമ്പോഴും സുന്ദരികളായിരുന്നാൽ നന്നു്; അങ്ങനെയുള്ള സ്ത്രീകൾ ഭാഗ്യമുള്ളവർ. ഇവരിൽ ഉത്കൃഷ്ട ആരാണെന്നു ചോദിച്ചാൽ നടക്കുമ്പോൾ സുന്ദരിയായവൾ എന്നാണു് എന്റെ ഉത്തരം. The goddess is revealed by her walk — ദേവതയെ തിരിച്ചറിയുന്നതു് അവളുടെ നടത്തംകൊണ്ടാണെന്നു് വർജിലും പറഞ്ഞിട്ടുണ്ടു്. നടത്തത്തിന്റെ സ്വാഭാവിക ചലനം ലൈംഗികാകർഷണം ജനിപ്പിക്കുന്നു. ഹാവ്ലക്കു് എലിസിന്റെ Studies in the Psychology of Sex എന്ന മഹാഗ്രന്ഥം വായിച്ചിട്ടു് മുപ്പതുവർഷം കഴിഞ്ഞിരിക്കുന്നു. എങ്കിലും കൃത്രിമമായി ഉണ്ടാക്കുന്ന നിതംബചലനംപോലും പുരുഷന്മാരെ വല്ലാതെ ആകർഷിക്കുമെന്നു് അദ്ദേഹം എഴുതിയിട്ടുള്ളതായി എനിക്കു് ഓർമ്മയുണ്ടു്. സായ്പിനെ അന്വേഷിച്ചുപോകുന്നതെന്തിനു് കാളിദാസന്റെ ദുഷ്യന്തൻ പറഞ്ഞതു് അറിയാമല്ലോ.

അഭ്യുന്നതാ പുരസ്താദവഗാഢാ ജഘന
ഗൗരവാത് പശ്ചാത്
ദ്വാരേ *f* സ്യ പാണ്ഡുസികതേ
പദപങ്ക്തിർ ദൃശ്യതേ *f* ഭിനവാ

[മുൻഭാഗത്തു അല്പം ഉയർന്നും പിറകവശത്തു് ജഘനത്തിന്റെ ഭാരംനിമിത്തം അല്പം താഴ്ന്നതുമായ കാൽച്ചുവടുകൾ ഈ വള്ളിക്കുടിലിന്റെ പ്രവേശനഭാഗത്തായി പുതുതായി കാണപ്പെടുന്നു.] ഇങ്ങനെയുള്ള ശകുന്തള നടക്കുന്നതു കാണാൻ എത്ര ഭംഗിയായിരിക്കും! ശങ്കരാചാര്യർപോലും "ഗജരാജവിരാജിത മന്ദഗതി"യായവളെ കാണാതിരുന്നില്ല നടത്തം ഇത്ര ചേതോഹരമാണെങ്കിൽ സ്ത്രീതന്നെ എത്ര മനോഹരിയായിരിക്കും. അതുകൊണ്ടു സ്ത്രീയെക്കുറിച്ചെഴുതുന്നതെന്തും പുരുഷന്റെ ചലനം

(ശേഷം 49-ൽ)

വളരെക്കാലമായി [illegible] ന്നു അവളുടെ വീട്ടിലേ[illegible] ഒരു വാരാന്ത്യത്തോടടുത്തു് [illegible] യുടെ അവധി കിട്ടിയപ്പോൾ [illegible] ന്നെ ഞാൻനിശ്ചയിച്ചു.

ചുവന്ന എയർബാഗിലു[illegible] മുഷിഞ്ഞ സാരികൾ [illegible] ഇടയ്ക്കിടയ്ക്കു് മുളിപ്പാട്ടു [illegible] ളുകൊണ്ടിരുന്നു, [illegible] ണു് ഞാൻ പറഞ്ഞതു്: "[illegible] വന്നാലോ എന്നാലോ [illegible]"

അവൾ മനസ്സിലാവാതെ [illegible] എന്നെ നോക്കി.

"ഞാൻ കൂടി വരട്ടെ, [illegible]

ഒരു ചാട്ടത്തിനു് [illegible] ത്തെത്തി.

"നീ കാര്യായിട്ടു [illegible] സുനീ...?"

അവളുടെ കണ്ണിൽ [illegible] നിന്നു.

അതെ എന്നു ഞാൻ [illegible]

അവൾ വല്ലാത്ത [illegible] ളുള്ളി.

"നല്ല കുട്ടി. ഇപ്പോഴെങ്കിലാ[illegible] യല്ലോ നിനക്കു്—"

അവളുടെ സന്തോഷ[illegible] ഞാൻ ചിരിച്ചു. അവൾ [illegible] ത്തിൽ എന്നെ നോക്കി.

"നീയെന്നെ പററിക്കാൻ [illegible] ണല്ലേ—"

"അല്ല—ഞാൻ വരുന്നു."

പാർവ്വതി, [illegible] ടെ എന്റെ സാധനങ്ങൾ [illegible] തുടങ്ങി. ഇടയ്ക്കു് അവൾ [illegible] രോന്നു സംസാരിച്ചുകൊണ്ടി[illegible]

"നീയീ ചെറിയ [illegible] തി. വായിക്കാൻ വല്ലതും [illegible] നീയ്?റെക്കോർഡ് [illegible] വരയ്ക്കാൻ? അല്ലെങ്കിൽ [illegible] ദിവസം നമുക്കു [illegible] ചെയ്യാം. പോയിക്കഴിഞ്ഞാ[illegible] ഡും മണ്ണാങ്കട്ടയും— [illegible] ങ്ങൾ പരീക്ഷയ്ക്കു മുമ്പോ[illegible] രുമോ ആവോ. ഈ [illegible] സബ്ജക്ട്ടെടുക്കാണു് [illegible] ത്തെങ്കിൽ ഒഴപ്പി നടക്കാമായി[illegible]—

കഥ

പി.എസ്. നിർമ്മല



ബസ്സിലിരുന്നപ്പോൾ ഞാൻ പാർവ്വതിയോട്ട് അവളുടെ ഗ്രാമത്തെക്കുറിച്ച് വീണ്ടും പറയാൻ ആവശ്യപ്പെട്ടു. അവൾ ചിരിച്ചു!

"കാണാൻ പോകുന്ന പൂരം പറഞ്ഞു കേൾപ്പിക്കണോ—? നമ്മളവിടേയ്ക്കല്ലേ പോകുന്നത്?"

അക്ഷമ ഉള്ളിലൊതുക്കി ഞാൻ ബസ്സിന്റെ ജാലകത്തിലൂടെ പുറത്തേയ്ക്കുനോക്കിയിരുന്നു. മനസ്സിന്റെ ചുവരിൽ നിറയെ പാർവ്വതി വരച്ചിട്ടിരുന്ന ചിത്രങ്ങളായിരുന്നു. ഉയരം കൂടിയ, മുകളിൽ മേഘവും മഞ്ഞുമുറങ്ങുന്ന നീലമലകൾ. താഴ്‌വര. മരക്കൂട്ടങ്ങൾ. ഓലമേഞ്ഞ വീടുകൾ ചെമ്മൺപാതയിലുരുണ്ടുപോകുന്ന കാളവണ്ടികൾ. ഗ്രാമീണസ്ത്രീകൾ ചുള്ളിയൊടിക്കാൻ പോകുന്ന കാട്ട്. ചോലയിലെ ഉരുണ്ട, മിനുസമുള്ള കല്ലുകൾ. പഴക്കംവീണ ക്ഷേത്രങ്ങൾ. മലയടിവാരത്തിൽ താമസിക്കുന്ന വേടന്മാരുടെ പാട്ടുകൾ.

പാർവ്വതിയുടെ വീടും ഓലമേഞ്ഞതാണോ? ആവോ. ധാരാളം മരങ്ങൾ ഉണ്ടെന്ന് അവൾ പറഞ്ഞിട്ടുണ്ട്. മുററം മുഴുവൻ തണൽ വീശുന്ന മരങ്ങൾ. കാട്ട് അവളുടെ വീടിനു സമീപമാണെന്നത് മററൊരാകർഷണീയതയായി എനിക്കു തോന്നി. പാർവ്വതിയെയും കൂട്ടി കഴിയുമെങ്കിൽ കാട്ട് മുഴുവൻ കാണണമെന്ന് ഞാൻ നിശ്ചയിച്ചു. ധാരാളം മാനുകളുണ്ടെന്ന് പാർവ്വതി പറഞ്ഞിരുന്നു. വേടന്മാർ മാനിറച്ചിയുമായി ഗ്രാമത്തിലെത്താറുണ്ട് പോലും. മുയലുമുണ്ടാവാതിരിക്കില്ല. ഒരു മുയൽക്കുട്ടിയെ ഖളർത്തണം എന്ന് ഞാനെത്രകാലമായി ആഗ്രഹിക്കുന്നു!

ഞാൻ കണ്ടിട്ടില്ലാത്ത പാർവ്വതിയുടെ അമ്മൂമ്മയെപ്പററിയും ഞാനോർത്തു. ഒററ കറുത്തമുടിയുമില്ലത്രെ അവരുടെ തലയിൽ. തൊണ്ണൂറ് കഴിഞ്ഞിട്ടുണ്ടാവും എന്നാണ് പാർവ്വതി പറഞ്ഞത്.

പാർവ്വതിയുടെ അമ്മ, അമ്മാവൻ, ചെറിയമ്മ തുടങ്ങിയവരെയും ഞാൻമനസ്സിൽ സങ്കല്പിച്ചു. അവർക്കെല്ലാം ഞാൻ ഭാവനയിൽ ഓരോ മുഖങ്ങൾ നൽകി. പാർവ്വതിയുടെ ഏട്ടത്തിക്ക് ഞാൻ നൽകിയത് പാർവ്വതിയുടെ മുഖത്തോട്ട് സാമ്യമുള്ള ഒരു മുഖമാണ്. അവളേക്കാൾ വണ്ണവും നിറവും ഉണ്ടായിരിക്കും അവർക്കെന്ന് ഞാൻ മനസ്സിലുറപ്പിച്ചു.

—പാർവ്വതി എന്റെഏററവും പുതിയ സുഹൃത്തായിരുന്നു. ധാരാളം സുഹൃത്തുക്കളുണ്ടായിരുന്നിട്ടുപോലും എനിക്ക് പലപ്പോഴും വല്ലാത്ത ഏകാന്തത തോന്നി. ഞാൻ എന്റെ ഒരു സുഹൃത്തിനെയും യഥാർത്ഥത്തിൽ സ്നേഹിച്ചിരുന്നില്ല എന്നു തോന്നുന്നു. ചിലപ്പോൾ ഞാനവരുടെ സാന്നിദ്ധ്യത്തെ വെറുക്കുകപോലും ചെയ്തു. പാർവ്വതി, എന്റെ മററു സുഹൃത്തുക്കളിൽ നിന്ന് വിഭിന്നയായിരുന്നു. ഒരിക്കലും എന്റെ സ്വന്തംലോകത്ത് അലയാൻഎന്നെ അനുവദിച്ചിരുന്നില്ല, അവൾ. എന്തിനെയെങ്കിലും പററി അവൾ എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കും, അതുകൊണ്ടുതന്നെ അവളുള്ളപ്പോൾ ഞാൻ ഏകയാണെന്ന് എനിക്ക് തോന്നാറില്ലായിരുന്നു.

പെട്ടെന്ന്, അവളിപ്പോൾ നിശ്ശബ്ദയാണല്ലോ എന്നോർത്ത് ഞാൻ മുഖം തിരിച്ചു നോക്കി. സീററിൽ ചാരിക്കിടന്ന് അവളുറങ്ങുകയായിരുന്നു. ആ നിമിഷത്തിൽ എനിക്കവളോട് വല്ലാത്ത അടുപ്പം തോന്നി. ഒരു പക്ഷേ, ഇത്രയും നാൾ ഞാൻ കാത്തിരുന്ന "എല്ലാം തികഞ്ഞ" ആ സുഹൃത്ത് തന്നെയായിരിക്കും, അവൾ— ഞാൻ സ്വയം പറഞ്ഞു.

ബസ്സ് നല്ല വേഗതയിൽ പൊയ്ക്കൊണ്ടിരുന്നു. കാററ് മുഖത്തടിച്ചപ്പോൾ എനിക്ക് വല്ലാതെ ഉറക്കം വന്നു. കമ്പികളിൽ തലചായ്ച്ച്, ഞാൻ മയങ്ങി എന്നു തോന്നുന്നു. നമുക്കിറങ്ങാറായി എന്ന പാർവ്വതിയുടെ ശബ്ദം കേട്ട് ഞെട്ടിയുണന്നു, ഞാൻ. ബസ്സിന്റെ അവസാനത്തെ സ്റ്റോപ്പായിരുന്നു അത്. എല്ലാ യാത്രക്കാരും ഇറങ്ങാൻ തയ്യാറാകുകയായിരുന്നു.

ഞാനെന്റെ സഞ്ചി തോളിലേററി പാർവ്വതിയുടെ പിന്നാലെ നടന്നു. ഒരു ചെറിയ കവലയായിരുന്നു, അത്. കുറച്ചു കടകൾ മാത്രമുള്ള, ആൾത്തിരക്കു കുറഞ്ഞ കവല. ഒരു റോഡിലേയ്ക്ക് തിരിഞ്ഞ് നടക്കാൻ തുടങ്ങിയപ്പോൾ ഞാൻ ചോദിച്ചു!

"വളരെ നടക്കാനുണ്ടോ?"

പാർവ്വതി മൂളിയതേയുള്ളൂ. അതിന് ഉണ്ട് എന്നോ ഇല്ല എന്നോ അർത്ഥം നൽകാമായിരുന്നു. പതിവില്ലാതെ നിശ്ശബ്ദയായി അവളെന്താവും ചിന്തിക്കുന്നതെന്ന് ഞാനത്ഭുതപ്പെട്ടു അവളുടെ മൗനം അസാധാരണമായിരുന്നു.

ടാറിട്ട റോഡിൽ നിന്ന് ഞങ്ങൾ വയലിനു നടുവിലൂടെ പോകുന്ന ചെമ്മൺപാതയിലേയ്ക്ക് കയറി. ഇപ്പോൾ ഞങ്ങൾ നേരേ പടിഞ്ഞാറോട്ടായിരുന്നു, നടന്നത്. അഞ്ചുമണിയുടെ സൂര്യൻ ഞങ്ങളുടെ മുഖത്തുതന്നെ പതിച്ചു. വഴിയുടെ ഇരുവശത്തും ധാന്യം വിളഞ്ഞുനിന്ന വയലുകളും കരിമ്പിൻ കാടുകളുമായിരുന്നു. ഗ്രാമത്തിന്റെ സമൃദ്ധി. വയലിന്റെ കരയിൽ വൃക്ഷങ്ങൾ നിറഞ്ഞ തോപ്പുക

ളുടെ നടുവിൽ ഒററപ്പെട്ട വലിയ വീടുകൾ നിന്നു. കുട്ടികൾ ആർത്തുവിളിച്ച് കളിക്കുന്ന മുററങ്ങൾ. വയ്ക്കോൽ കൂനകൾ. കാററിൽ വയ്ക്കോലിൻെറയും പശുത്തൊഴുത്തുകളുടെയും മണങ്ങളോടൊപ്പം വിവേചിക്കാൻ കഴിയാത്ത വിധം സമ്മിശ്രമായ ഏതൊക്കെയോ ഗന്ധങ്ങൾ. ആ കാററ് ആവുന്നത്ര ഉൾക്കൊണ്ടു നടന്നപ്പോൾ ശുദ്ധീകരണം നടത്തിയതു പോലെ തോന്നി, എനിക്ക് ഗ്രാമത്തിൻെറ ഗന്ധം എൻെറ രക്തത്തിൽ ലയിച്ചുചേർന്ന് എനിക്ക് ഉന്മേഷം നൽകി.

വയൽ അവസാനിച്ചപ്പോൾ ഇരുവശത്തും വീടുകളുള്ള ഇടവഴിയിലേയ്ക്ക് ഞങ്ങൾ കടന്നു. പാർവ്വതി അതുവരെയും നിശ്ശബ്ദയായിരുന്നു, ഇത്രനേരം അവൾ ഞങ്ങളിനെ സംസാരിക്കാതിരിക്കാൻ കഴിഞ്ഞുവെന്ന് ഞാൻ അത്ഭുതപ്പെട്ടു. നിശ്ശബ്ദത എനിക്ക് വളരെ പരിചിതമാണ്. ഞാനധികവും സ്വയം സംസാരിക്കാറാണ് പതിവ്. പക്ഷേ, പാർവ്വതിക്കെന്തുപററി? എനിക്കല്പംമുൻപേ നിലത്തുനോക്കിനടക്കുന്ന പാർവ്വതിക്കെന്തു പററി?

പക്ഷേ, പാർവ്വതിയെ ശ്രദ്ധിക്കുന്നതിനേക്കാൾ അപ്പോളെനിക്കു താല്പര്യം ചുററുംനോക്കാനായിരുന്നു. വേലിക്കെട്ടുകൾ ഉള്ളിൽ വീടുകൾ. ഞങ്ങളെ മിഴിച്ചുനോക്കുന്ന ചെറിയ കുട്ടികൾ. കുളിച്ച്, തലമുടി ചീകുന്ന സ്ത്രീകളും ഞങ്ങളെ ശ്രദ്ധിച്ചു. അവരെല്ലാം എനിക്കു പരിചിതരാണെന്ന് എനിക്കു തോന്നി. അവരെ നോക്കി പുഞ്ചിരിക്കാൻ, കുട്ടികളുടെ കവിളുകളിൽ തട്ടാൻ എനിക്കു തോന്നി. പക്ഷേ, പട്ടണത്തിൽ ജനിച്ചുവളർന്നതുകൊണ്ട് ഞാനെൻെറ തോന്നലുകൾ മനസ്സിലൊതുക്കി പുറമെ ഗൗരവംഭാവിക്കാൻ ശീലിച്ചുകഴിഞ്ഞിരുന്നു.

വഴിവക്കിലെ മുളങ്കാടുകൾ പിന്നിലാക്കി ഞങ്ങൾ വീണ്ടും നടന്നു. ഓരോ വളവുതിരിയുമ്പോഴും, കാണുന്ന ഏതെങ്കിലുമൊരു വീട് പാർവ്വതിയുടേതാണെന്ന് ഞാൻ കരുതി. ഏതെങ്കിലും വീടിനു മുന്നിൽ സ്നേഹംനിറഞ്ഞ ചിരിയുമായി പാർവ്വതിയുടെ അമ്മൂമ്മയുണ്ടോ എന്നും ഞാൻ ശ്രദ്ധിച്ചു. ഞങ്ങൾക്കെതിരെ ഒരു പ്രാവശ്യം, എണ്ണയൊലിക്കുന്ന മുടി ചീകിവെച്ച്, തേയ്ക്കാത്ത അലക്കിയ വെള്ള ഷർട്ടിട്ട് ഓടിവന്ന കുട്ടി പാർവ്വതിയുടെ ഏട്ടത്തിയുടെ മകനാണോ എന്നു ഞാൻ സംശയിച്ചു. കുട്ടി അപരിചിതഭാവത്തിൽ പാർവ്വതിയേയും എന്നെയും നോക്കി, വേഗതകുറച്ച് ഓടിപ്പോകുകയും പാർവ്വതി ഒന്നും ശ്രദ്ധിക്കാതെ നടക്കുകയുംചെയ്തപ്പോൾ എനിക്ക് അല്പം നൈരാശ്യംതോന്നി.

ഞങ്ങൾ വീണ്ടും നടന്നു. വീടുകൾ വിട്ട്, വീണ്ടും വയലിലിറങ്ങി ഇത്തവണ വീതികുറഞ്ഞ വരമ്പിലൂടെയായിരുന്നു യാത്ര. കതിർക്കുലകൾ എൻെറ സാരിയിൽ തൊട്ടുരുമ്മി. കുറച്ചു ധാന്യമണികൾ ഊരിയെടുത്ത് കൊറിച്ചു, ഞാൻ. അപ്പോൾ, മനസ്സ് ഒരു പക്ഷിയായി കതിർക്കുലകൊത്തി പറന്നുപോയി. മുകളിൽ തെളിഞ്ഞ നീലനിറമുള്ള ആകാശമായിരുന്നു; കരിമ്പിൻതോട്ടങ്ങൾ എനിക്ക് കൈയെത്താവുന്ന അകലത്തിലും.

പൊക്കംകൂടിയ കരിമ്പുകൾക്കിടയിൽ നിന്നും പുറത്തുവന്നപ്പോഴാണ് നേരം വൈകിത്തുടങ്ങിയതെന്ന് എനിക്കു തോന്നിയത്. സൂര്യനെനോക്കി, ഞങ്ങളേതു ദിക്കിലേയ്ക്കാണ് പോകുന്നതു എന്നു കണ്ടുപിടിക്കാനാണ് പിന്നീട് ഞാൻ ശ്രമിച്ചത്. അസ്തമിക്കാൻ തയ്യാറെടുത്തുകൊണ്ടിരുന്ന സൂര്യൻ ആദ്യം ഞങ്ങളുടെ ഇടതുഭാഗത്തായി, പിന്നെ പുറകോട്ട് നീങ്ങിക്കൊണ്ടിരുന്നു. "ഇനിയും കുറേ ദൂരമുണ്ടോ പാർവ്വതി?"

എനിക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. കാലുകൾ കഴച്ചുതുടങ്ങിയിരുന്നു.

"ഇനിയുമുണ്ട്, വേഗം നടന്നോളൂ. അല്ലെങ്കിൽ ഇരുട്ടിനു മുൻപ് എത്തില്ല." പാർവ്വതി തിരിഞ്ഞുനോക്കിപ്പറഞ്ഞു, അവളുടെ മുഖത്ത് എനിക്ക് അപരിചിതമായ ഒരു ഭാവമായിരുന്നു.

അസ്തമയത്തെ പിന്നിലാക്കി, ചുമലിൽ തൂമ്പയേന്തിയ, ഞങ്ങൾക്കു വഴിമാറിത്തന്ന, കൃഷിക്കാരെ പിന്നിലാക്കി, കൃഷിസ്ഥലങ്ങളും വീടുകളും പിന്നിലാക്കി ഞങ്ങൾ നടന്നു. താരതമ്യേന വിജനമായ ഭാഗത്തേയ്ക്ക് ഒരു കുന്നിൻചരിവിലൂടെയായിരുന്നു, പാത. കാലിപ്പിള്ളേർ കന്നുകാലികളെ വീടുകളിലേയ്ക്ക് തെളിക്കാൻ തുടങ്ങിയിരുന്നു. അതൊരു മേച്ചിൽസ്ഥലമാവും എന്നു ഞാൻ ഊഹിച്ചു കുട്ടികൾ കന്നുകാലികളോട് സംസാരിക്കുകയും ശബ്ദമുണ്ടാക്കുകയുംചെയ്തു. ഒടുവിൽ ആ ശബ്ദങ്ങളും പിന്നിലായപ്പോൾ, ഞങ്ങൾ ഗ്രാമം കടന്ന് വീണ്ടും നടക്കുകയാണെന്ന് എനിക്കു മനസ്സിലായി.

പാർവ്വതി, ഇപ്പോൾ എനിക്കു മുന്നിൽ, നേരേ മുൻപിലേയ്ക്കുനോക്കി നടന്നുകൊണ്ടിരുന്നു. ഞാനും മുന്നിലേയ്ക്കു നോക്കി. അകലെ നീലനിറത്തിൽ ഒരു കുററൻ മലനിരയുണ്ടെന്നതു് ഞാനപ്പോൾമാത്രമാണ് ശ്രദ്ധിച്ചതു്. ഒരുപക്ഷേ, ആ മലയുടെ അടിവാരത്തിലാവും പാർവ്വതിയുടെ ഗ്രാമം—ഞാൻ കരുതി.

അസ്തമയത്തിനുശേഷമുള്ള വെളിച്ചം ഞങ്ങളുടെ പാതയിൽ വീണുകിടന്നു. വൃക്ഷങ്ങളുടെ നിഴലുകളും, പരിസരം വിജനമായിരുന്നതുകൊണ്ട് ഞാൻ തലകുനിച്ചു നടക്കാൻതുടങ്ങി. പാർവ്വതിയുടെ പാദങ്ങളുടെ പുറകുവശം ഞാൻ ശ്രദ്ധിച്ചു. അവളുടെ സാരിയുടെ മഞ്ഞക്കര, ചുവന്ന പാദങ്ങളെ സുന്ദരമാക്കി. എൻെറ തളർച്ചബാധിച്ച കാലുകളുമായി ഞാൻ ആ പാദങ്ങളെ പിന്തുടരുകയായിരുന്നു. തോളത്തെ സഞ്ചിക്ക് ഭാരക്കൂടുതൽ തോന്നി. ഞാൻ ക്ഷീണിച്ചിരുന്നു.

എന്നെങ്കിലും, എൻെറയീ പത്തൊൻപതുവർഷത്തെ ജീവിതത്തിലെന്നെങ്കിലും ഞാൻ കരുതിയിരുന്നോ ഇങ്ങനെയൊരു സന്ധ്യ ഉണ്ടാവുമെന്ന്! ഏതോ അപരിചിതമായ പ്രദേശത്തുകൂടി ഞാൻ പോകുകയാണ്. മുത്തച്ഛനും അമ്മയും അച്ഛനുമുള്ള നഗരം അകലെ എവിടെയോ ആണ്. ഞാനവരിൽനിന്ന് ഓരോ നിമിഷവും അകലുകയാണെന്ന ചിന്ത എന്നെ അൽപ്പാൽപ്പം ബാധിച്ചുതുടങ്ങിയിരുന്നു. സാരമില്ല, പാർവ്വതിയുണ്ടല്ലോ ഞാൻ ആശ്വസിച്ചു.

അപ്പോൾ പെട്ടെന്ന് പാർവ്വതിയുടെ ചുവടുകളും ഞാനുമായുള്ള അകലം വർദ്ധിച്ചുവരുന്നതായി എനിക്കുതോന്നി. ഞാൻ എൻെറ വേഗത വർദ്ധിപ്പിച്ചു. സഞ്ചിയുടെ ഭാരം കാരണം എൻെറ ചുമൽ വേദനിച്ചു. സഞ്ചി ഞാൻ വലത്തേ ചുമലിലേയ്ക്കു മാററി, കഴിയുന്നത്ര വേഗത്തിൽ നടന്നു.

പർവ്വതത്തോട് കൂടുതൽ അടുത്തിരുന്നതുകൊണ്ട് ഞങ്ങളുടെ ഇരുവശത്തും പാറക്കെട്ടുകളും കുററിക്കാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. പനമരങ്ങളുടെ എണ്ണവും ഏറിവന്നു. എവിടെയെങ്കിലും മണ്ണെണ്ണവിളക്കുകൾ കാണുന്നുണ്ടോ എന്നു ഞാൻ ശ്രദ്ധിച്ചു. നാമംജപിക്കുന്ന ശബ്ദത്തിനുവേണ്ടി ഞാൻ കാതോർത്തു. പക്ഷേ, തികച്ചും നിശ്ശബ്ദമായിരുന്നു അവിടം. ചെക്കേറാൻ പോയ പക്ഷിക്കൂട്ടങ്ങളുടെ ശബ്ദംപോലും നിലച്ചു.

പിന്നീട്, സാവധാനം വെളിച്ചം മങ്ങുകയും, രണ്ടുമൂന്നുനക്ഷത്രങ്ങൾ ആകാശത്ത് പ്രത്യക്ഷപ്പെടുകയും ചെയ്തു. അവസ്തമിതാഴെ ഭൂമി മൗനമായിക്കിടന്നു. ഞങ്ങളുടെ ചെരിപ്പുകളുടെ ശബ്ദം മാത്രമേ കേൾക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

"നമുക്കെവിടെങ്കിലും ഇരിക്കാം, പാർവ്വതീ."

കാലുകൾ തളരുകയും വേഗത കുറയുകയും ചെയ്തപ്പോഴാണ് ഞാൻ പറഞ്ഞത്. പാർവ്വതി തിരിഞ്ഞുനോക്കി. ഞാനെന്തോ തെററുപറഞ്ഞതുപോലെയാണവൾ എന്നെ നോക്കിയത്.

"ഇരിക്കേ്യോ? നന്നായി. നേരം ഇരുട്ടുന്നത് കാണാൻ പാടില്ലേ നിനക്ക്? ഇനിയെത്ര ദൂരം പോകേണ്ടിയിരിക്കുന്നു. വേഗം നടന്നോളൂ."

എനിയ്ക്ക് അരിശംവന്നു. അതിലേറെ സങ്കടംവന്നു തൊണ്ട വരണ്ടിരുന്നു. കുറച്ചു വെള്ളംപോലും അടുത്തെങ്ങും കിട്ടില്ല എന്നോർത്തപ്പോൾ ഞാൻ പാർവ്വതിയെ ശപിച്ചു പുറപ്പെടാൻ എനിക്കുതോന്നിയ നിമിഷത്തെ ശപിച്ചു. എൻെറ ജന്മത്തെ ശപിച്ചു.

എന്നിട്ടും, കഴിയുന്നത്ര വേഗത്തിൽ ഞാൻ കാൽ വലിച്ചുവെച്ചുകൊണ്ടിരുന്നു, പാർവ്വതിയുടെ ഒപ്പമെത്താൻ വേണ്ടി. ഒപ്പമെത്തിയില്ലെങ്കിൽ പോകട്ടെ, ഞങ്ങൾ തമ്മിലുള്ള ദൂരം വർദ്ധിക്കാതെങ്കിലുമിരിക്കാൻ. അല്ലെങ്കിൽ അവൾ എനിക്കുവേണ്ടി കാത്തുനിൽക്കാതെ നടന്നുപോകുമെന്ന് എനിക്കു വെറുതെ തോന്നി.

വാസ്തവത്തിൽ, എൻെറ ശരീരത്തിന് സഞ്ചരിക്കാവുന്നതിലേറെ ദൂരം ഞാൻ സഞ്ചരിച്ചുകഴിഞ്ഞിരുന്നു. പാർവ്വതിയാകട്ടെ, ഒട്ടും തളർന്നതായി തോന്നിയില്ല. അവളിപ്പോഴും ആയാസംകൂടാതെ നടന്നിരു

ഐടെക്സ്
സൗന്ദര്യ സാധനങ്ങൾ





EYETEX
REGD.
KAJAL

ARAVIND
LABORATORIES
MADRAS-600 033

AL-MAL 12

ന്നു. ഞങ്ങളുടെ വഴി കൂടുതൽ ദുർഗ്ഗമമായി. കയററങ്ങളും ഇറക്കങ്ങളും. ചില സ്ഥലങ്ങളിൽ വഴിപോലുമില്ലായിരുന്നു. പാർവ്വതിക്കു് വഴിതെററില്ല എന്നുതന്നെ ഞാൻ വിശ്വസിച്ചു.

ചുററും ഇരുട്ടിൻെറ സാന്ദ്രതവർദ്ധിച്ചു വന്നു. കുറച്ചുകൂടി കഴിഞ്ഞാൽ പാർവ്വതിയെത്തന്നെ കാണാൻ കഴിയുമോ എന്നു സംശയിച്ചു, ഞാൻ. എൻെറ കാലു് പലപ്പോഴും കല്ലിൽ തട്ടി. ഒരു മുൾപ്പടപ്പിൽ സാരി ഉടക്കിയപ്പോൾ ഞാൻ പറഞ്ഞു:

"നിൽക്കു് പാർവ്വതീ."

അവൾ നിന്നില്ല. തിരിഞ്ഞുനോക്കി വേഗമാകട്ടെ എന്നു പറഞ്ഞു.

ഞാൻ തിടുക്കപ്പെട്ടു് സാരി മുള്ളിൽനിന്നു് വിടുത്തുവാൻ നോക്കി. തിടുക്കം കാരണം എൻെറ കൈകൾ വിറച്ചിരുന്നു. ഒരിക്കലും എനിക്കതു് വിട്ടുവിക്കാൻ കഴിയില്ലേ എന്നു ഞാൻ സംശയിച്ചു. ഒടുവിൽ സകല ശക്തിയുമെടുത്തു് വലിച്ചപ്പോൾ സാരി കീറുന്ന ശബ്ദംകേട്ടു സ്വതന്ത്രയായ ആശ്വാസത്തോടെ ഞാൻ വേഗം നടന്നു. പാർവ്വതിയുടെ അടുത്തെത്തിയപ്പോൾ എനിക്കു് പരിഭവം ഉള്ളിലൊതുക്കാൻ കഴിഞ്ഞില്ല. "നീയിങ്ങനെ ചെയ്യുമെന്നു് ഞാൻ കരുതിയില്ല. നിനക്കൊന്നു നിൽക്കാൻ വയ്യായിരുന്നോ?" അതുപറയുമ്പോൾ തൊണ്ടയിലെന്തോ തടയുന്നതുപോലെ തോന്നി, എനിക്കു്.

പാർവ്വതി ചിരിച്ചു. അതിൽ പരിഹാസമുണ്ടായിരുന്നു.

"ഇടയ്ക്കു് നിൽക്കാൻ തുടങ്ങിയാൽ അങ്ങെത്തില്ല. എനിക്കു് വീട്ടിലെത്തണം. നുണ്ടു്, കോട്ടോ."

പിന്നെ എനിക്കില്ലെന്നോ? എന്താണവൾ പറയുന്നതിനർത്ഥം? അവളെന്നെ പലതവണ ക്ഷണിച്ചതു് ഞാനോർത്തു. ഇപ്പോൾ ക്ഷണിക്കപ്പെടാത്ത അതിഥിയോടെന്നവണ്ണം അവളെന്നോടു് പെരുമാറാൻ എന്തേ കാരണം?

പാർവ്വതിയുടെ ആ മുഖം എനിക്കു തികച്ചും അപരിചിതമായിരുന്നു. മനുഷ്യർക്കെത്ര മുഖങ്ങളാണു്! എത്ര ഭാവങ്ങളാണു്! നീതന്നെയാണു് വിഡ്ഢി— ഞാൻ സ്വയം പറഞ്ഞു. പക്ഷേ ഞാൻ നിസ്സഹായയായിരുന്നു. അവളെ ചീത്തപറയണമെന്നാഗ്രഹിച്ചാൽപ്പോലും എനിക്കതു് കഴിയുമായിരുന്നില്ല. ഞാനത്രയ്ക്കു് തളർന്നു കഴിഞ്ഞിരുന്നു.

ഒടുവിൽ, എൻെറ കാലുകൾ നടക്കാൻ വിസമ്മതിച്ചപ്പോൾ, ഞാൻ വഴിയിലിരുന്നു.

"എനിക്കു് വയ്യ." ഞാൻ പറഞ്ഞു.

പാർവ്വതി തിരിഞ്ഞുനോക്കി. നിന്നു. ദേഷ്യപ്പെട്ടു.

"ഇനിയെത്ര പോണംന്നു്നിനക്കറിയോ?"

"എൻെറ കാലു് വേദനിക്കുന്നു."

"എനിക്കുംണ്ടു് വേദന. എണീററു നടക്കു്."

അതെനിക്കു് ആലോചിക്കാൻപോലും സാദ്ധ്യമല്ലായിരുന്നു.

"കുറച്ചു് ഇരുന്നിട്ടു പോവാം."

"നീയിരുന്നോളൂ. ഞാൻ ഭാ പോവാണു്."

അവൾ പോകില്ല എന്നു ഞാൻ വിശ്വസിച്ചു. പക്ഷേ അവൾ നടക്കാൻ തുടങ്ങി. രണ്ടു മൂന്നു ചുവടുകൾ വെച്ചിട്ടു് അവൾ തിരിഞ്ഞു നോക്കി.

"നീ വരുന്നില്ലേ?"

മുറിപ്പെട്ട അഭിമാനത്തോടെ, തിളച്ചുപൊന്തിയ അരിശത്തോടെഞാൻ പറഞ്ഞു

"ഇല്ല ..."

അവൾ നടന്നു. കാണാവുന്ന അകലത്തുനിന്നും അവൾ അപ്രത്യക്ഷയായപ്പോൾ എനിക്കു് പെട്ടെന്നു് പേടിതോന്നി. ഞാനൊററയ്ക്കാണു്. ഇരുട്ടിനു് കട്ടികൂടിയിരുന്നു. പകൽപോലും വഴിയറിയാത്ത ഈ സ്ഥലത്തു് രാത്രി ഞാനെന്തുചെയ്യും? "പാർവ്വതി —" ഞാൻ സകലശക്തിയുമെടുത്തു് വിളിച്ചു.

എൻെറ ശബ്ദം മാററാലിപോലുമില്ലാതെ ഇരുട്ടിൽ ലയിച്ചു. ആരും വിളി കേട്ടില്ല.

എന്തുചെയ്യണമെന്നറിയില്ലായിരുന്നു. ചുററും നോക്കാൻപോലും ഭയപ്പെട്ടു്, മുഖംകാൽമുട്ടുകളിലമർത്തിഞാനിരുന്നു.

എപ്പൊഴാണു് ഉറങ്ങിയതെന്നറിയില്ല.

ഉണർന്നപ്പോൾ മണ്ണിൽ കിടക്കുകയായിരുന്നു. തലയുയർത്താൻ എനിക്കു് തോന്നിയില്ല. തലയ്ക്കു് വല്ലാത്ത വിങ്ങൽതോന്നി. കണ്ണുകളടച്ചു് ഞാൻ കഴിഞ്ഞ രാത്രി ഓർക്കാൻ ശ്രമിച്ചു.

പെട്ടെന്നാണു് ആ ശബ്ദം ഞാൻ ശ്രദ്ധിച്ചതു്.

ജലമൊഴുകുന്ന ശബ്ദം.

പുഴയോ?

തളർച്ച വകവയ്ക്കാതെ ആകാംക്ഷയോടെ ഞാനെണീററിരുന്നു. ഒരു പുഴയുടെ സമീപത്തായിരുന്നു, ഞാൻ. പുഴയുടെ അക്കരെ സൂര്യൻ നിന്നു ചിരിച്ചു.

ഏതോ പ്രേരണയാൽ ഞാൻ തിരിഞ്ഞുനോക്കി. എനിക്കു പിന്നിൽ കോട്ടപോലെ നീല മലനിരകൾ നിന്നു. കഴിഞ്ഞ രാത്രി ഞാനീ മലകൾ മുറിച്ചുകടന്നുവെന്നോ? ഞാനത്ഭുതപ്പെട്ടു. സ്വപ്നംകാണുകയാണോ ഞാൻ?

പർവ്വതത്തെ മിഴിച്ചുനോക്കിക്കൊണ്ടിരുന്നപ്പോൾ സാവധാനം, വളരെ സാവധാനം ഒരു സത്യം എൻെറ മനസ്സിലേയ്ക്കു് കടന്നുവന്നു.

എനിക്കു മടങ്ങിപ്പോവാനാവില്ല.

തിരിച്ചുപോകാനുള്ള വഴി കൊട്ടിയടക്കപ്പെട്ടിരിക്കുന്നു.

പെട്ടെന്നു് പാർവ്വതി എൻെറ മനസ്സിലേയ്ക്കു് വന്നു. പുഴ കടന്നു് അവൾ പോയിക്കാണും.

എനിക്കും പോയേ പററൂ.

എനിക്കു് പാർവ്വതിയുടെ ചുവടുകൾ പിന്തുടർന്നേ പററൂ.

നിലത്തുകിടന്ന സഞ്ചി വലിച്ചെടുത്തു് ഞാൻ പുഴയുടെനേരെ നടന്നു. കുറച്ചു നേരം ഒഴുക്കു നോക്കി ഒരു പാറമേൽ നിന്നു. അപ്പോൾ പാറക്കെട്ടിനിടയ്ക്കു് കെട്ടിനിന്ന ജലത്തിൽ എൻെറ രൂപം കണ്ടു് ഞാൻ ഞെട്ടി.

എൻെറ മുഖത്തു് ചുളിവുകൾ വീണിരുന്നു.

എൻെറ കണ്ണുകൾ കുഴിഞ്ഞിരുന്നു.

അമ്പരപ്പോടെ ഞാനെൻെറ മുടി മുന്നിലേയ്ക്കു് വലിച്ചിട്ടു നോക്കി. അതിൽ നിരവധി നരച്ച ഇഴകളുണ്ടായിരുന്നു.

എൻെറ മുഖവും കൈകളും മുട്ടുതൊലി നഷ്ടപ്പെട്ടു് മരത്തോൾപോലെയിരുന്നു:

എനിക്കൊന്നും മനസ്സിലായില്ല.

എൻെറ യുവത്വം എവിടെപ്പോയി?

എൻെറ വർഷങ്ങളെവിടെ?

ഒരു രാത്രിയിൽ എൻെറ കുറേയേറെ വർഷങ്ങൾ ഒന്നിച്ചു് ഞെട്ടറ്റു വീണുവെന്നോ?

പ്രതിമപോലെ നിശ്ചലയായി ഞാൻ നിന്നു. എനിക്കുമുന്നിൽ, ഒന്നും സംഭവിക്കാത്തതുപോലെ പുഴ ഒഴുകി. △△

ഒ. വി. വിജയൻ

ഖസാക്കിന്റെ ഇതിഹാസം

ഒൻപതു്

അതിരുകൾ

അതിരുകളിൽ പട്ടാളക്കാർ കാവൽനിന്നു. കടലോരത്തുകൂടെയും മലയോരത്തുകൂടെയും മരുഭൂമികൾ താണ്ടിയും അതിരുകളെന്ന കാണാവരകൾ കണ്ടുപോയി. രാഷ്ട്രീയനേതാക്കന്മാർ ആ വരകൾ കാണാമായിരുന്നത്രെ എന്നാൽ പട്ടാളക്കാർക്കതു കണ്ടില്ല. കണ്ടിരുന്നെങ്കിൽ അതുപക്ഷേ, അവയ്ക്കുവേണ്ടി മരിയ്ക്കാൻ അവർക്കു കഴിഞ്ഞേല്ലെന്നുവരുമായിരുന്നു. കാരണം, അവരെയ കണ്ടിരുന്ന രാഷ്ട്രീയനേതാക്കന്മാർ അവയ്ക്കുവേണ്ടി മരിയ്ക്കാറില്ലല്ലോ." പട്ടാളക്കാർക്കു കാണാവുന്ന അതിരുകൾ സ്വന്തം വീടുകളുടെ അതിരുകൾമാത്രമായിരുന്നു. ആ അതിരുകൾക്കകത്താവട്ടെ, പരിഭവം ചോരയും വിജനതയുമല്ല, പെണ്ണുങ്ങളും കുട്ടികളും സ്നേഹവുമായിരുന്നു. ആ അതിരുകൾക്കുവേണ്ടിയാവട്ടെ, അവർ ജീവിക്കാൻ കൊതിച്ചു.

മലമുടിയിൽ ചൂടില്ലാത്ത ഉദയമാണ്. മഞ്ഞുകാററിൽ രണ്ടു പട്ടാളക്കാർ ഒരു വലിയ പാറയുടെ നെറുകയിൽ ഇരുന്നു. സുന്ദരനും ഇരുപതുവയസ്സു തികഞ്ഞിട്ടില്ലാത്തവനുമായ ഷ്യൂണിയും ഷ്യൂണിയെക്കാൾ പ്രായം കൂടുന്ന ആരൂദത്തനും ദൂരദർശിനിയിലൂടെ മാറിമാറി നോക്കുകയായിരുന്നു.

"പാവം പെൺകുട്ടി", ഷ്യൂണി പറഞ്ഞു.

"ഷ്യൂണി", ആരൂദത്തൻ പറഞ്ഞു. "അവൾ നമ്മുടെ ശത്രുവാണു."

തോക്കുപ്പായത്തിൽ നഷ്ടപ്പെട്ട ആ പെൺകുട്ടിയുടെ ഉടലിനെ മനസ്സിൽ കാണ്മാൻ ഷ്യൂണി ശ്രമപ്പെട്ടു. ഹൂണന്മാരുടെ പെണ്ണുങ്ങൾക്കു ചെറിയ മുലകളും ചെറിയ യോനീമുഖങ്ങളുമായിരുന്നത്രെ. അവളുടെ ചെറിയ ചീനക്കണ്ണുകൾ അയാൾക്കു ചന്തം തോന്നി.

"ഈ ശത്രുതയില്ലായിരുന്നെങ്കിൽ", അയാൾ പറഞ്ഞു, "അങ്ങേ മലയിൽ ചെന്നു് നമുക്കവളെ സ്നേഹിക്കാമായിരുന്നു."

ഷ്യൂണി ദൂരദർശിനി നിലത്തുവെച്ചു. ദൂരദർശിനിയില്ലെങ്കിൽ അവളെ കണ്ടുകൂടാ. കാഴ്ചപ്പാടിൽ മഞ്ഞും മഞ്ഞിനുമുകളിൽ അവിടവിടെ തെളിഞ്ഞ മലമുടികളുമാത്രമേ ഉണ്ടായിരുന്നുള്ളു.

"തണുക്കുന്നു", ഷ്യൂണി പറഞ്ഞു.

"എന്റെ ചൂടുകുപ്പിയിൽ ചായയുണ്ടു്", ആരൂദത്തൻ പറഞ്ഞു.

അവർ ചായ പങ്കിട്ടു കുടിച്ചു.

"കയ്പ്പുള്ള ചായ", ഷ്യൂണി പറഞ്ഞു.

"എന്തുചെയ്യാം", ആരൂദത്തൻ പറഞ്ഞു. "നല്ല തേയില നാം കയററിയയ്ക്കുന്നു. വിദേശനാണ്യം നേടുന്ന ഇനമല്ലേ ചായ."

"ശരിയാണു്", ഷ്യൂണി പറഞ്ഞു. "ഈ ത്യാഗമൊക്കെ സഹിച്ചില്ലെങ്കിൽ നാം സത്യഗ്രഹികൾ എന്തിനു കൊള്ളും? സേനാപതിമാരും ഈ ചായതന്നെയാവും കുടിയ്ക്കുന്നതു്, അല്ലേ?"

"എന്തോ, അറിഞ്ഞുകൂടാ."

സംഭാഷണം ഒക്കാപ്പുറത്തായിരുന്നു ആ വഴിയ്ക്കു തിരിഞ്ഞതു്. എന്തോ, രണ്ടുപേരും അസ്വസ്ഥരായി. ആ ചായയുടെ കയ്പ്പോർത്തു് ഷ്യൂണി പിന്നെയും അറച്ചു. അതു മറക്കാനായി അയാൾ ദൂരദർശിനിയുയർത്തി മഞ്ഞിൽ തിരഞ്ഞു. അവൾ പൊയ്മുഖമിഞ്ഞിരുന്നു. വെറുപ്പോടെ ദൂരദർശിനി നിലത്തുവെച്ചു് വീണ്ടും ആ കയ്പ്പിനെ നുണഞ്ഞിറക്കി. ആ നിമിഷത്തിന്റെ പൊരുൾ ഇപ്പോൾ തെളിയാൻ തുടങ്ങി. പണ്ടു് തന്റെ അമ്മാവന്റെ വീട്ടിൽവെച്ചു് കുടിച്ച ചായയുടെ ഓർമ്മയാണു്. ഹൂണനഗരമായ സനദുവിൽനിന്നു് കള്ളക്കടത്തുകാർ എത്തിച്ചുകൊടുത്ത വിശിഷ്ടമായ പച്ചത്തേയില. സമർഖണ്ടിൽനിന്നു വരുത്തിയ അത്തരുകൾ അതിൽ തളിച്ചിരുന്നു. പൊന്നിൽക്കൊത്തിയ ചഷകങ്ങളിൽ അമ്മാവന്റെ സുന്ദരിയായ വെപ്പാട്ടി ചായ പകർന്നു. വിദ്യയഭ്യസിയ്ക്കാൻ കൂട്ടാക്കാതെ കുട്ടിക്കാലത്തു നാടുവിട്ടതായിരുന്നതത്രെ അമ്മാവൻ. പണ്ഡിതനായ മുത്തച്ഛൻ അമ്മാവനെച്ചൊല്ലി ദുഃഖിച്ചിരുന്നത്രെ. ഏതായാലും അമ്മാവൻ കുടുധികം സമ്പന്നനേടി. അയാൾ ധർമ്മപുരിയിലെ ഏററവും വലിയ വണിക്കായിത്തീർന്നു. കല്ലുവർഷം മുറ്റായിരിക്കുന്നതിനടിൽ നടന്ന ഹൂണയുദ്ധത്തിൽ പട്ടാളത്തിന്റെ ദൂരഭാഷിണിക്കമ്പികൾക്കു മരക്കാലുകൾ എത്തിച്ചുകൊടുത്ത കരാറിലായിരുന്നത്രെ അയാൾ ആദ്യമായി പണം നേടിയതു്. ആ യുദ്ധം ഒരുമാസമേ നീണ്ടുള്ളു. ഒരുമാസത്തെ യുദ്ധത്തിൽ പതിനായിരം പട്ടാളക്കാർ മരിയ്ക്കുകയും കരാറുകാരൻ പണ്ടുകോടി വരാഹൻ നേടുകയുംചെയ്തു. അമ്മാവന്റെ കൊട്ടാരങ്ങളിൽ വിലപിടിച്ച പരവതാനികളും അപൂർവ്വശില്പങ്ങളും വിവിധദേശങ്ങളിൽനിന്നും തെരഞ്ഞെടുത്ത വെപ്പാട്ടിമാരും ഉണ്ടായിരുന്നു. അയാളുടെ ആതിഥേയത്വമനുഭവിക്കാൻ മന്ത്രിമാരും ചിലപ്പോഴൊക്കെ രാഷ്ട്രപതിതന്നെയും വരുക പതിവായിരുന്നത്രെ.

"ഞങ്ങൾക്കു സഹിച്ചില്ല", ആ കഥയൊക്കെ ഷ്യൂണി ആരൂദത്തനോടു തുടരുമ്പോൾ പറഞ്ഞിരുന്നു. "പാരായണജപികളായ ഞങ്ങളുടെ കുടുംബത്തിൽ പണം എന്നും വർജ്ജ്യമായിരുന്നു. ധനമായ പരമ്പരകളുടെ ശ്രുതിയിലും സ്മൃതിയിലും വളർന്നവരായിരുന്നു ഞങ്ങൾ. അമ്മാവന്റെ ദുരന്തം ഞങ്ങളെ ദുഃഖിപ്പിച്ചു. മക്കളേ, അവന്റെ വഴി വേറെയാണു്", മുത്തച്ഛൻ ഞങ്ങളോടു പറഞ്ഞു; ആ വഴിയ്ക്കു നിങ്ങളുടെ കണ്ണുകൾ പതറാതിരിക്കട്ടെ. ഞങ്ങളുടെ കണ്ണുകൾ പതറിയില്ല. ഞങ്ങൾക്കു ആ ബന്ധം മുറിഞ്ഞു. ഞങ്ങൾക്കു ഞാൻ വെറുക്കാത്ത പട്ടാളക്കാരനായി."

ഒരുമാസത്തെ യുദ്ധത്തിലാണു് അത്രയും പണമുണ്ടായതു്. ഒരുകൊല്ലമെങ്കിലും യുദ്ധം നീണ്ടിരുന്നെങ്കിലെന്നു് അമ്മാവന്റെ വെപ്പാട്ടിമാർ ആശിച്ചു

ധർമ്മപുരാണം

രുന്നു. ഏതായാലും അമ്മാവൻ പിന്നെയും പണമുണ്ടാക്കി; വെള്ളപ്പൊക്കത്തിൽ, വരൾച്ചയിൽ, പഞ്ഞത്തിൽ, മഹാമാരിയിൽ—

"ആര്യദത്താ", ഘ്ലണി പറഞ്ഞു, "എൻെറ ചെറിയ അനുജത്തിയുടെ കൈകോർത്തുപിടിച്ചുകൊണ്ടു് ഒരു സന്ധ്യയ്ക്കു് തിരകളില്ലാത്ത ഒരു കടലിൻെറ കരയിലൂടെ നടക്കാൻ എനിക്കു തോന്നുന്നു."

ആര്യദത്തൻ ഘ്ലണിയുടെ കൈപ്പടങ്ങൾ കൂട്ടിപ്പിടിച്ചു. ആര്യദത്തൻ ഒന്നും പറഞ്ഞില്ല. ഘ്ലണിയുടെ മനസ്സു് എവിടെയോ ആയിരുന്നു. അതിനെ ശല്യപ്പെടുത്തിക്കൂടാ.

സൂര്യൻ പ്രകാശിച്ചു. ഘ്ലണിയുടെ കവിളുകൾ ആ പ്രകാശത്തിൽ തുടുത്തു.

"ഇവിടെ വർഷങ്ങൾ കഴിയുന്നു", ഘ്ലണി പറഞ്ഞു. "ഞാൻ പട്ടാളക്കാരനായ അന്നു് അമ്മാവൻ എനിയ്ക്കൊരു ഭിനന്ദനമയച്ചു. അതെന്നെ ഇന്നും അസ്വസ്ഥനാക്കുന്നു. ആര്യദത്താ, നാം ആർക്കുവേണ്ടിയാണു് കാവൽനിൽക്കുന്നതു് "

ഘ്ലണിയുടെ മനോവ്യഥയിൽ അയാളുടെ മുഖം കൂടുതൽ സുന്ദരമായി. ചുണ്ടുകൾ കൂടുതൽ സ്നിഗ്ദ്ധങ്ങളായി പെട്ടെന്നു് ഘ്ലണിയെ വാരിപ്പുണർന്നു് ആര്യദത്തൻ ചുണ്ടിൽ ഉമ്മവെച്ചു. ഘ്ലണിയുടെ കണ്ണുനിറഞ്ഞു. ആര്യദത്തൻ ആ കൺപീലികളിൽ ഉമ്മവെച്ചു.

ചുററിലും പരന്ന ഗാഢശൂന്യതയിൽ ഘ്ലണി ആര്യദത്തൻെറ മാറിൽ വിശ്രമിച്ചു. ഉള്ളിൽ നിറഞ്ഞ ഏതോ ഒലിവിൽ ആര്യദത്തൻ ഘ്ലണിയെ വിളിച്ചു, "വരൂ."

അവർ കൂടാരത്തിൽ കേറി. ആദരവോടെ ആര്യദത്തൻ ഘ്ലണിയുടെ പട്ടാളച്ചട്ടകൾ അഴിച്ചെടുത്തു മാററിവെച്ചു.

"വരൂ," ആര്യദത്തൻ പറഞ്ഞു.

അവർ കെട്ടിപ്പിടിച്ചുകൊണ്ടുകിടന്നു. അതിൻെറ ചൂടിലും മാധുര്യത്തിലും പരിവർത്തനം പ്രാപിച്ച ഘ്ലണി ആര്യദത്തനെ ആഴത്തിലാഴത്തിൽ ഉമ്മവെച്ചു... ഉടലുകൾ ശമിച്ചപ്പോൾ അവർ വീണ്ടും കപ്പായമിട്ടു് അതിരിൽവന്നു കാവലിരുന്നു. അവർ വീണ്ടും പട്ടാളക്കാരായി.

"എൻെറ ഭാര്യ മന്ദാകിനിയെ ഘ്ലണി കണ്ടിട്ടുണ്ടോ?" ആര്യദത്തൻ ചോദിച്ചു.

"ഇല്ല. പക്ഷെ അവളുടെ ചായച്ചിത്രം നിങ്ങൾ എനിയ്ക്കു കാണിച്ചുതന്നിട്ടുണ്ടല്ലോ. അവൾ സുന്ദരിയാണു്."

"ആറുകൊല്ലം അവളെ തനിയെ വിട്ടു് ഞാനിവിടെ കാവൽനിന്നു—"

"ദുഷ്ടന്മാർ!" ഘ്ലണി പറഞ്ഞു.

"ഘ്ലണി!" ആര്യദത്തൻ ആവലാതിപ്പെട്ടു. "എന്താണിപ്പറയുന്നതു്?"

"അറിഞ്ഞുകൊണ്ടുതന്നെ പറയുകയാണു്," ഘ്ലണി പറഞ്ഞു. "നമ്മെ ഇവിടെ കാവൽനിർത്തുന്നവർ എവിടെക്കഴിഞ്ഞുകൂട്ടുന്നുവെന്നു് ആര്യദത്തൻ ചിന്തിച്ചിട്ടുണ്ടോ? അവർ അവരുടെ കൊട്ടാരങ്ങളിൽ പാർത്തുവരുന്നു! അവിടെ രാത്രിയുടെ ഇരുട്ടില്ല, മഞ്ഞുകാററുകളില്ല. അവിടെ മെത്തകളിൽ വിശ്രമിച്ചുകൊണ്ടു് അവർ നമ്മെ യുദ്ധം ചെയ്യിയ്ക്കുന്നു. അതുപോരാഞ്ഞു്, കയ്യോ കാലോ ലിംഗമോ മുറിഞ്ഞുപോയാൽ, ജളത്വം നോക്കണേ, നമുക്കു് വീരശൃംഘലകൾ തരുകയുംചെയ്യുന്നു."

"ഘ്ലണി!"

"എന്നെ തടയാതിരിയ്ക്കുക... സത്യഗ്രഹം നശിയ്ക്കട്ടെ അതിൻെറ പേർ യുദ്ധമെന്നാണു്."

"ഘ്ലണി, ഘ്ലണി," ആര്യദത്തൻ പറഞ്ഞു, "നാം ഇങ്ങിനെ കയത്താലോ? ആരെങ്കിലും അതിരുകളെ കാത്തെങ്കിലല്ലേ പററൂ?"

"ആരും കാക്കേണ്ട. എന്തിനെയാണു കാക്കുന്നതു്? എൻെറ അമ്മാവൻെറ കൊട്ടാരത്തെയോ, അവിടത്തെ വെപ്പാട്ടികളെയോ?"

ശത്രു അതിരുലംഘിച്ചാലോ. ഘ്ലണി?"

"ലംഘിയ്ക്കട്ടെ. ഈ മണ്ണും പാറയുമല്ലേ? എനിയ്ക്കതിൽ ചേതമില്ല."

"രാഷ്ട്രം—"

"ഞാൻ രാഷ്ട്രമല്ലല്ലോ—"

"ഘ്ലണി!"

"നോക്കൂ, ആര്യദത്താ, ഞാൻ ഞാനാണു്."

തെളിയുന്ന വെയിലിൽ തൻെറ ഉടയാടകളഴിഞ്ഞു് സ്വന്തം ശരീരത്തെ നോക്കി സ്വയം കാണലിൽ ആബദ്ധനായി ഘ്ലണി നിന്നു.

"ഞാൻ എന്താണു്, ആര്യദത്താ?"

ഘ്ലണിയുടെ കൈകൾ പക്ഷിയുടെ ചിറകുകളായി. ഇരിപ്പിടം നർത്തകിയുടെ ചന്തിയായി. തുടകൾ ഹരിഹരന്മാരുടെ വിളനിലമായി. ഘ്ലണി ചിരിച്ചു.

"ആര്യദത്താ, നോക്കൂ, ചുണ്ടുകൾ ചിരിയ്ക്കാനുള്ളതാണു്."

ആര്യദത്തൻ ആ ചുണ്ടുകളെ മുത്തി.

"ആര്യദത്താ, ചുണ്ടുകൾ സ്നേഹത്തിൻെറ നനവുപകരാനുള്ളതാണു്."

ചുണ്ടുകൾ ആ സ്നേഹത്തിനടിയിൽ വിടർന്നുനനഞ്ഞു. ഒരുപാടുനേരം അങ്ങിനെ ചുംബനത്തിൽ, ആലിംഗനത്തിൽ കഴിഞ്ഞു. മലയുടെ വിജനതയ്ക്കു മുകളിൽ സൂര്യൻ തെളിഞ്ഞു പ്രകാശിച്ചു.

"വരൂ," ആര്യദത്തൻ പറഞ്ഞു. "ഇവിടെ തണുത്ത കാററു്. നമുക്കു കൂടാരത്തിലേയ്ക്കു പോകാം."

ഘ്ലണിയുടെ സ്നിഗ്ദ്ധതയിലും പരിവർത്തനത്തിലും മുഴുകി ആര്യദത്തൻ കിടന്നു. തണുത്തു മിനുത്ത ശരീരം ഉടനീളം സ്പർശിച്ചു. ചന്ദനംപോലെ, പൊന്നുപോലെ ഒളിപൂണ്ട ഘ്ലണിയുടെ പാർശ്വങ്ങൾ അയാൾ കണ്ടു. അയാൾ നിറവേററപ്പെട്ടു.

പുറത്തു്, അനന്തമായ വിജനത. മലയുടെ അനന്തപാർശ്വങ്ങൾ. അവയ്ക്കു മുകളിൽ തണുത്തതും തെളിമയേറിയതുമായ സൂര്യൻ. ഇപ്പോൾ, ആ മലയും വിജനതയും സ്നേഹിയ്ക്കുന്ന ശരീരങ്ങളുടെതാണു്. സംഭോഗത്തിൻെറ നിറഞ്ഞ തൃപ്തിയിൽ ആ മലയെയും താഴ്‌വരയെയും ആര്യദത്തൻ സ്നേഹിച്ചു.

അവർ വീണ്ടും പാറപ്പുറത്തു നിന്നപ്പോൾ സൂര്യൻ ഉച്ചകോടിയിലാണു്. അകലെ, അകലെ, ശത്രുവിൻെറ കൂടാരങ്ങൾ മഞ്ഞിൽ നിശ്ശേഷം നഷ്ടപ്പെട്ടുകിടന്നു.

ഘ്ലണി ഒരുപാടുനേരം ആ മഞ്ഞിലേയ്ക്കു നോക്കിക്കൊണ്ടുനിന്നു. എന്നിട്ടു് തോക്കെടുത്തു് താഴ്‌വരയുടെ ആഴത്തിലേയ്ക്കെറിഞ്ഞു. ഒരു നിമിഷം മാത്രമേ ആര്യദത്തൻ അമ്പരന്നു നിന്നുള്ളു. അയാളും തോക്കു വലിച്ചെറിഞ്ഞു.

നീലമലയും നീലക്കാററും. ഈശ്വരാ, ആര്യദത്തൻ പറഞ്ഞു, ഈ അതിരുകളിൽ ശരീരങ്ങൾ പരസ്പരം മുറിപ്പെടുത്താതിരിയ്ക്കട്ടെ. ശരീരങ്ങൾ സഫലങ്ങളാവട്ടെ

കൈകോർത്തുപിടിച്ചുകൊണ്ടു് ഘ്ലണിയും ആര്യദത്തനും മലയിറങ്ങി.

(തുടരും)

—o—

ആ കാബറെ നർത്തകിയുടെ വയറു കുലുങ്ങി. അരക്കെട്ടും നിതംബങ്ങളും മുകളിലേക്കും താഴേക്കും വൃത്താകൃതിയിലും ഒരു കുശവന്റെ ചക്രംപോലെ തിരിഞ്ഞു.

അവൾ കുറേസമയം കൂടി നൃത്തംചെയ്തു. അതവസാനിച്ചതു് നഗ്നങ്ങളും മാംസളങ്ങളുമായ തുടകളുടെ ഭ്രമണത്തോടും സ്തനങ്ങളുടെ വിറയലോടും കൂടിയാണ്.

നൃത്തം "അവസാനിച്ചു"വെന്നു പറയുന്നതു ശരിയല്ല. "മിഡ്"-സെഷൻ" (Mid Session) എന്ന വാക്കുപയോഗിക്കുന്നതാണു കൂടുതൽ നന്നു്. ലൈംഗികമായി ഒരു വിസ്ഫോടനാന്തരീക്ഷം സൃഷ്ടിച്ചതിനുശേഷം അവളൊരു കത്തിയ "മെഴുകുതിരി" കൈയിലെടുത്തു.

"മെഴുകുതിരി" യഥാർത്ഥത്തിൽ ഒരു ടോർച്ചായിരുന്നു— വണ്ണവും നീളവുമുള്ള ഒരു മെഴുകുതിരിയുടെ ആകൃതിയിൽ ഉണ്ടാക്കപ്പെട്ടതു്. ഏകദേശം രണ്ടിഞ്ചു വിസ്താരവും ഒരടിയിലധികം നീളവും, അതിന്റെ ഒരററത്തു് ജ്വാലപോലെ ഒരു ബൾബ്.

ഹാളിലെ പ്രകാശം വീണ്ടും കുറഞ്ഞു. ആദ്യം ഡ്രമ്മിൽനിന്നും പുറപ്പെടുന്ന അധികം ഉച്ചത്തിലല്ലാത്ത ശബ്ദം മാത്രമേ ഉണ്ടായിരുന്നുള്ളു. തുടർന്നു സാക്സോഫോണിന്റെ (saxo phone) വികാരോദ്ദീപകമായ നിശ്വസവും പുറപ്പെട്ടു.

കൈമണിശബ്ദം ഉയർന്നപ്പോൾ അവൾ തന്റെ കൈയിലിരുന്ന ടോർച്ചുതെളിച്ചു. അതു തലോടിക്കൊണ്ടു് അവൾ നൃത്തം ചെയ്തു. പതുക്കെ, എന്നാൽ വളരെ വിദഗ്ദ്ധമായി, ആ മെഴുകുതിരിയുടെ മിക്കവാറും മുഴുവൻ ഭാഗവും യോനിക്കുള്ളിലേക്കു കടത്തി.

സംഗീതം ഉച്ചസ്ഥായിയിലേക്കുയർന്നു! അവളുടെ ജഘനങ്ങൾ ആദ്യം ഇടത്തോട്ടും പിന്നീടു വലത്തോട്ടും ചലിച്ചു. അരക്കെട്ടിന്റെ ചലനം വളരെ വേഗത്തിലായി. ഇപ്പോൾ മെഴുകുതിരിവെളിച്ചം അന്തരീക്ഷത്തിൽ ബന്ധിച്ചുനിർത്തിയിരിക്കുന്ന ഒരു പ്രകാശരേഖപോലെ നമുക്കു തോന്നും.



ഒരവസാനചടങ്ങെന്ന നിലയിൽ അവൾ കാണികളുടെയിടയിൽ ഒരു പുരുഷന്റെ സമീപത്തേക്കു ചെന്നു. "മെഴുകുതിരി" എടുത്തുമാററാൻ അവൾ അയാളോടാവശ്യപ്പെട്ടു.

കാബറെകളിലുള്ള ഭ്രമം ഇപ്പോൾ വളരെ വർദ്ധിച്ചിട്ടുണ്ട്. ചില കലാകാരികൾക്കു് നൃത്തം വളരെയൊന്നും വശമില്ല. എന്നാൽ നിതംബചലനങ്ങൾകൊണ്ടും ഉരസലുകൾകൊണ്ടും മററു വേലത്തരങ്ങൾകൊണ്ടും ആ പോരായ്മ അവർ നികത്തിക്കൊള്ളും. കാണികളുടെ സമീപം ചെന്നു് ജഘനങ്ങളും സ്തനങ്ങളും മുട്ടിയും അവരുടെ വായിൽ സിഗററുവച്ചുകൊടുത്തും മദ്യം കുടിപ്പിച്ചും അവർ ആ കൃത്യം ഭംഗിയായി നിർവ്വഹിക്കുന്നു.

മററുചില സ്ഥലങ്ങളിൽ ഇതിനേക്കാളൊക്കെ വളരെയധികം കാബറെ നർത്തകികൾ ചെയ്തുകാണിക്കാറുണ്ട്.

കാണികളിലൊരാളെ വലിച്ചിഴച്ചുകൊണ്ടുപോയി നർത്തകിയും അയാളും ചേർന്നു നടത്തുന്ന ആഭാസനൃത്തമാണു് അവസാനത്തെ മഹത്തായ പരിപാടി.

വെറും തമാശയ്ക്കുവേണ്ടി കാബറെ നർത്തകി പുരുഷന്റെ കോട്ടും ഷർട്ടും അടിവസ്ത്രങ്ങളും ഊരിക്കളയാറുണ്ട്. "വിശുദ്ധസൂത്രം" (holy thread) ധരിച്ചിട്ടുണ്ടെങ്കിൽ അതുപോലും എടുത്തു മാററിക്കളയും.

പരിപാടിപരമകാഷ്ഠയിലെത്തുമ്പോൾ നർത്തകി പ്രകോപനപരമായ രീതിയിൽ തന്റെ നഗ്നങ്ങളായ മുലകളും മററു ഭാഗങ്ങളും ചലിപ്പിക്കുന്നു.

ഈ പെൺകുട്ടികൾ പുരുഷന്മാരെ കിടക്കറയിൽ സചീകരിക്കുവാൻ കഴിവും സന്നദ്ധതയുമുള്ളവരാണോയെന്നു വായനക്കാർക്കു സംശയമുണ്ടായേക്കാം. ഒട്ടും സംശയം വേണ്ട. അവർ അത്തരക്കാരാണ്. വളരെ വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്നും ഇതിനുവേണ്ട തെളിവുകൾ എനിക്കു കിട്ടിയിട്ടുണ്ട്.

ആഹാരവും പാർപ്പിടവും ഉൾപ്പടെ പ്രതിമാസം മൂവായിരം രൂപമുതൽ അയ്യായിരം രൂപവരെ കാബറെ നർത്തകികൾക്കു ലഭിക്കുമെങ്കിലും പരിപാടികൾക്കുശേഷം പലരും "വൻതുകകൾ" സമ്പാദിക്കാറുണ്ട്. ഒരു രാത്രിക്കു് മുന്നൂറു രൂപയാണു് ഏററവും കുറഞ്ഞ ചാർജ്ജ്. ഒരു രാത്രിയെന്നുവച്ചാൽ ഏതാനും മണിക്കൂറുകളെന്നർത്ഥം. കാരണം മിക്കവാറും കാബറെ നൃത്തങ്ങൾ രാത്രി ഒരുമണി കഴിയാതെ അവസാനിക്കാറില്ല.

ചില ആളുകൾ പറയുന്നതു് കാബറെ നർത്തകികളിൽ ഭൂരിഭാഗവും വേശ്യകളായിരുന്നവരാണെന്നാണ്. അഥവാ വേശ്യകളായിരുന്നില്ലെങ്കിൽത്തന്നെ വളരെ വേഗം അങ്ങിനെയായിത്തീർന്നുകൊള്ളും.

പക്ഷേ, കാബറെ നർത്തകികളെ നിന്ദിക്കാനൊരുമ്പെടുന്നതിനുമുമ്പ് അവരും മനുഷ്യജീവികളാണെന്നും രണ്ടും വിലകെട്ട ജീവികളല്ലെന്നും നാം ഓർമ്മിക്കേണ്ടതുണ്ട്.

അധിക്ഷേപങ്ങളെ അവർക്കു മിക്കവാറും നേരിടേണ്ടിവരുന്നു. അവരെ സംബന്ധിച്ചിടത്തോളം മാന്യതയ്ക്കു വളരെവേഗം അപകടമരണം സംഭവിക്കുന്നു. പലപ്പോഴും ശാരീരികപീഡനങ്ങൾക്കും അവർ വിധേയരാവുന്നു. ഉദാഹരണമായി—

ഒരിക്കൽ ഒരു നർത്തകിയുടെ മുലയിൽ ഒരു ഫോർക്ക് ഒരാൾ കുത്തിയിറക്കി.

ഒരുത്തിയുടെ കൈ ഒരു മദ്യപൻ കടിച്ചുമുറിച്ചു.

മറെറാരാൾ "മെഴുകുതിരി" വലിച്ചെടുക്കുന്നതിനു പകരം അതു് അകത്തേയ്ക്കു തള്ളിക്കയററി; യോനിയിൽ നുള്ളി നോവിച്ചു.

ഈ സംഭവങ്ങളിൽ പെൺകുട്ടികൾക്കു ചികിത്സയ്ക്കു വേണ്ടുന്ന ചെലവുകൾ മാനേജുമെൻറു കൊടുത്തില്ലെന്നു മാത്രമല്ല, മുറിവേററതിനാൽ നൃത്തംചെയ്യാൻ കഴിയാതിരുന്ന ദിവസങ്ങളിലെ ശമ്പളംപോലും അവർ വെട്ടിക്കുറയ്ക്കുകയുംചെയ്തു.

ഇതൊക്കെയാണെങ്കിലും ബോംബെയിലെ കാബറെ നർത്തകികളെ നയിക്കുന്നതു് പിമ്പുകളും യാർമാരുമല്ല. അവർക്കു സ്വന്തം കാമുകരും ബോയ്ഫ്രണ്ട്സുമുണ്ട്. അവർ ചിലപ്പോൾ ഏജൻറന്മാരായും പ്രവർത്തിക്കുന്നു. ചില പെൺകുട്ടികൾ തങ്ങളുടെ ഏജൻറന്മാരെ വിവാഹംചെയ്തിട്ടുള്ളവരാണ്.

കൊളാബാവാല

"പിമ്പും യാറും ജീവിക്കുന്നതു് പെൺകുട്ടികളുടെ വരുമാനം ചൂഷണംചെയ്താണ്. എന്നാൽ ബോയ്ഫ്രണ്ടോ ഏജന്റോ അങ്ങനെയല്ല ജീവിക്കുന്നതു്." ഒരു കാബറെ നർത്തകി എന്നോടു പറഞ്ഞു. എന്നാൽ മററനേകം നർത്തകികളെ കാണുകയും സംസാരിക്കുകയുംചെയ്തതിൽനിന്നും ഈ പ്രസ്താവന എല്ലായ്പ്പോഴും ശരിയല്ലെന്നു് എനിക്കു ബോദ്ധ്യപ്പെട്ടു.

പിമ്പുകളും യാർമാരും സർവ്വഭാഗ്യതുകളിയിലും മയക്കുമരുന്നു വില്പനയിലും മററു റാക്കററുകളിലും വ്യാപൃതരായിരിക്കും. ജോലിചെയ്യാൻ കൊള്ളുകയില്ലെന്ന അവസ്ഥാവിശേഷമുണ്ടായാലല്ലാതെ പെൺകുട്ടികളെ തങ്ങളുടെ ജോലിയിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ അവരൊരിക്കലും അനുവദിക്കാറില്ല.

നഗ്നതാപ്രദർശനം നടത്തുകയില്ലെന്നു പ്രഖ്യാപിക്കുന്ന വെസ്റ്റേൺ സ്റ്റൈൻ റസ്റ്റാറൻറുകളിൽ കാബറെ ഒരു വിഷമഘട്ടത്തെ അഭിമുഖീകരിക്കുകയാണ്. പതിവു സന്ദർശകരുടെ പെട്ടെന്നുള്ള ഗണ്യമായ കുറവാണു് ഇതിനു കാരണം. ഇക്കാരണത്താലോ ഏതോ സദാചാരപാലകരു

ടെ പരാതിയിന്മേലോ കുറച്ചുനാളുകൾക്കു മുമ്പ് ബോംബെ പൊലീസ് അനേകം കാബറെനർത്തകികളെ അറസ്റ്റുചെയ്യുകയുണ്ടായി.

എന്നാൽ പെൺകുട്ടികളെ അറസ്റ്റുചെയ്യുന്നതും അവരെ നിയമക്കോടതികളിൽ കുററക്കാരാണെന്നു തെളിയിക്കുന്നതും രണ്ടും രണ്ടാണ്. ഉദാഹരണമായി "മുലകൾ കൈകളിലെടുത്ത് നൃത്തംചെയ്യുക" തുടങ്ങിയ അസഭ്യപ്രവൃത്തികൾക്കുവേണ്ടി കാബറെ നർത്തകികളെ പൊലീസ് പ്രോസിക്യൂട്ടുചെയ്തപ്പോൾ കോടതി അവരോട് അനുതപിക്കുകയാണു ചെയ്തത്. കാരണം, പ്രധാനപ്പെട്ട, "സ്വതന്ത്രനായ" പ്രോസിക്യൂഷൻസാക്ഷിക്ക് കഠിനമായ ക്രോസ്വിസ്താരത്തെ അതിജീവിക്കുവാൻ കഴിഞ്ഞില്ല.

മാത്രമല്ല, മിക്കവാറും കേസുകളിൽ ഭക്ഷണംകഴിക്കുന്നവർക്ക് ഉപദ്രവമുണ്ടാക്കിയെന്നുള്ളതിന് യാതൊരു തെളിവും കണ്ടെത്തിയില്ല. അങ്ങിനെ എല്ലാവരേയും വെറുതേവിട്ടു.

ഇതിനുശേഷം കാബറെ നൃത്തങ്ങൾ ഒട്ടും കൂസലില്ലാതെ നടത്താൻ തുടങ്ങിയിട്ടുണ്ട്. ഉത്സാഹികളായ ചില ഹോട്ടലുടമകൾ ഉച്ചഭക്ഷണത്തിനുള്ള ഇടവേളകളിൽപ്പോലും കാബറെ നൃത്തങ്ങൾ നടത്താൻ തുടങ്ങി. അവ യഥാർത്ഥത്തിൽ വികാരവിജ്റംഭിതങ്ങളും കാമോദ്ദീപകങ്ങളും ആയിരുന്നു.

ഭക്ഷണംകഴിക്കാൻ വരുന്നവർക്കു ശല്യമുണ്ടാക്കാത്തവിധത്തിൽ കാബറെനൃത്തം പരിഷ്കരിക്കാതിരുന്നാൽ അവ പൂർണ്ണമായും നിരോധിക്കുമെന്ന ഒരു ഭീഷണി ഒടുവിൽ ഗവൺമെൻറു പുറപ്പെടുവിച്ചു. അതിനാൽ ഹോട്ടലുകളുടേയും റസ്റ്റോറൻറുകളുടേയും അസ്സോസിയേഷൻ പ്രതിനിധികൾ മഹാരാഷ്ട്ര ഗവൺമെൻറിലെ ആഭ്യന്തരവകുപ്പുമന്ത്രിക്ക് ഒരു "സ്വഭാവ നടപടിക്രമം" (code of conduct) ആവിഷ്കരിച്ചു സമർപ്പിച്ചു. തത്വത്തിൽ ഈ നടപടിക്രമം ഇപ്പോഴും നിലവിലുണ്ട്. അസ്സോസിയേഷനിലെ എല്ലാ അംഗങ്ങളും ഈ പടപടിക്രമം അനുസരിക്കുന്നുണ്ടെന്നാണ് വയ്പ്.

— വിവ: എം. ജി. കെ. നായർ

(തുടരും)

മാർത്ത നിലക്കണ്ണാടിക്കു മുൻപിൽ നിന്ന് ഒരുങ്ങുകയായിരുന്നു. റോസ്നിറമുള്ള സാററിൻെറ അടിപ്പാവാടയും റോസ്നിറമുള്ള ബ്ളൗസും ധരിച്ച് അവളെത്തന്നെ നോക്കിനിന്ന അവളുടെ പ്രതിരൂപത്തിൻെറ ആകാരസൗഷ്ഠവത്തെക്കുറിച്ച് അവൾക്ക് മതിപ്പും തൃപ്തിയും തോന്നി. പതിവിനു വിപരീതമായി അവൾ മുടി രണ്ടായി പിന്നിയിട്ടിരുന്നു. മുടിയിൽ വലതുഭാഗത്തു തിരുകിയ റോസാപ്പൂവ് തൻെറ വേഷവുമായി ചേരുന്നുണ്ട്. ഐബ്രോ പെൻസിലെടുത്ത് അവൾ പുരികം ഒന്നുകൂടി കറുപ്പിച്ചു. ലിപ്സ്റ്റിക്കിട്ട ചുണ്ട് ഒന്നു കടിച്ചമർത്തി. നെററിയിൽ റോസ്നിറത്തിൽ ഒരു കുറിതൊട്ടു എന്നിട്ട് റോസ്നിറമുള്ള ജോർജററ് സാരിയെടുത്ത് വളരെ ശ്രദ്ധയോടെ ഉടുക്കാൻ തുടങ്ങി.

ഈനാഴ്ചയുടെ ലോകം-7

സാരി ഉടുക്കുമ്പോഴും അവൾ തൻെറ ബോസ്സിനെ ഓർക്കുകയായിരുന്നു. അയാളുടെ ബുദ്ധികുശലതയോടും സാമർത്ഥ്യത്തോടും ഉള്ള മതിപ്പിനെക്കാൾ ഉപരിയായിരുന്നു അവൾക്ക് അയാളുടെ മനുഷ്യത്വത്തോടും സ്നേഹപൂർണ്ണമായ പെരുമാററത്തോടുമുള്ള ഇഷ്ടം. ഫയലെടുത്തുകൊണ്ട് മുറിയിലേയ്ക്കു പൊയ്ക്കൊള്ളാൻ അയാൾ ആജ്ഞാപിച്ചപ്പോൾ ആ മുഖത്ത് പ്രകടമായ ഗൗരവം അവളെ അമ്പരപ്പിച്ചുകളഞ്ഞു, തളർത്തിക്കളഞ്ഞു, ദുഃഖിപ്പിച്ചുകളഞ്ഞു. ഇപ്പോൾ ചിരിവരുന്നു. കള്ളൻ! വല്ല തെററും വന്നിട്ടാണോ വഴക്കുപറഞ്ഞതെന്നറിയാൻവേണ്ടി ഫയൽ തുറന്ന് നോക്കിയപ്പോഴാണ് കള്ളത്തരം മനസ്സിലായത്. വാസ്തവത്തിൽ അതൊരു പരോക്ഷമായ താക്കീതായിരുന്നുവെന്നു മാർത്തയ്ക്കു തോന്നി. താൻ തെററുചെയ്തു. രതികുമാറിൻെറ കാര്യം കേട്ടപ്പോൾ താൻ തന്നെത്തന്നെ മറന്നു. തൻെറ കർത്തവ്യം മറന്നു. ബോസ്സ് പലപ്പോഴും പറഞ്ഞിട്ടുള്ള ഒരു വാചകം മാർത്ത ഓർത്തു: "മാർത്താ, ഏതു ചുററുപാടിലും സ്വന്തം കർത്തവ്യം മറക്കാത്തവർക്കേ ജീവിതത്തിൽ വിജയിക്കാൻ കഴിയൂ." അപ്പോൾ, താൻ ചെയ്തതു കുററമായിരുന്നു. പക്ഷേ അതിനുള്ള ശിക്ഷയുടെ രീതി അവളെ അമ്പരപ്പിച്ചു. ഫയൽ തുറന്നു നോക്കി, ഒപ്പിട്ട കണ്ണുകൾ കണ്ടപ്പോഴാണ് മാർത്തയ്ക്കു ആശ്വാസമായതു്. ആശ്വാസം സന്തോഷമായി. സന്തോഷം ചിരിയായി. പക്ഷേ, ചിരിച്ചപ്പോഴും നേരിയ ഒരു ഇളിഭ്യത തൻെറ ഉള്ളിൽ നുരയിട്ടിരുന്നില്ലേ?

അതു് ഇപ്പോഴുമുണ്ട് എന്നവൾക്കു തോന്നി.

തൻെറ ബോസ്സിനെപ്പോലെ ഇത്ര വലിയ ഒരു മനുഷ്യൻ ആഫീസിൽനിന്നു പോവുന്നതിനുമുൻപ് തൻെറ മുറിയിലേക്കു കടന്നുവന്നതു് അവളെ അത്ഭുതപ്പെടുത്തി. ആഫീസ്കാര്യം പറയാനല്ല ആ മനുഷ്യൻ വന്നതു് എന്നതാണ് അവൾക്കു കൂടുകൽ വിസ്മയത്തിനു കാരണമായതു്.

ഉടയുന്ന വിഗ്രഹങ്ങൾ

പിള്ള പറഞ്ഞു: "മാർത്താ, രതികുമാർ ഗസ്റ്റ്ഹൗസിലാണ് താമസിക്കുന്നതു് വൈകിട്ട് എട്ടുമണിക്കെത്തും. എട്ടെട്ടരയാവുമ്പോൾ ആരെയെങ്കിലും കൂട്ടുകാരെയും കൂട്ടിക്കൊണ്ടു വന്നോളൂ. ഞാൻ അവിടെ ഉണ്ടാവും. വണ്ടിഅയക്കാൻ ഞാൻ കൃഷ്ണൻനായരോടു പറഞ്ഞേക്കാം."

ആരെങ്കിലും അങ്ങനെവന്നു പറയുമോ? മാർത്ത തന്നോടുതന്നെ ചോദിച്ചു. തൻെറ കീഴ്ജീവനക്കാരുടെ വ്യക്തിഗതമായ ആഗ്രഹങ്ങൾക്കും താല്പര്യങ്ങൾക്കും ഇത്ര പ്രാധാന്യം കൊടുക്കുന്ന ഒരു ബോസ്സ് വേറെ ലോകത്തുണ്ടാവില്ലെന്ന് അവൾക്കു ബോദ്ധ്യമുണ്ടായിരുന്നു. പെട്ടെന്ന് അവളുടെ ഉൾക്കണ്ണുകളിൽ അയാളുടെ രൂപം തെളിഞ്ഞു. അടുത്തനിമിഷത്തിൽ അവൾ അന്ധാളിച്ചു: ഞാൻ ഈ മനുഷ്യനെ സ്നേഹിക്കുന്നുണ്ടോ?

അവൾ സാരിയുടുത്തുകഴിയും മുൻപുതന്നെ ഗീത എന്ന കൂട്ടുകാരി ഒരുങ്ങി, കടന്നുവന്നു. അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഓ, എന്തൊരൊരുക്കമാടീ ഇതു്? പെണ്ണിനെ കണ്ടാൽ കൊതിതോന്നും. ഇന്ന് രതികുമാർ നിന്നെ അടിച്ചോണ്ടുപോയതു തന്നെ. പിന്നെ പാവം പിള്ളസാറിനു സെക്രട്ടറി ഇല്ലാതാവും."

"പോടീ, കളിയാക്കാതെ." മാർത്ത ചൊടിച്ചു.

കാക്കനാടൻ

ഗീത അതു് അവഗണിച്ചു. അവൾ പറഞ്ഞു: "ഒരുകണക്കിനു് നല്ലതാ. അങ്ങനെ നീ പോയാൽ ഞാനെൻെറ സർക്കാരുദ്യോഗം രാജിവച്ചു് പിള്ളസാറിൻെറ സെക്രട്ടറിയാവും. നിൻെറ രതികുമാറിനേക്കാൾ എത്ര സുന്ദരനാ പിള്ളസാറ്."

മാർത്ത ഒന്നും പറഞ്ഞില്ല. ഗീത ഒടുവിൽ പറഞ്ഞതു് ശരിയാണെന്ന് അവൾക്കു തോന്നി.

"വാ, വാ. വണ്ടി വന്നുനിൽക്കുന്നു." ഗീത പറഞ്ഞു.

"വണ്ടി വന്നോ?" മാർത്ത തിടുക്കത്തിൽ ഹാൻഡ്ബാഗെടുത്ത് പുറപ്പെട്ടു.

കാറു നീങ്ങുമ്പോഴും മാർത്ത ഗീതയോടു് ഒന്നും സംസാരിച്ചില്ല. ഗീത എന്തെങ്കിലും സംസാരിക്കാൻ ശ്രമിച്ചപ്പോഴൊക്കെ ഒരു വാക്കിലോ ഒരു മൂളലിലോ അവൾ മറുപടി ഒതുക്കി. അവളുടെ മനസ്സ് നിറയെ രതികുമാറായിരുന്നു. ഇളം കരിക്കിനുള്ളിൽ വെള്ളംപോലെ അയാൾ അവളുടെ ഉള്ളറയാകെ നിറഞ്ഞുനിന്നു.

"പെണ്ണിൻെറിരിപ്പുകണ്ടാൽതോന്നും അയാൾ നിന്നെ കല്യാണംകഴിക്കാൻ പോവ്വാന്നു്." ഗീത പറഞ്ഞു.

മാർത്ത ഒന്നും പറഞ്ഞില്ല

"അതിനുവച്ച വെള്ളം അങ്ങു വാങ്ങിക്കൊണ്ടാൽമതി." ഗീത തുടർന്നു: "അയാളങ്ങിനെ എത്രപേരെ കാണുന്നു!"

ഡ്രൈവർ ചിരിച്ചു.

"പോടീ, അധികപ്രസംഗം പറയാതെ", മാത്ത ചൊടിച്ചു.

* * *

കായലോരത്തെ ഗസ്റ്റ്ഹൗസിൻെറ വിശാലമായ ലൗൻജിലായിരുന്നു സിനിമക്കാർ കൂടിയിരുന്നതു്. കാറു ചെന്നു നിന്നപ്പോൾ മിസ്റ്റർ പിള്ളതന്നെ ഇറങ്ങി വന്നു് അവരെ സ്വീകരിച്ചു അയാളുടെ പിന്നാലെ ഡൈനിങ്ഹാളിലൂടെ ലൗൻജിലേയ്ക്കു നടന്നുകയറുമ്പോൾ മാർത്തയുടെ കാലുകൾ ഇടറുന്നുണ്ടായിരുന്നു. അവളുടെ നെഞ്ചിടിപ്പിൻെറ വേഗത വർദ്ധിച്ചിരുന്നു. മേനിയാകെ വിയർപ്പു പൊടിയുന്നുണ്ടായിരുന്നു. ഗീതയുടെ കൈയ്ക്കു പിടിച്ചാണു് അവൾ നടന്നതു്.

ലൗൻജിൽ വിശാലമായ ഒരു വട്ടമേശയ്ക്കു ചുററിലുമായി നാലഞ്ചാൾക്കാർ ഇരിക്കുന്നുണ്ടായിരുന്നു. ആരാരൊക്കെയാണെന്നു് മാർത്തയ്ക്കു മനസ്സിലായില്ല. സസൂക്ഷ്മം നിരീക്ഷിക്കാനുള്ള മനഃസാന്നിദ്ധ്യവും ആ നേരത്തു് അവൾക്കു് ഉണ്ടായിരുന്നില്ല.

ലൗൻജിൽ കടന്നയുടനെ പിള്ള പറഞ്ഞു:

"രതീ, എണീല്ക്കൂടോ. തന്നെ കാണാൻ രണ്ടു കുട്ടികൾ വന്നിരിക്കുന്നു. ഫാൻസ്!"

തല പകുതിയോളം കഷണ്ടികയറിയ, ഇരുനിറമാന്ന ഒരു മദ്ധ്യവയസ്കൻ എണീററു. പിള്ള അയാളോടു പറഞ്ഞു: "ഇതു് മാത്ത. എൻെറ സെക്രട്ടറി. തൻെറ വലിയ ആരാധികയാണു്. ഇതു് മാത്തയുടെ കൂട്ടുകാരി, ഗീത."

"ഹലോ." രതികുമാർ മാത്തയെ തോളിലു കയ്യിട്ടു പിടിച്ചു. അവൾക്കതു രസിച്ചില്ല. അവൾ മെല്ലെ വഴുതിമാറി.

അവളുടെ അനിഷ്ടം മനസ്സിലാക്കിയ പിള്ള പറഞ്ഞു: "നമുക്കു് ഇരിക്കാം." അയാൾ ശബ്ദമുയർത്തി: "ബേയറർ, രണ്ടു കസേര."

ബേയറർ കസേരകൾ നീക്കിയിട്ടു. മാത്തയും ഗീതയും ഇരുന്നു.

പിള്ള മററുള്ളവരെ പരിചയപ്പെട്ടുത്തി. "നിങ്ങളുടെ ഇഷ്ടതാരം നീലിമ. പ്രൊഡ്യൂസർ ഗോപാലക്കുറുപ്പ്. ഡയറക്ടർ സോമശേഖരൻ."

എല്ലാവരും പരസ്പരം അഭിവാദ്യം ചെയ്തു.

"യു ആർ റീയലി ചാമിങ്", മാത്താ", രതികുമാർ പറഞ്ഞു. അയാൾ ഇടങ്കണ്ണിട്ടു് നീലിമയെ നോക്കി.

മാത്തയ്ക്കു് അയാളുടെ സംസാരം തീരെ ഇഷ്ടപ്പെട്ടില്ല. അവൾ അയാളുടെ മുഖത്തേയ്ക്കു നോക്കാതെ നീലിമയെത്തന്നെ നോക്കിക്കൊണ്ടിരുന്നു. തൻെറ ഉള്ളിൽ നില്ക്കുന്ന രതികുമാറിൻെറ രൂപത്തിന്നു് അപഭ്രംശം സംഭവിക്കുന്നതായി അവൾക്കു തോന്നി. അവൾക്കു് ഒരുതരം വല്ലാത്ത അസ്വാസ്ഥ്യം അനുഭവപ്പെട്ടു.

മേശപ്പുറത്തു് വിസ്കിക്കുപ്പികളും സോഡകളും കശുവണ്ടിപ്പരിപ്പുനിറച്ച പ്ളേററുകളും ഗ്ളാസ്സുകളും ഉണ്ടായിരുന്നു.

"ഒരു വിസ്കി, മാത്താ." രതികുമാർ പറഞ്ഞു.

"വേണ്ട, സർ"

"ഒരു സ്മോൾ, കമ്പനിക്കു്." നീലിമയും നിർബ്ബന്ധിച്ചു്.

"വേണ്ട, താങ്ക്സ്." മാർത്ത പറഞ്ഞു.

പ്രൊഡ്യൂസർ കുറുപ്പ് ഇടപെട്ടു. "എന്നാൽ ബീയർ എടുപ്പിക്കാം."

"വേണ്ട സർ, താങ്ക്യു." മാത്ത പറഞ്ഞു: "ഞങ്ങൾ നാരങ്ങാവെള്ളം കുടിക്കാം."

"അവർക്കു വേണ്ടെങ്കിൽ നിർബ്ബന്ധിക്കണ്ട", പിള്ള പറഞ്ഞു.

ആരോ നാരങ്ങാവെള്ളം ഓർഡർ ചെയ്തു

മററാരും അവിടെയില്ലെന്നമട്ടിൽ സ്വന്തം ഗ്ളാസ്സ് കാലിയാക്കി തന്നെത്താൻ വീണ്ടും വിസ്കി പകർന്നു്, തന്നെത്താൻ സോഡ പൊട്ടിച്ചു് ഗ്ളാസ്സ് നിറച്ചു് ആത്മാർത്ഥമായി കുടിക്കുകയായിരുന്നു സോമശേഖരൻ. ചില നിമിഷങ്ങൾ അയാളുടെ നടപടികൾ നിരീക്ഷിച്ചിരുന്നു ഗീത പരിസരം മറന്നു് പൊട്ടിച്ചിരിച്ചു പോയി.

ഗീതയുടെ ചിരികേട്ടു് പ്രൊഡ്യൂസറും

നീലിമയും രതികുമാറും ചിരിച്ചു.

തമിഴ് ചുവയുള്ള മലയാളത്തിൽ നീലിമ ചോദിച്ചു: "എന്താണു"?"

ഗീത ഇളിഭ്യയായി. അവൾ പറഞ്ഞു "ഒന്നുമില്ല."

"എന്താ ഗീതേ?" രതികുമാർ തിരക്കി "ഒന്നുമില്ല സർ." ഗീത വിയർത്തു.

"എന്തപ്പാടി നിനക്കു"?" മാർത്ത ഗീതയെ നുള്ളി. അവളുടെ ചെവിയിൽ ചോദിച്ചു.

"ഒന്നുമില്ല." ഗീത മുഖം കുനിച്ചു.

സംവിധായകൻ കാലിഗ്ളാസ്സ് വീണ്ടും നിറയ്ക്കുന്ന തിരക്കിലായിരുന്നു. ഗീത ഇടങ്കണ്ണിട്ട് അയാളെ നോക്കി. ചിരി അമർത്താൻവേണ്ടി അവൾ വായ്പൊത്തിപ്പിടിച്ചു.

സോമശേഖരൻ ആർത്തിയോടെ വിസ്കി വിഴുങ്ങുകയായിരുന്നു.

പിള്ള പറഞ്ഞു: "എനിക്കറിയാം ഗീത ചിരിച്ചതെന്തിനാണെന്നു്."

"എന്തിനാ?" എല്ലാവരും തിരക്കി. സംവിധായകനൊഴികെ. ഗീത ആകെ പരിഭ്രാന്തയായിരുന്നു.

"നമ്മുടെ ഡയറക്ടർ സാറിന്റെ പരാക്രമം പിടിച്ച കുടികണ്ടിട്ടാ" പിള്ള തുറന്നടിച്ചു.

ഗീതയും മാർത്തയും ഉൾപ്പെടെ എല്ലാവരും സോമശേഖരനൊഴികെ— പൊട്ടിച്ചിരിച്ചുപോയി.

കുടിച്ചുകൊണ്ടിരുന്ന ഗ്ളാസ്സ് താഴത്തുവച്ച്, ചിരി തുടച്ച്, ഒരു സിഗരറ്റ് കൊളുത്തി, ഗൗരവത്തിൽ സദസ്സിനെ ചുററിനോക്കി, സംവിധായകൻ പറഞ്ഞു "വാട്ടീസ് ദാററ്? ആരാ, എന്താ എന്റെ കാര്യം പറഞ്ഞതു്?"

"തന്റെ കാര്യമോ?" പിള്ള പറഞ്ഞു. ഇവിടെ "ആരും ഒന്നും പറഞ്ഞില്ലല്ലോ."

"റൈററ്". സോമശേഖരൻ പറഞ്ഞു. അയാൾ അടുത്ത ഡ്രിങ്ക് പകരാൻ തുടങ്ങി. മററുള്ളവർ ചിരിച്ചു.

അയാൾ പകർന്നു കഴിഞ്ഞപ്പോൾ പിള്ള മററുള്ളവരുടെ ഗ്ളാസ്സുകളിലേക്ക് വിസ്കി ഒഴിക്കാൻ തുടങ്ങി. സോമശേഖരന്റെ കണ്ണുകൾ വിസ്കിക്കുപ്പിയുടെ ചലനങ്ങളെ അനുഗമിക്കുകയായിരുന്നുവെന്ന് ഗീത കണ്ടു. അവൾ മാർത്തയെ നുള്ളി. പിള്ള കുപ്പി തിരികെവച്ചു കഴിഞ്ഞപ്പോൾ സോമശേഖരൻ അതു് തന്റെ അടുത്തേക്കു നീക്കിവച്ചു.

"താനിത്ര വെപ്രാളപ്പെടേണ്ട," പിള്ള പറഞ്ഞു. "കുപ്പി വേണമെങ്കിൽ ഇനിയുമുണ്ട്."

"നോ നോ. നോട്ട് ദാററ്." സോമശേഖരൻ പറഞ്ഞു.

എല്ലാവരും ചിയേഴ്സ് പറഞ്ഞു. മാർത്തയും ഗീതയും നാരങ്ങാവെള്ളം നുണഞ്ഞിറക്കി.

"കമോൺ, ഹാവ് എ സിപ് ഫ്രം മൈ ഗ്ളാസ്സ്." രതികുമാർ മാർത്തയുടെ തോളത്തു കൈയിട്ടു.

അവൾ ആകെ അസ്വസ്ഥയായി. നീരസത്തോടെ ഒഴിഞ്ഞുമാറി.

"ഡോണ്ടു് എം. ബാരസ്ഹെർ, രതീ." പിള്ള കർശനമായ ശബ്ദത്തിൽ പറഞ്ഞു.

"അയാം സോറി." രതികുമാർ കൈ പിൻവലിച്ചു.

മാർത്തയ്ക്ക് തന്റെ ഇഷ്ടതാരത്തോട് വെറുപ്പു തോന്നി. ഇങ്ങോട്ടു പോരേണ്ടിയിരുന്നില്ല. ഉള്ളിൽ ഭാവന മെനഞ്ഞുവച്ചിരുന്ന മനോഹരമായ ആ സാങ്കല്പികരൂപമായിരുന്നു നല്ലതു്. ഇയാളെ കണ്ടതോടെ, ഇയാളുടെ പെരുമാററം ശ്രദ്ധിച്ചതോടെ ആ പളുങ്കുപാത്രത്തിന്മേൽ പോറലുകൾ വീഴുന്നു.

വിസ്കികളുടെ എണ്ണം ഏറിയതോടെ രതികുമാറിന്റെയും കൂട്ടരുടെയും സംസാരം സഭ്യതയുടെ അതിർവരമ്പുകളെ ഭേദിച്ചുതുടങ്ങി. മാർത്തയെയും ഗീതയെയും സംബന്ധിച്ചേടത്തോളം അതു തികച്ചും അസാധാരണവും അപരിചിതവും ആയിരുന്നു.

മാർത്ത ഞെളിപിരികൊണ്ടു. അവൾ ആഫീസിൽ വച്ച് എന്തെങ്കിലും ഓർമ്മിപ്പിക്കുന്ന സ്വരത്തിൽ പിള്ളയോട് പറഞ്ഞു:

സാർ, മണി ഒമ്പതേകാലായി."

"ഓ, നിങ്ങൾക്കു പോകണം, അല്ലേ?" പിള്ളക്ക് അവളുടെ ഉള്ളിലിരിപ്പ് മനസ്സിലായി.

"എവിടെ പോവാൻ? ഇരിക്കൂന്നു്." വിസ്കി തലയ്ക്കു പിടിച്ചിരുന്ന രതികുമാർ കുടിച്ചുകഴഞ്ഞു ഒരു കൈ മാർത്തയുടെ തോളത്തിട്ടു. പ്രകടമായ നീരസത്തോടെ അവൾ അയാളുടെ കൈ പിടിച്ചുമാററി, എണീററു

"അവക്കു പോകണം." പിള്ള ദൃഢസ്വരത്തിൽ പറഞ്ഞു. "ലററ് ദം ഗോ."

എല്ലാവരോടും യാത്ര പറഞ്ഞ് മാർത്തയും ഗീതയും പുറപ്പെട്ടു. കാറിന്നടുത്തുവരെ അവരെ അനുയാത്ര ചെയ്തു പിള്ള പറഞ്ഞു: "അയാം സോറി, മാർത്താ. അവരുടെ ലോകം ഇതാണു്."

"അതിനെന്താ സർ?"

അവരെ യാത്രയാക്കി പിള്ള തിരികെ ലൗൻജിൽ ചെന്നപ്പോൾ രതികുമാർ അന്വേഷിച്ചു.

"ആരാ മുതലാളീ ഈ ശീലാവതികളു്?"

"അവർ പാവപ്പെട്ട കുട്ടികളാണു്, രതീ. അവക്കു ഈ രീതി പരിചയമില്ല."

"പോട്ടെ അവരുടെ പാട്ടിനു്." രതികുമാർ പറഞ്ഞു: അയാൾ നീലിമയുടെ നേരെ തിരിഞ്ഞ് കൂട്ടിച്ചേർത്തു: "അല്ലേടീ"

നീലിമ മറുപടി ഒന്നും പറഞ്ഞില്ല;

രതികുമാർ തുടർന്നു: "അവളെങ്ങനെ മിണ്ടാനാ? എടോ മുതലാളീ, എനിക്കു് നിങ്ങളോട് അസൂയയാണു്."

"ങേ, എന്താ കാര്യം?" പിള്ള ജിജ്ഞാസുവായി.

"മാററിനി ഐഡൽ എന്നെല്ലാവരും വാഴ്ത്തുന്ന എന്നെക്കാൾ ഗ്ളാമർ ഇപ്പോൾ നിങ്ങൾക്കാണു്." രതികുമാറിന്റെ ശബ്ദം കുഴഞ്ഞുതുടങ്ങിയിരുന്നു,

"ആരു പറഞ്ഞു?" പിള്ള തിരക്കി.

"ആരു പറയണം? ഈ ഇരിക്കുന്നവളുണ്ടല്ലോ. എന്റെ കൂടെ രണ്ടു പടം ചെയ്തു് പോപ്പുലർ ആയ ഇവൾ. ഇവൾക്കിഷ്ടം നിങ്ങളെയാണു്! ഈ നീലിമയ്ക്കു്" രതികുമാർ പരാതിപോലെ പറഞ്ഞു.

"ങും?" പിള്ള നീലിമയെ നോക്കി. അവൾ നാണം നടിച്ചു.

"ദാററീസ് റൈററ്." സംവിധായകൻ പറഞ്ഞു: "സെററിൽവച്ചപോലും അവൾ നിങ്ങളുടെ കാര്യം പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്."

"അപ്പോൾ ഞാൻ ഭാഗ്യവാനാണു്." പിള്ള ചിരിച്ചു.

നീലിമ അയാളെ പ്രേമപൂർവ്വം കടാക്ഷിച്ചു. അവളുടെ സൗന്ദര്യം പെട്ടെന്നു് തന്റെ മുൻപിൽ ഒരു പൂഷ്പംപോലെ വിടരുന്നതു പിള്ള കണ്ടു. അഴിച്ചിട്ട മുടിയുടെ ഇരുണ്ട പശ്ചാത്തലത്തിൽ അവളുടെ മുഖംകാണാൻ നല്ല ഭംഗി ഉണ്ടായിരുന്നു മഷിയെഴുതിക്കറുപ്പിച്ച കണ്ണുകളുടെ വശ്യശക്തിയും മേൽച്ചുണ്ടിന്മേലെ നേർത്ത നീലരോമങ്ങളുടെ നനുനനുപ്പും ഇത്തിരി തടിച്ച നനവുററ ചുണ്ടുകളുടെ പ്രകമ്പനവും ഒക്കെക്കൂടി അവളുടെ മുഖത്തെ കനലിലിട്ട ഒരു സ്വർണ്ണവിഗ്രഹമാക്കിമാററിയിരുന്നു,

ഒരു ലുങ്കിയും ഷർട്ടുമാണു് നീലിമ ധരിച്ചിരുന്നതു്. തനിക്കിഷ്ടമില്ലാത്ത ആ വേഷത്തിൽപോലും അവൾ അതിവ സുന്ദരിയാണെന്നു് പിള്ളയ്ക്കു് അപ്പോൾ തോന്നി.

രതികുമാറും സോമശേഖരനുംകൂടി ഒരു തെറിപ്പാട്ടു് ആരംഭിച്ചുകഴിഞ്ഞിരുന്നു. ഗോപാലക്കുറുപ്പ് തലയാട്ടിയും താളമടിച്ചും അതു് ആസ്വദിച്ചു.

പെട്ടെന്നു് നീലിമ എണീററു. അവൾ പിള്ളയുടെ അടുത്തു വന്നുനിന്നു പറഞ്ഞു: "നമുക്കു് പുറത്തിറങ്ങി ചുററിനടക്കാം. എനിക്കിവിടെ ഇരുന്നിട്ടു് ബോറടിക്കുന്നു"

രതികുമാർ അതു ശ്രദ്ധിച്ചു. അയാൾ പാട്ടു നിറുത്തി. "കണ്ടോ, കണ്ടോ?" അയാൾ പറഞ്ഞു. "ഞാൻ പറഞ്ഞതു് ശരിയല്ലേന്നു നോക്കൂ. അവൾക്കു് മുതലാളീടെ കൂടെ പോകണമെന്നു്."

"ഞങ്ങളെങ്ങും പോണില്ലപ്പാ." നീലിമ പറഞ്ഞു. "ഈ മുററത്തിറങ്ങി കാററു കൊള്ളാമെന്നു കരുതി,"

"ഉംനടക്കട്ടെനടക്കട്ടെ"രതികുമാർപറഞ്ഞു

"അവരു പോട്ടെടോ." പാട്ടിനു ഭംഗം വന്നതിൽ കോപിഷ്ടനായ സോമശേഖരൻ നടനോട്ടു പറഞ്ഞു: "തനിക്കെന്തുവേണം? പാട്ടു്." എന്നിട്ടു് അയാൾ പാട്ടു നിർത്തിയേടത്തുനിന്നു വീണ്ടും തുടങ്ങി. രതികുമാറിനു പാട്ടിൽ പങ്കുചേരേണ്ടിവന്നു.

"വരൂന്നു്." പിള്ളയുടെ കൈക്കുപിടിച്ചു്, നീലിമ കെഞ്ചി.

ഗ്ളാസ്സിൽ മിച്ചമുണ്ടായിരുന്ന വിസ്കി കഴിച്ചു്, സിഗരററ് പാക്കററും തീപ്പെട്ടിയുമെടുത്തു് പിള്ള എണീററു.

അവർ ലൗൻജിൽനിന്നും പുറത്തേക്കിറങ്ങി. കായലിൽ കുളിച്ചെണീററ്, പൂന്തോട്ടത്തിലൂടെ പാഞ്ഞെത്തിയ കുളിർകാ

(ശേഷം 40 ൽ)

രണ്ട്

ഒന്നാം ലോകമഹായുദ്ധകാലത്ത് അനുഭവസിദ്ധമായിത്തീർന്ന ഇത്തരം നിരവധി വസ്തുതാകഥനങ്ങൾ, ഫ്രോയിഡിന്റെ ആശയങ്ങൾക്ക് ഉപോത്ഫലകമായി ഭവിച്ചു.

മനസ്സിനെ സംബന്ധിച്ചിടത്തോളം അബോധമണ്ഡലത്തിന്റെ ആസ്തിക്യവും ദമനം (repression) സംഘട്ടനം (conflict) എന്നീ സിദ്ധാന്തങ്ങളും അവിതർക്കിത യാഥാർത്ഥ്യങ്ങളായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, അബോധമണ്ഡലത്തിന്റെ ഘടന, സ്വഭാവം എന്നിവയെ സംബന്ധിച്ചിടത്തോളം, അഭിപ്രായൈക്യത്തിന്റെ സ്ഥാനത്ത്, അഭിപ്രായഭിന്നതകളാണ് മുന്നിട്ടുനിൽക്കുന്നതെന്ന വസ്തുത നിഷേധിച്ചിട്ടു കാര്യമില്ല. സ്വപ്നത്തിൽ, അതിന്റെ അവ്യക്തഭാവമാണ്, പ്രച്ഛന്നവേഷത്തിൽ ബോധമണ്ഡലത്തിൽ പ്രവേശിക്കുവാൻ ശ്രമിക്കുന്നത്. ഓർമ്മയിൽ അവശേഷിക്കുന്ന സ്വപ്നഭാവമാണ് "പ്രകടം." ഒരു സ്വപ്നത്തിന്റെ ശരിയായ വ്യാഖ്യാനം, പ്രകടഭാവത്തിൽനിന്ന് അവ്യക്തതാഭാവത്തിലേയ്ക്കുള്ള അന്വേഷണം വളരെ സങ്കീർണ്ണമത്രേ. ബോധമണ്ഡലത്തിൽ കടന്നുപററാൻ ശ്രമിക്കുന്ന അഭിലാഷങ്ങൾ കൈക്കൊള്ളുന്ന പ്രച്ഛന്നവേഷങ്ങൾ തികച്ചും വിചിത്രമായിരിക്കും. പ്രകടഭാവത്തിലെ ഒരേ ഘടകം, ഒരുപക്ഷേ, അവ്യക്തതാഭാവത്തിൽ നിരവധി ഘടകങ്ങളായും, നേരെ മറിച്ചും, കലാശിക്കുമെന്നും, ഒരാളെപ്പററിമാത്രമുള്ള സ്വപ്നം, യഥാർത്ഥത്തിൽ നിരവധി വ്യക്തികളെക്കുറിച്ചായിരിക്കാമെന്നും ഫ്രോയിഡ് സിദ്ധാന്തിക്കുന്നു. സ്വപ്നവ്യാഖ്യാനം എത്ര സങ്കീർണ്ണമായ

മാനസികാപഗ്രഥനത്തിലെ സിദ്ധാന്തത്രയം

പ്രഗത്ഭമതികളായ ആഡ്ലറും യുങ്ങും തെററിപ്പിരിഞ്ഞതും ഈ അഭിപ്രായവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. അതേപ്പററി പിന്നാലെ അല്പം സൂചിപ്പിക്കേണ്ടതുണ്ട്.

തൽക്കാലം ഫ്രോയിഡിന്റെ വിശകലനത്തിലൊതുങ്ങിനിൽക്കാം.

അമർത്തപ്പെട്ട ലൈംഗിക വികാരങ്ങൾക്ക് പരമപ്രാധാന്യം നൽകിക്കൊണ്ടാണ് അബോധമണ്ഡലത്തെ ഫ്രോയിഡ് അവതരിപ്പിച്ചിരിക്കുന്നത്. സ്വപ്നങ്ങൾക്കുപോലും ലൈംഗികപ്രാധാന്യം നൽകുന്ന ഫ്രോയിഡിന്റെ കല്പനാവൈഭവം അത്ഭുതാവഹംതന്നെ. പക്ഷേ, പ്രമാണപദവിയിൽ പ്രതിഷ്ഠിക്കുവാൻമാത്രം യുക്തിഭദ്രതയോ, അനുഭവസാംഗത്യമോ അതിനുണ്ടോ? അഥവാ യുക്തിഭദ്രത എന്ന പ്രയോഗംതന്നെ ഫ്രോയിഡിയൻചിന്തകൾക്ക് നിരക്കാത്തതാണല്ലോ.

സ്വപ്നങ്ങൾക്ക് രണ്ടുതരം ഉള്ളടക്കമാണ് ഫ്രോയിഡ് കല്പിച്ചിരിക്കുന്നത്. ഒന്ന് അവ്യക്തം, രണ്ടാമത്തേത് പ്രകടം. ഒരു പ്രക്രിയയാണെന്ന് ഇതിൽനിന്നു വ്യക്തമാകുമല്ലോ. സ്വപ്നവ്യാഖ്യാനത്തിൽ മറെറാരുവിധം കുഴപ്പവും നേരിടേണ്ടതുണ്ട്. ഏതെങ്കിലും ഒരുകാര്യത്തെപ്പററിയെന്നു തോന്നുന്ന സ്വപ്നം യഥാർത്ഥത്തിൽ മറെറാരു കാര്യത്തെപ്പററിയായിരിക്കും. മാത്രമല്ല, നിങ്ങളുടെ സ്വപ്നവികാരം, അതിന്നു പ്രേരകമായ വികാരത്തിന്ന് ഘടകവിരുദ്ധമാണെന്നും വരാം. അങ്ങിനെ, നിങ്ങൾ ഉറക്കത്തിൽ വേണ്ടപ്പെട്ടവരുടെ ആരുടെയെങ്കിലും മരണം സ്വപ്നംകണ്ടുകൊണ്ട് കരഞ്ഞുകൊണ്ടെഴുന്നേററാൽ, അതിന്റെ അർത്ഥം ആ മനുഷ്യൻ തുലഞ്ഞുകാണാൻ നിങ്ങൾ അബോധമനസ്സിൽ അഭിലഷിച്ചിരുന്നു എന്നത്രെ. ഇവ്വിധം നാനാമുഖവും വിചിത്രങ്ങളുമായ വ്യാഖ്യാനങ്ങൾക്കുള്ള സാദ്ധ്യതമൂലം സ്വപ്നത്തിന്റെ ഏതെങ്കിലും ഒരു വ്യാഖ്യാനംമാത്രം വിശ്വസനീയമായി ഭവിക്കുമോ? വ്യാഖ്യാതാക്കൾക്ക് വിവിധങ്ങളായ വ്യാഖ്യാനങ്ങൾ നൽകുവാൻതന്നെ കഴിഞ്ഞെന്നുവരും. ലൈംഗികപ്രതിരൂപങ്ങളുടെ ഒരു സമാഹാരമാണ് ഫ്രോയിഡ് സ്വപ്നങ്ങളിൽ ദർശിക്കുന്നതെങ്കിൽ, അധികാരത്തിനുവേണ്ടിയുള്ള ഇച്ഛാശക്തിയുടെ പ്രകടനമാണ് ആഡ്ലർ സ്വപ്നത്തിൽ ദർശിക്കുന്നത്. യുങ് മൂന്നാമതൊരു വ്യാഖ്യാനവും നൽകുന്നു. ഒരേഒരു രാസപദാർത്ഥത്തിൽ വിവിധ കെമിസ്റ്റുകൾ വിഭിന്നങ്ങളായ മൂലഘടകങ്ങൾ കണ്ടെത്തുംപോലെ വിചിത്രമല്ലേ ഇത്?

"ലിബിഡൊ" എന്ന ആശയത്തിന്ന് ഫ്രോയിഡ് നൽകിയിരിക്കുന്ന നിർവ്വചനം ശ്രദ്ധാർഹമാണ്. "പ്രേമം എന്ന പദത്തിൽ ഉൾക്കൊള്ളിക്കാവുന്ന സമസ്ത ചോദനകളുടേയും ഓജസ്സിനെയാണ് ആ പേരുകൊണ്ട് അർത്ഥമാക്കുന്നത്. പ്രേമമെന്ന് നാം അർത്ഥമാക്കുന്നതെന്തൊ, അതിന്റെ മർമ്മം ലൈംഗികവേഴ്ചയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ലൈംഗികപ്രേമംതന്നെയാണ്. എങ്കിലും അവനവനോടുതന്നെയുള്ള പ്രേമത്തേയോ, അതല്ലെങ്കിൽ, മാതാപിതാക്കളോടോ, സന്താനങ്ങളോടോ, ഉള്ള പ്രേമത്തേയോ, മാനവരാശിയോടു പൊതുവേയുള്ള പ്രേമത്തേയോ അതുപോലെ മൂർത്തവസ്തുക്കളോടൊ, ശുദ്ധമായ ആശയങ്ങളോടൊടുള്ള ഭക്തിയേയോ ഇതിൽനിന്ന് നാം വേർതിരിച്ചുനിറുത്തുന്നില്ല. ഒരേ ചോദനാവ്യാപാരങ്ങളുടെ പ്രകാശനം തന്നെയാണ് ഈ പ്രവണതകൾ എല്ലാംതന്നെ എന്ന വസ്തുതയാണ് ഇതിന്ന് അടിസ്ഥാനം. സ്ത്രീപുരുഷബന്ധങ്ങളിൽ, ഈ ചോദനകൾ ലൈംഗികവേഴ്ചയെ ലക്ഷ്യമാക്കി മുന്നേറുന്നു; പക്ഷെ മററു സാഹചര്യങ്ങളിൽ ഈ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കുന്നു; അല്ലെങ്കിൽ ലക്ഷ്യം പ്രാപിക്കുന്നതിൽനിന്ന് തടയപ്പെടുന്നു. ഈ സാഹചര്യത്തിലും തിരിച്ചറിയാൻ കഴിയുംവിധം അതിന്റെ മൗലികപ്രകൃതി വേണ്ടത്ര എപ്പോഴും പുലർത്തിക്കൊണ്ടിരിക്കും."

മനുഷ്യന്റെ സമസ്തവ്യാപാരങ്ങളുടേയും മൗലികചോദന ലൈംഗികമാണെന്നത്രെ ഫ്രോയിഡ് ഈ നിർവ്വചനത്തിലൂടെ സ്ഥാപിക്കുവാൻ ശ്രമിച്ചിരിക്കുന്നത്. ലൈംഗികചോദനയ്ക്ക് മാനുഷികവ്യാപാരങ്ങളിലുള്ള നിർണ്ണായകമായ സ്വാധീനശക്തി അനിഷേദ്ധ്യമാണ്. എങ്കിലും

സെബാസ്റ്റ്യൻ പുതുവീട്

ഈ "ഊന്നൽ" കുറെ കടന്നുപോയിട്ടില്ലേ? സുഖാസക്തിയാണ് എല്ലാ മാനുഷിക വ്യാപാരങ്ങളുടേയും മൗലികചോദനയെന്ന് കരുതുകയല്ലേ കൂടുതൽ ശരിയായിത്തോന്നുക! "ലിബിഡൊ" തീർച്ചയായും ഒരു യാഥാർത്ഥ്യം തന്നെ. പക്ഷേ, "ലിബിഡൊ" വീണ്ടും വിശകലനം ചെയ്താൽ നാം കണ്ടെത്തുന്നത് സുഖാസക്തിയുടെ സൂക്ഷ്മമണ്ഡലത്തെയല്ലേ? ചിന്തനീയമായ കാര്യമാണിതെന്നു തോന്നുന്നു. ശൈശവംമുതൽ വാർദ്ധക്യംവരെ ഒരു വ്യക്തി ഒരേ അധരപുടംകൊണ്ട് നടത്തുന്ന ചുംബനങ്ങൾക്കെല്ലാം തന്നെ പ്രേരകം ലൈംഗികചോദനയാണെന്ന നിർബന്ധബുദ്ധി പ്രകടിപ്പിച്ചിരുന്നില്ലെങ്കിൽ, ഫ്രോയിഡിന്റെ മാനസികാപഗ്രഥനത്തിന്ന് തീർച്ചയായും ഇന്നുള്ളതിൽ കൂടുതൽ അംഗീകാരം ലഭിക്കുമായിരുന്നു. എങ്കിൽ, ഇത്രയ്ക്ക് രൂക്ഷമായ ഭിന്നതകൾ, മാനസികാപഗ്രഥനപ്രസ്ഥാനത്തിൽ കടന്നുകൂടുകയില്ലായിരുന്നു.

ആഡ്ലറുടെ സമീപനം

ആഡ്ലറുടെ വിശകലനത്തിൽ എല്ലാ മാനുഷികവ്യാപാരങ്ങളുടേയും മൗലികമായ ചോദകശക്തി, സഹജീവികളുടെമേൽ മേലാളത്തവും, അധികാരവും ആർജ്ജിക്കുന്നതിനുള്ള ചോദനയത്രേ. നമ്മിൽ അറിയാതെതന്നെ കടന്നുകൂടുന്ന അപകർഷതാബോധത്തെ മറികടക്കാനുള്ള അഭിലാഷമാണ്, എല്ലാ മനോവൃത്തികളുടേയും മർമ്മം. ഒരു വ്യക്തി ഭൂസ്പർശം ചെയ്യുന്നത് ദുർബ്ബലനും നിസ്സഹായനും നിസ്സാശനും ആയിട്ടാണ്. പ്രകൃതിയുമായുള്ള പോരാട്ടത്തിൽ അവന്റെ നില പരിഹാസ്യമാംവിധം പരിതാപകരമാണല്ലോ. എന്തിന്, ചൂടിനും തണുപ്പിനും, വിശപ്പിനും ദാഹത്തിനും എല്ലാംതന്നെ മുതിർന്നവരെ

അഭയംപ്രാപിക്കാതെ അവന് ഗത്യന്തരമില്ല. മാത്രമല്ല, മാനസികമായും ശിശുവിൻെറമേൽ ആധിപത്യം സ്ഥാപിക്കാനായിരിക്കും എപ്പോഴും ജീവികളുടെ യത്നം. യഥേഷ്ടം ജീവിക്കാനുള്ള സ്വാതന്ത്ര്യം; വിപുലമായ ലോകവിജ്ഞാനം; എല്ലാ രംഗങ്ങളിലുമുള്ള മികച്ച കഴിവുകൾ; ഇവയെല്ലാംതന്നെ മുതിർന്നവർക്ക് കൂട്ടതലായിരിക്കുമല്ലോ. ഇവയൊക്കെ പ്രദർശിപ്പിക്കാൻ മുതിർന്നവർക്ക് പ്രത്യേക കൗതുകം കാണും. ശിശുവിൽ ഇവയെല്ലാം ശക്തമായ പ്രതികരണങ്ങൾ ഉളവാക്കുകയും ചെയ്യും. തത്ഫലമായി ബാല്യത്തിൽത്തന്നെ ഒരപകർഷതാബോധത്തിന് വ്യക്തിവിധേയനായിത്തീരുന്നു. ഈയപകർഷബോധം നികത്തുവാനുള്ള ശ്രമമാണ്, ചുററുപാടുകളുടെ നേർക്കുള്ള അയാളുടെ സമീപനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നത്. സഹജീവികളുടെ ശ്രദ്ധ പിടിച്ചുപററുകയും അവരുടെമേൽ തൻെറ ആധിപത്യം സ്ഥാപിക്കയും ചെയ്യുകയായിരിക്കും അയാളുടെ ഉന്നം. ഈ ശ്രമത്തിൽ; അതായത് സ്വന്തമായ ഇച്ഛാശക്തി, ചുററുപാടുകളുടെമേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തിൽ പരാജയം നേരിടുമ്പോൾ, ചുററുപാടുകൾ അനുകൂലമായ പ്രതികരണം ജനിപ്പിക്കാത്തപ്പോൾ, അയാൾ വിസ്മയവിവശനാകും. ചുററുപാടുകൾ ഈ ശ്രമത്തെ എതിർക്കുകയാണെങ്കിൽ, അതു് അയാളെ വേദനിപ്പിക്കുകതന്നെ ചെയ്യും. പൊതുവേ അയാളുടെ ശ്രമം പരാജയപ്പെടുകയേയുള്ളൂ എന്നതു് വ്യക്തം. ആ സന്ദർഭത്തിൽ അയാൾ അഭയം തേടുന്നതു്, സങ്കല്പത്തിൻെറ— ഭാവനയുടെ— അയഥാർത്ഥ മണ്ഡലത്തിലായിരിക്കും. തന്നെ നിസ്സാരനാക്കിത്തീർത്ത ചുററുപാടുകളുമെമേൽ സങ്കല്പത്തിൽ ആധിപത്യം അഭിനയിച്ച് അയാൾ സ്വയം വിജയോന്മത്തനായി ഭാവിക്കും. ആഡ്ലറുടെ വാക്കുകൾതന്നെ ഉദ്ധരിക്കാം. "അസ്തിത്വത്തിൻെറ വെല്ലുവിളി തന്ക്കൊററുക്കു നേരിടാൻ സാദ്ധ്യമല്ലെന്നു്, ഓരോ ശിശുവിനും കാലക്രമേണ ബോദ്ധ്യമാകും. "ശിശുക്കളുടെ എല്ലാ ഉദ്യമങ്ങൾക്കും തുടക്കം കുറിക്കുന്ന പ്രചോദകശക്തി, ഈ അപകർഷതാബോധം തന്നെയാണ്". അവൻെറ അസ്തിത്വത്തിൻെറ ലക്ഷ്യത്തെത്തന്നെ ഈ അപകർഷബോധം നിർണ്ണയിക്കുന്നു."

ഈ സാഹചര്യത്തിൽ ഒരു സാധാരണ ശിശുവിനു് സാമൂഹ്യജീവിയായി വളർന്നുവരിക ദുഷ്ക്കരമായ ഒരു കൃത്യമാണ്. വ്യക്തിയുടെ ഭാവിജീവിതത്തെ സംബന്ധിച്ചിടത്തോളം ശൈശവത്തിൻെറ മൗലികപ്രാധാന്യത്തെ ആഡ്ലർ ഊന്നിപ്പറയുന്നു. എന്തുകൊണ്ടെന്നാൽ സ്വന്തം അപകർഷതാബോധത്തിനു് പ്രതിവിധിയെന്നോണം ശിശു അവലംബിക്കുന്ന മാർഗ്ഗങ്ങൾ തന്നെയായിരിക്കും ജീവിതത്തിലുടനീളം അവൻെറ പ്രവർത്തനങ്ങൾക്കു് മാർഗ്ഗദർശകമായിഭവിക്കുന്ന ലക്ഷ്യത്തെ നിർണ്ണയിക്കുന്നതു്. ഈ ലക്ഷ്യം രണ്ടുതരമുണ്ട്. ഓരോ വ്യാപാരത്തിനും ഉള്ള ആസന്നലക്ഷ്യം, മററാന്നു് ജീവിതലക്ഷ്യംതന്നെ. സമൂഹത്തിൽ അധികാരവും പ്രാമുഖ്യവും പിടിച്ചുപററിക്കൊണ്ട്, സ്വന്തം അപകർഷബോധത്തിനു് പ്രതിവിധിതേടാനുള്ള അഭിലാഷത്തിനാണു് ഈ ജീവിതലക്ഷ്യം പ്രാതിനിധ്യം വഹിക്കുന്നതു്. ഈ ലക്ഷ്യം അപകർഷതാബോധത്തിൻെറ സ്വഭാവമനുസരിച്ച് പ്രതിജനഭിന്നമായിരിക്കുകയും ചെയ്യും. അതു് ശൈശവത്തിൽത്തന്നെ രൂപംകൊള്ളുന്നതാണ്. ആരുംതന്നെ ബോധപൂർവ്വം ആ വിഷ്ക്കരിക്കുന്നതാവില്ല ഈ ലക്ഷ്യം എങ്കിൽക്കൂടി നമ്മുടെ പെരുമാററ സമ്പ്രദായത്തെ രൂപപ്പെടുത്തുന്നതു് അതുതന്നെയത്രെ.

ഒരാൾക്ക് കാണാൻകഴിയുന്നതു് മററാരാൾക്ക് കാണാൻ കഴിയാതിരിക്കുക, ഒരാൾക്ക് ഹിതമായുള്ളതു് മററാരാൾക്ക് അഹിതമായിരിക്കുക, ഒരാൾക്ക് അമൃതം മററാരാൾക്ക് വിഷമായി ഭവിക്കുക, നിത്യജീവിതത്തിൽ ഇത്തരം അനുഭവങ്ങൾ സുലഭങ്ങളാണല്ലോ. അനുഭവങ്ങളെ ഒന്നടങ്കം ലക്ഷ്യത്തിൻെറ ചട്ടക്കൂട്ടിൽ ഒതുക്കിനിറുത്തി, ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള ഉപാധിയാക്കിത്തീർക്കുന്നതിൻെറ ഫലമത്രെ ആഡ്ലറുടെ അഭിപ്രായത്തിൽ ഈ വൈവിദ്ധ്യങ്ങൾ. ഈ ലക്ഷ്യത്തിൻെറ ചട്ടക്കൂട്ടിൽ ഒതുങ്ങിനിൽക്കുന്നില്ലെങ്കിൽ യാതൊരനുഭവത്തെയും നാം സ്വീകരിക്കുന്നതല്ല. ഇതിൻെറ അർത്ഥമാവട്ടെ, നാം അഭിലഷിക്കുന്ന അനുഭവങ്ങൾ മാത്രമേ നമുക്ക് സ്വീകാര്യമാകൂ എന്നാണല്ലോ. ഈ ലക്ഷ്യമാവട്ടെ, ഏറിയ പങ്കും സമൂഹത്തിൻെറ മേൽ അധികാരം സ്ഥാപിക്കുക എന്നതു തന്നെയായിരിക്കും. സമൂഹവുമായി സഹകരിച്ചല്ല, നേരെമറിച്ച് സമൂഹത്തെ വെല്ലുവിളിച്ചുകൊണ്ട്, ഇതു നേടാനായിരിക്കും ഉദ്യമം. ലക്ഷ്യപ്രാപ്തിയിൽ ഒരു വ്യക്തിയുടെ വിജയം തീർച്ചയായും മററുള്ളവരുടെ പരാജയമായിരിക്കുമല്ലോ. ഫ്രോയിഡ് മനുഷ്യനിലുള്ള മൃഗത്തെ തുറന്നുകാട്ടിയപ്പോൾ, ആഡ്ലയർ മനുഷ്യനിലുള്ള പിശാചിനെയാണ് തുറന്നു കാട്ടിയതു്. അധികാരത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള അദമ്യമായ ഉൾത്തപ്രേരണത്രെ ആ പിശാച്. അപകർഷതകൾ എത്രയ്ക്കു കൂടുതലാണോ, അത്രയ്ക്കു തീവ്രമാകും ഈ ഉൾത്തപ്രേരണ ഹിററ്ലറുടേയും മുസ്സോളിനി യുടേയും മററും വ്യക്തിത്വത്തിൽ അടങ്ങുന്ന അപകർഷതകളുടെ ആഴം അളക്കുവാൻ ഒരു പക്ഷെ, ഈ വിശകലനം സഹായകമായേക്കും.

സമൂഹത്തിൻെറ മേൽ ആധിപത്യം സ്ഥാപിക്കാനുള്ള അബോധമനസ്സിലെ അഭിലാഷങ്ങളെ, സമൂഹവുമായി സമാധാനപൂർവ്വം സഹകരിക്കാനുള്ള അഭിലാഷമായി രൂപാന്തരപ്പെടുത്തുകയത്രേ ആഡ്ലയറുടെ അഭിപ്രായത്തിൽ മാനസികാപഗ്രഥനവിദഗ്ദ്ധൻെറ ധർമ്മം.സഹജീവികളുമായി, സമൂഹവുമായി സഹകരിച്ച് സാക്ഷാത്ക്കരിക്കാവുന്ന ഒരു ലക്ഷ്യം രൂപപ്പെടുത്തുകയാണ് മാനസികമായ ആരോഗ്യത്തിൻെറ മുഖ്യഘടകം. മനുഷ്യവർഗ്ഗത്തിൻെറ ജീവശാസ്ത്രപരമായ ദൗർബല്യത്തിനുള്ള പ്രതിവിധിയത്രേ സമൂഹം. അഹംബുദ്ധിയിൽ അധിഷ്ഠിതമായ ചിത്തവൃത്തികളിലൂടെ ഈപ്രതിവിധിപ്രയോജനപ്പെടുത്തുവാനാവില്ല; നേരെമറിച്ച് സ്വയം പരിത്യാഗത്തിലൂടെ മാത്രമേ ഈ പ്രതിവിധി പ്രയോജനപ്പെടുത്തുവാൻ സാധിക്കൂ. വ്യക്തിബാഹ്യമായ ഒരാശയത്തിനുവേണ്ടി—ഒരാദർശത്തിനുവേണ്ടി— ജീവിതം സമർപ്പിതമാകുമ്പോൾ മാത്രമേ, ഈ പ്രതിവിധി ഫലപ്രദമാകൂ. പൊതുവേ പറഞ്ഞാൽ ആഡ്ലയറുടെ മാനസികാപഗ്രഥനത്തിൻെറ പൊതുസ്വഭാവം ഇവയൊക്കെയാണ്. മൗലികചോദനയെ സംബന്ധിച്ചിടത്തോളം ഫ്രോയിഡും ആഡ്ലയറും തമ്മിലുള്ള ഭിന്നത സുവ്യക്തമാണല്ലോ. ഒരു പക്ഷെ, പ്രബലമായ അപകർഷതാബോധം തന്നെയായിരിക്കുമോ ഫ്രോയിഡുമായി ഭിന്നിച്ച് ഒരു പുതിയ സിദ്ധാന്തം ആവിഷ്ക്കരിക്കുവാൻ ആഡ്ലയറെ പ്രേരിപ്പിച്ചതു്. എന്തോ! ഏതായാലും ആ വിധമുള്ള ഒരു വിശകലനത്തിനു് ഈ ഘട്ടത്തിൽ പ്രസക്തിയില്ല തന്നെ. ആഡ്ലയറുടെ മാനസികാപഗ്രഥന സിദ്ധാന്തമായിരിക്കും ജനാധിപത്യത്തിനു് സ്വീകാര്യമായിത്തീരുക എന്നു തോന്നുന്നു.

അടുത്തതായി യുങ്ങിൻെറ സിദ്ധാന്തങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാം. ഏതാണ്ട് അഞ്ചുവ്യാഴവട്ടക്കാലത്തെ അനുസൃതമായ അന്വേഷണങ്ങളുടേയും പഠനങ്ങളുടേയും ഫലമായി അനേകം ഗ്രന്ഥങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള ഈ സിദ്ധാന്തങ്ങളെ സാമാന്യമായി സൂചിപ്പിക്കുകപോലും ഈ അനുബന്ധത്തിൽ സാദ്ധ്യമാവില്ലല്ലോ. എങ്കിലും യുങ്ങിൻെറ സിദ്ധാന്തങ്ങൾ ഏതേതു് അംശങ്ങളിൽ ഫ്രോയിഡിൻെറ സിദ്ധാന്തങ്ങളിൽനിന്നു് ഭിന്നമാണെന്നു മാത്രം സൂചിപ്പിക്കാം.

ഫ്രോയിഡിൻെറ സാർവ്വലൈംഗികതാപ്രാശയത്തെ യുങ്ങ് പാടെ തിരസ്കരിക്കുകയും, ശിശുക്കളിൽ "ലിബിഡോ" പ്രത്യക്ഷപ്പെടുന്നതു് മൂന്നോ നാലോ വയസ്സിനു ശേഷം മാത്രം ആണെന്നും, അതിനുമുമ്പുള്ള ഘട്ടം ലൈംഗികപൂർവ്വദശയാണെന്നും സമർത്ഥിക്കയും ചെയ്തു. അതുപോലെ മതം, സാഹിത്യം, ശാസ്ത്രം തുടങ്ങിയ മനുഷ്യവ്യാപാരങ്ങൾക്കെല്ലാം ആധാരം "ലിബിഡോ" ആണെന്ന ഫ്രോയിഡിൻെറ വാദത്തേയും അദ്ദേഹം നിരാകരിച്ചു. സിരാരോഗവിശകലനത്തിലും സ്വപ്നവ്യാഖ്യാനത്തിലും ഭൂതകാലാനുഭവങ്ങൾക്കും മാത്രമേ ഫ്രോയിഡ് സ്ഥാനം കല്പിച്ചിട്ടുള്ളൂ എന്നതു് വ്യക്തമാണ്. പക്ഷെ, യുങ് ആകട്ടെ ഭൂതകാലാനുഭവങ്ങൾക്കൊപ്പം ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ, ആശങ്കകൾ, പ്രതീക്ഷകൾ എന്നിവയ്ക്കും മാനസികാപഗ്രഥനത്തിൽ ഉചിതമായ സ്ഥാനം നൽകിയിട്ടുണ്ട്. ഉദാഹരണമായി, യുങ്ങിൻെറ അഭിപ്രായത്തിൽ സ്വപ്ന

ങ്ങൾ ഭൂതകാലാനുഭവങ്ങളുടെ ആവർത്തനമോ, അഭിലാഷങ്ങളുടെ സാക്ഷാത്ക്കരണമോ മാത്രമല്ല, നേരെമറിച്ച് അവ ഭാവിയെപ്പററിയുള്ള ഭവിഷ്യദ്ദർശനങ്ങൾ (anticipation) കൂടിയാണെന്ന് യുങ്ങ് വാദിക്കുന്നു.

ഫ്രോയിഡ് വ്യക്തിയുടെ അബോധമനസ്സിനെ മാത്രമാണ് നമുക്ക് പരിചയപ്പെടുത്തിത്തന്നിട്ടുള്ളത്. യുങ്ങാകട്ടെ സമഷ്ഠിയുടെ അബോധമനസ്സിൻെറ ആസ്തിക്യത്തെ വെളിപ്പെടുത്തുകയും, വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഒരു പക്ഷെ, മനഃശാസ്ത്രത്തിന് യുങ്ങിൻെറ മുഖ്യമായ സംഭാവന സമഷ്ഠിയുടെ അബോധമനസ്സു സംബന്ധിച്ച സിദ്ധാന്തമാണെന്ന് കാണാം. യുങ്ങിൻെറ അഭിപ്രായത്തിൽ മനുഷ്യവർഗ്ഗത്തിൻെറ യുഗയുഗാന്തരങ്ങളായുള്ള ചരിത്രത്തിൻെറയും അഭൂതികളുടെയും കലവറയാണ് സമഷ്ഠിയുടെ അബോധമനസ്സ്. അതിന്ന് ലിംഗഭേദമില്ല; വയഃക്രമമില്ല; ജനനമരണങ്ങളുമില്ല. അനന്തമായ ഒരു പ്രവാഹം. അഥവാ പ്രതിരൂപങ്ങളുടെ അഗാധമായ ഒരു പാരാവാരം ഇതിൻെറ ഒരംശം മാത്രമത്രേ ലിബിഡോ. മാനസികരോഗങ്ങളെ വിശകലനം ചെയ്യുമ്പോൾ, വ്യക്തിസങ്കുചിതമായ ഭൂതകാലാനുഭവങ്ങളിൽ മാത്രം ശ്രദ്ധചെലുത്തിയാൽ പോരെന്നും, നേരെമറിച്ച്, സമഷ്ഠിപരമായ അബോധതലത്തിലെ ശക്തിപ്രവാഹങ്ങളുടെ ഗതിവിഗതികൾകൂടി കണക്കിലെടുക്കണമെന്നും യുങ് അഭിപ്രായപ്പെട്ടു.

സമഷ്ഠിപരമായ ഈ അബോധമനസ്സിന് യുങ് മൂന്നു മണ്ഡലങ്ങൾ കല്പിച്ചിരിക്കുന്നു. ഒന്നു പ്രാകൃത വികാരങ്ങളുടെ മണ്ഡലം. ഈ മണ്ഡലത്തിലെ പ്രാകൃത വികാരങ്ങളെ ബോധമനസ്സുകൊണ്ട് കുറച്ചൊക്കെ നിയന്ത്രിക്കാവുന്നതാണ്. രണ്ടാമത്തെ മണ്ഡലമാകട്ടെ സ്ഫോടനാത്മകശക്തികളുടേതാണ്. ഈ ശക്തികളത്രെ മാനസികവും സിരാസംബന്ധവുമായ രോഗങ്ങൾക്കു കാരണം. ഈ ശക്തികളെ നിയന്ത്രിക്കുക അനായാസമോ, ക്ഷിപ്രസാദ്ധ്യമോ അല്ല. മൂന്നാമത്തെ മണ്ഡലം കേന്ദ്രമണ്ഡലമാണ്. ബോധമനസ്സുകൊണ്ട് ഈ മണ്ഡലത്തെ നിയന്ത്രിക്കുക തികച്ചും അസാദ്ധ്യമത്രേ.

വ്യക്തിയുടേയും സമഷ്ഠിയുടേയും അബോധതലത്തിലേക്ക് എത്തിനോക്കുവാൻ മുഖ്യമായും സ്വപ്നങ്ങളിലൂടെയാണ് നമുക്ക് സാധിക്കുന്നത്. ഫ്രോയിഡിൻെറ സിദ്ധാന്തമനുസരിച്ച് ശൈശവദശയിൽ അടിച്ചമർത്തപ്പെടുന്ന ലൈംഗികവികാരങ്ങൾക്കും ആഡ്ലയുടെ സിദ്ധാന്തമനുസരിച്ചുള്ള അപകർഷതാ ബോധങ്ങൾക്കും പുറമെ, സമഷ്ടിഗതമായ വികാരവിചാരങ്ങളുടെയും, വാസനകളുടെയും അവശേഷങ്ങൾകൂടി സ്വപ്നങ്ങളിലൂടെ പ്രത്യക്ഷപ്പെടുമെന്നാണ് യുങ്ങിൻെറ നിഗമനം. ഈ അവശിഷ്ടവിഭാഗത്തെയാണ് യുങ് പ്രാഗ്ബിംബങ്ങളും മണ്ഡലമെന്നു വിശേഷിപ്പിക്കുന്നത്. യുങ്ങിൻെറ മനഃശാസ്ത്രത്തിൽ പ്രാഗ്ബിംബ സിദ്ധാന്തത്തിന് പ്രമുഖമായ സ്ഥാനമാണ് കല്പിച്ചിരിക്കുന്നത്. പൗരാണികവും മനുഷ്യവർഗ്ഗപരവുമായ അനുഭവങ്ങളുടെ ഈ മണ്ഡലം ഐതിഹ്യങ്ങളിലും പ്രതിരൂപങ്ങളിലും കൂടിയത്രെ മൂർത്തരൂപം കൈക്കൊള്ളുന്നത്. "മിത്തുകൾ" ഇക്കാര്യത്തിൽ ഗണ്യമായ പങ്കുവഹിക്കുന്നു. മാനസികോർജ്ജത്തിൻെറ ഘനീഭൂതരൂപമാണ് ആദിരൂപങ്ങൾ എന്നുവേണമെങ്കിൽ പറയാം. പ്രതിരൂപങ്ങളിലൂടെ മാത്രമെ, ആദിരൂപങ്ങൾക്ക് സ്വയംപ്രകാശനസാദ്ധ്യമാകൂ; മൂർത്തരൂപം സിദ്ധിക്കയുള്ളൂ. സമഷ്ടിഗതമായമണ്ഡലംകൂടി മനോവിജ്ഞാനീയത്തിൽ ഉൾപ്പെടുത്തി എന്നതാണ് യുങ്ങിൻെറ സവിശേഷസംഭാവന.

ഈ സിദ്ധാന്തത്രയത്തിലോരോന്നും സത്യാത്മകമാണെന്നു തന്നെ പറയണം. ഓരോന്നിലും അടങ്ങിയിരിക്കുന്ന സത്യത്തിൻെറ തോതു് നിർണ്ണയിക്കപ്പെടേണ്ടതാണെന്നുമാത്രം ഒരുപക്ഷെ ഈ സിദ്ധാന്തത്രയത്തെ സമന്വയിപ്പിച്ചു, ഒരു നൂതന സിദ്ധാന്തം രൂപംകൊള്ളുമെങ്കിൽ, അതു സർവ്വോപരി സത്യാത്മകമായേക്കാം. അത്രമാത്രം. (അവസാനിച്ചു)

(35 ൽ നിന്നും തുടർച്ച)

ററ് അവരെ എതിരേററു.

അന്നു രാത്രി മാർത്ത ഗീതയോടു പറഞ്ഞു: "എനിക്കിനി മേലാൽ ഈ സിനിമക്കാരെ കാണുകയേ വേണ്ട. മതിയായി. അവരെ സിനിമയിൽ കാണുകയാ ഭേദം."

ഗീത കുലുങ്ങിച്ചിരിച്ചു. (തുടരും)

നാലു്

അങ്ങനെയാണങ്കിൽ സത്യത്തിൻെറ പുറംതൊലി പൊളിച്ചു് വൃത്തിയായും വ്യക്തമായും നിന്നെ കാട്ടി ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നു് തീരുമാനിച്ചുകൊണ്ടാണു് എഴുതുന്നതു്. പറയരുതാത്തതാണു് പറഞ്ഞുപോകുന്നതെന്നും എനിക്കറിയാം. അറിഞ്ഞുകൂടാത്തതു് അറിയിക്കാതിരുന്നാലുണ്ടാകുന്ന ഭവിഷ്യത്തോർത്തു് ഞാൻ ഇന്നു എഴുതിപ്പോകുകയാണു്. എന്തിനാണു ഞാനീ ആവശ്യമില്ലാത്ത ന്യായങ്ങൾ കണ്ടുപിടിക്കുന്നതു്. ഇന്നലത്തേയ്ക്കു. എൻെറ കടമതീർന്നു. എന്നിട്ടും ഞാൻ ന്യായങ്ങളുടെ ചുട്ടുക്കവീണ തിരശ്ശീലകളുടെ മറവിൽ ഒളുങ്ങുവാൻ ശ്രമിക്കുന്നതു് മനസാക്ഷിയുടെ അന്തപുരത്തെ അടിയാഴങ്ങളുടെ ഊക്കം കുറയുവാനും കൂട്ടുവാനും അല്ല. സംഭവങ്ങൾക്കു് നിരക്കട്ടു് ചാലിക്കാനല്ല. ആശ്വാസത്തിൻെറ തെളിനീരുറവകൾ നുണയുവാൻ മാത്രം. നീ അതിനെന്നെ സഹായിച്ചിരുന്നെങ്കിൽ. ബാലൂ—ഒടുവിലും സംഭവിച്ചു സംഭവിക്കരുതെന്നാഗ്രഹിച്ചിട്ടും. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണന്നറിയാമെന്നിട്ടുകൂടിയും.

മദ്യം വിവേകത്തിനു വഴിമാറികൊടുത്തപ്പോൾ, അതുമല്ലെങ്കിൽ മദ്യലഹരി മധുവികാരങ്ങൾക്കു് ചൂടും ആവേശവും പകർന്നുകൊടുത്തപ്പോൾ എല്ലാവരെപ്പോലെതന്നെ ഞാനും ഞാനല്ലാതായിമാറി. ഒരു ദുർബ്ബലനിമിഷത്തിൽ ഡോക്ടർ സുശീലയുടെ കിപ്പറയിലെ സഹയാത്രികനാകേണ്ടിവന്നു. ചട്ടമ്പിയായ സുധാകരൻ ഡോക്ടർ സുശീലയുടെ ശാരീരിക, ലൈംഗിക, ബന്ധത്തിൻെറ ചരടിൽ കോർത്തുപോയി. പാടില്ലാത്തതായിരുന്നിട്ടുകൂടി. പക്ഷെ അതു് എന്നെസംബന്ധിച്ചടത്തോളം വലിയ ഒരു അറിവായിരുന്നതിർത്തും അറിഞ്ഞിരിക്കേണ്ട ഒരു അറിവും. ഇങ്ങേയററം നിന്നെ അറിയിക്കാൻ വേണ്ടിമാത്രമെങ്കിലും.

ഡോക്ടർ സുശി നീ ധരിക്കുന്ന ഡോക്ടർ സുശീലയല്ല. നീ നോക്കുന്ന കാഴ്ചപ്പാടു് തികച്ചും തെററാണ്. ആ വ്യക്തി നശിച്ചു, ദുർബ്ബലമായ,ഒരു മാംസപിണ്ഡം

ഉണ്ണികൃഷ്ണൻ

മാത്രമാണ്. ആധുനിക വൈദ്യശാസ്ത്രത്തിൻെറ എല്ലാ പരീക്ഷണമേഖലകളും ഡാക്ടർ സുശിയെ ഒരു നശിച്ച ജീവിതത്തിലേക്ക് വഴിതെററിക്കുകയായിരുന്നു. നീ ഒരു മെഡിക്കൽകോളേജ് വിദ്യാർത്ഥിയാണ്. നിന്നോടു് വൈദ്യശാസ്ത്രത്തിൻെറ ഭാഷയിൽ പറഞ്ഞാലും നിനക്കു മനസ്സിലാകുമല്ലോ? ഡോക്ടറുടെ ശരീരത്തിലെ വികാരമൂർച്ഛയേറിയ ഹോർമോണുകളെ മനപൂർവ്വം മരുന്നുകളുടെ സഹായത്താൽ ആ സ്ത്രീ സ്വയം നിർവീര്യമാക്കുകയായിരുന്നു എന്നുള്ള സത്യം ഒരു വിരോധാഭാസമായി ഒരു പക്ഷെ നിനക്കു തോന്നിയേക്കാം. എന്തിനാണ് ഈ ക്രൂരമായ ദുർവിധിയെ സ്വയം നേരിട്ടതു്. അതിൻെറ പിന്നിലുള്ള ഒരു ദുഃഖസത്യമാണ് അതിനു മറുപടി പറയേണ്ടതു്.

കേണൽ രാജൻെറ ദൗർബ്ബല്യങ്ങൾ മനസ്സിലാകുമ്പോഴാണ് ആ ദുഃഖസത്യം

കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നതു്. കേണലിനു് ചൂടും ആവേശവും ശക്തിയും നല്കാൻ സാധിക്കാതെ വന്നപ്പോൾ ആ സാധ്വി കത്തി ജ്വലിക്കുന്ന തന്റെ ശക്തിധാരകളെ, നാഡീതരംഗങ്ങളെ മരുന്നുകളുടെ സഹായത്താൽ വീര്യം കുറച്ച് ഉപശമിപ്പിക്കുന്ന ഒരു ദാമ്പത്യബന്ധം പട്ടണത്തിലായിത്താൻ ശ്രമിക്കയായിരുന്നു. സ്വയം എരിഞ്ഞടങ്ങിക്കൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്ന ജന്മാവേശങ്ങൾ ആളികത്തുകയും അതു് പൈശാചികമായി തീരുകയുംചെയ്തു നിസ്സഹായതയിൽ മുങ്ങിക്കഴിഞ്ഞപ്പോൾ ആ നിരാശ വെറും അർത്ഥമില്ലാത്ത ആവേശം മാത്രമായി മാറി. പരാജയം മുടിവെക്കുവാനുള്ള പ്രകടനങ്ങളായിരുന്നു പിന്നീടുണ്ടായതെല്ലാം. സാധുവായ ജിമ്മി എന്ന പട്ടി മുതൽ സുധാകരൻ എന്ന ചട്ടമ്പിവരെ ഇതിലെ നിരപരാധികളായ കഥാപാത്രങ്ങളാണു്. ആർക്കും ചെന്നെത്താൻ സാധിക്കാത്ത ഒരു ഗുഹ്യമണ്ഡലം മാത്രമായിരുന്നു ഞങ്ങൾക്കു കാണാൻ കഴിഞ്ഞതു്. ഇതിൽ കൂടുതൽ നിന്നോടു് ഞാൻ എന്തുപറയാൻ?

കേണലിന്റെ കണ്ണുകൾ താനേ അടഞ്ഞുപോയി. താൻ ഈ വായിക്കുന്നതെന്താണു്? പൂനയിൽ സുശീലയുമൊത്തു് താമസിക്കുമ്പോൾ ഡാക്ടർ സുശീല വാങ്ങിച്ചുകൂട്ടുന്ന മരുന്നുകളെപ്പററി അന്നു് തനിക്കു് യാതൊരു സംശയവും ഉണ്ടായിരുന്നില്ല. പ്രത്യേകിച്ചു് ഒരു മനസ്സിൽ തോന്നിയില്ല അതു കൊണ്ടു്മാത്രം മറെറാന്നും അന്വേഷിച്ചതും ഇല്ല. പക്ഷെ, ഇന്നു് ഞാനോർക്കുന്ന ആ കാലഘട്ടങ്ങളിൽ തങ്ങളുടെ കിടപ്പറകളിൽ ചൂടുള്ള നിശ്വാസങ്ങൾക്കു പകരം ഉയർന്നുവന്നതു് ഉറക്കത്തിന്റെ കൂർക്കം വലികളായിരുന്നു തണുത്ത മന്ദസ്മിതങ്ങൾ മാത്രമായിരുന്നു കൈമാറിയിരുന്നതു്. പാവം സുശീല. തനിക്കുവേണ്ടി എന്തെല്ലാം കഷ്ടപ്പാടുകൾ അനുഭവിച്ചിരിക്കുന്നു. സ്വന്തം ഭാര്യയെ തൃപ്തിപ്പെടുത്താൻ കഴിയാതെവന്ന തന്റെ കഴിഞ്ഞകാലജീവിതത്തെപ്പററി കേണൽ സ്വയം ശപിച്ചു. ആദ്യമെല്ലാം ഓരോ പ്രാവശ്യവും ഭാര്യയുടെ മുമ്പിൽ പരാജയപ്പെട്ടു പിന്മാറുമ്പോൾ വല്ലാത്ത വേദനയും കുററബോധവും അനുഭവപ്പെട്ടമായിരുന്നു. രക്ഷപെടാനും ഒളിച്ചോടി മറയുവാനുമുള്ള ആവേശമായിരുന്നു. അവളുടെ ആവേശപ്രകടനങ്ങൾകൂടി വന്നപ്പോൾ മെയ്യും, അശക്തി കുറഞ്ഞുവന്നപ്പോൾ വേദനയുമായിരുന്നു അനുഭവപ്പെട്ടതു്. റംഗൂണിലെയും ഹൗറയിലെയും തെരുവുവേശ്യകളുടെ മുന്നിൽ ചൗരംഗി താഴ്വരയിലെ കാട്ടു പെണ്ണുങ്ങളുടെ മുന്നിൽ അങ്ങനെ എവിടെയെല്ലാമോ അവിടെയെല്ലാം തുടരെത്തുടരെ പരാജയമടഞ്ഞപ്പോൾ നിത്യസംഭവങ്ങളുടെ പട്ടികയിൽ സ്വയം അലിഞ്ഞുചേർന്ന ഒരു സ്വഭാവം മാത്രമായി അതുമാറി. വിജയവാഡയിലെ ചൂരമ്പ എന്ന കൈരുത്തി, ചിരിച്ചുകളിയാക്കിയപ്പോഴും മധുരയിലെ മീനാക്ഷി തെരുവിലെ മുള്ളത്തി ഇട്ടു, പച്ചകത്തിയ ലക്ഷ്മി അത്താളിന്റെ വിരിഞ്ഞമാറിൽ രാത്രിമുഴുവൻ തല ചായ്ച്ച് ഉറങ്ങിയപ്പോഴും ഒന്നും സംഭവിച്ചതായി തോന്നിയില്ല. സ്വന്തം മകൻ ഗർഭപാത്രത്തെ അന്വേഷിച്ചിറങ്ങി, ആ അന്വേഷണത്തിൽ കൂടി ജീവിതം നശിപ്പിച്ച് ഒരു കഥാകാരനായി മാറിയപ്പോൾ, "ഒരു കള്ളനെപ്പോലെ അവന്റെ മുറിയിൽ കടന്നുകൂടി, അവന്റെ ഡയറിക്കുറിപ്പുകളിൽ കൂടി സ്വന്തം ജീവിതത്തിലേക്കു് തിരിച്ചുപോകേണ്ടിവരുന്നു, എന്തൊരു വൈരുദ്ധ്യം. സുശീലയുടെ ഫോട്ടോയും മാറഞ്ഞുവച്ച് സ്വർണകൾ അയവിറക്കിക്കൊണ്ടു് ഉറങ്ങാതെ കിടന്നില്ലായിരുന്നുവെങ്കിൽ നേപ്പയിലെ യുദ്ധമുന്നണിയിലെ പട്ടാളക്യാമ്പിൽ പൊട്ടിത്തെറിച്ചു വെടിമരുന്നുകളുടെ ഇടയിൽ അറിയാതെതന്നെ, കരിഞ്ഞു ചാമ്പലായിതീരേണ്ട ഞാൻ; ഇന്നു്, വർഷങ്ങൾക്കുശേഷം, മകന്റെ കാർത്തകുറിപ്പുകളുടെ താളുകളിൽ അടുക്കിവച്ചിരിക്കുന്ന അക്ഷരങ്ങളുടെ ബോംബുപൊട്ടിക്കുരമായി കൊലചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. ഉയർന്നുനിന്ന കേണലിന്റെ ഞരമ്പുകളിൽ ഓടാതെ, തളംകെട്ടിനിന്നു, കരിനീലിച്ച രക്തബോംബുകൾ കൃതകാലത്തിന്റെ അത്യാഗാധമായ പാഴ്കിണറിൽ തുടരെത്തുടരെ സ്ഫോടനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു.

കുടുമിയും വച്ച് പാളത്താറും ഉടുത്തു് അച്ഛന്റെ പിന്നാലെ, ഒരുക്കി അവസരണയോടുകൂടി പടികയറിച്ചെന്ന ആ പട്ടാളക്കാരൻ വായ്ക്കരവുകളുടെയും നാദ

സ്വരമേളങ്ങളുടെയും മാറെറാലി പിന്നിട്ടുകൊണ്ടു് സുശീലയുമൊത്തു് സ്വന്തം ദാമ്പത്യമണിയറയിൽ പ്രവേശിക്കുന്നതുമുതൽ, സുശീലയുടെ ആദ്യത്തെ പ്രസവം അറിയിക്കുന്ന കമ്പിസന്ദേശം മിലിട്ടറിക്യാമ്പിൽ കിട്ടുമ്പോഴുണ്ടായസന്തോഷവും സുശീലയുടെ സ്വകാര്യബാറിലെ അഴിഞ്ഞാട്ടങ്ങളുടെ പശ്ചാത്തലസംഗീതവും ആ വീടിന്റെ മാർബിൾ ഭിത്തികൾക്കുള്ളിൽ കിടന്നു് ശ്വാസം മുട്ടി നീറിനീറി മരിച്ചു വീണ ലക്ഷ്മിയുടെ ദീനരോദനങ്ങളും അങ്ങനെ എന്തെല്ലാം ആസ്ഫോടനത്തിലുണ്ടായിരുന്നു.

കേണൽ ഡയറിയിലേക്കു് വീണ്ടും കണ്ണോടിച്ചു. എഴുത്തു് അപൂർണ്ണമാണു്. ബാക്കിഭാഗം ഒട്ടിച്ചുവച്ചിരുന്ന സ്ഥാനത്തുനിന്നും വളരെ പ്രയാസപ്പെട്ടു് കീറി കളഞ്ഞതായി കാണാം. പശപൂരട്ടിയിരുന്ന പാട് തെളിഞ്ഞു്കിടപ്പുണ്ടു്. കീറാൻ സാധിക്കാതെ ഒട്ടിയിരുന്ന ഒന്നുരണ്ടു് കഷണങ്ങളും ആ പേജിലുണ്ടു്. വെള്ളംവീണു് മഷിപടർന്നു് ചിലവരികൾ ബദ്ധപ്പെട്ടാണു് വായിച്ചുതീർത്തതു്. എത്തും പിടിയും കിട്ടാത്ത ചില വരികൾ രാജി—ഉപകരണം. രണ്ടെണ്ണം തെളിഞ്ഞുകാണാം. ഇറുങ്ങിയ പാൻറും ഇട്ടു് ലിപ്സ്റ്റിക് ഒഴുക്കുന്നചുണ്ടുകളിൽ കത്തിയെരിയുന്ന വിലകൂടിയ സിഗററ്റും കടിച്ചു്, പ്രായത്തിൽ കവിഞ്ഞ വലിപ്പമുള്ള സ്തനദ്വയങ്ങൾ വമിഞ്ഞുകെട്ടി, മദാലസയായി പ്രായവ്യത്യാസമന്യേ പരപുരുഷന്മാരുടെ തോളിൽ തലചായ്ച്ച് സുശീലയുടെ സ്വകാര്യബാറിലേക്കു്നടന്നുപോകുന്ന ബാലുവിന്റെ അനിയത്തി, തന്റെ മകൾ അല്ല സുശീലയുടെ മകൾ രാജി പുഛത്തോടും അമർഷത്തോടുംതന്നെ തുറിച്ചുനോക്കുന്നതായി കേണലിനു തോന്നി. ഉരുണ്ട ആ വട്ടക്കണ്ണുകളുടെ മുമ്പിൽ സാഹസികതകളുടെ അടയാളമായി തനിക്കുലഭിച്ച പട്ടാളഛിഹ്നങ്ങൾ ഉരുകിദ്രവിക്കുന്നതുപോലെ തോന്നി. ആ കണ്ണുകളിൽ അടങ്ങാത്ത ആവേശത്തിന്റെ രക്തച്ഛായകലർന്നിരുന്നില്ലേ? ആ മുഖത്തു് ഒട്ടുങ്ങാത്ത മാംസദാഹത്തിന്റെ നീർച്ചാലുകൾ ഒഴുകിനടന്നിരുന്നില്ലേ? നഗ്നയാകാനും നഗ്നതയെ തൊട്ടു

രുമ്മാനം പുറപ്പെട്ടതിൻെറ പടഹധ്വനി ആ ചുണ്ടുകളിലെ വിറയലുകളിലും വിതു മ്പലുകളിലും മിന്നിയിരുന്നില്ലേ? കേണ ലിൻെറ സംശയങ്ങൾ സംഭവങ്ങളിലൂടെ ഉണ്ടാംകഴിയിട്ട് പരതിനടന്നു.

പട്ടാളത്തിലെ ഒരു ജൂനിയർ ആഫീസ റായിരുന്നു നിസ്സാർ. കുററവാളിയായി പിടിക്കപ്പെടിയപ്പോൾ രക്ഷയ്ക്കുവേണ്ടി യാച നയുമായി മുന്നിൽവന്ന നിസ്സാർ പിന്നാ രിക്കൽ തൻെറ മകളുമൊത്ത് നഗ്നനായി വരിഞ്ഞുമുറുകുന്നതും അലഞ്ഞുചേരുന്ന തും അറിയാതെകണ്ടപ്പോൾ നിസ്സഹായത കൊണ്ടോ എന്തോ നിസ്സാറിനെപ്പററി ഒ ന്നും തോന്നിയില്ല ഇന്ന് ഈ ഡയറിയി ലെ കീറിക്കളഞ്ഞ എഴുത്തിൻെറ അവശി ഷ്ടഭാഗങ്ങളിൽ രാജി എന്ന പേരുവായി ച്ചപ്പോൾ, ആ മുഖം മനസ്സിൻെറ കണ്ണാടി യിൽ നോക്കി പല്ലിളിച്ചപ്പോൾ നിസ്സാ ർമനമാത്രമല്ല ആ മിനിസ്കർട്ടിൽ ഒളി ഞ്ഞിരുന്ന നിഗൂഢാവയവങ്ങൾക്ക് ചൂട്ടുപ കരാൻകടന്നുവന്ന എല്ലാവരെയും കേണൽ ഒരായിരമാവർത്തി തൻെറ മുമ്പിൽകണ്ടു.

ഡയറിയിൽ ഒട്ടിച്ചുവച്ചിരുന്ന മററൊ രു കുത്ത് അപ്പോഴാണ് കേണലിൻെറ ശ്ര ദ്ധയിൽപ്പെട്ടതു്.

സുധേ നിനക്കു മറുപടി ഞാനെഴുതും. പക്ഷെ ഒരിക്കലും നിൻെറപേക്ക് ഞാന തു് അയച്ചുതരികയില്ല. എന്തിനും മറുപ ടിയുള്ള എനിക്ക് നിൻെറ കത്തിനും മറു പടി ഉണ്ടെന്ന് സ്വയം സമാധാനിക്കാൻ എഴുതി ആശ്വാസംകൊള്ളുന്നു എന്നുമാ ത്രം: ഞാനും എൻെറ നോവലും ഈ ഡ യറികീറിപ്പും നശിക്കുന്നതുവരെ അതു് ഈ താളുകളിൽ ഒട്ടിപ്പിടിച്ചിരിക്കും.

ആവേശം നശിച്ച ഒരു സ്ത്രീ തന്നെ സ മീപിക്കുന്ന ആളുകളെ തൃപ്തിപ്പെടുത്തു വാൻ സ്വന്തം മക്കളെ ഉപകരണമാക്കുന്ന തും അറിയാതെ ആ സ്ത്രീയുടെ വലയിൽ അകപ്പെട്ട ലക്ഷ്മിയെപ്പോലുള്ള പെൺ കുട്ടികളെ ക്രൂരമായി കൊലപ്പെടുത്തിയ തും ഒരു പുതിയ അറിവായി നീ മേലാ ഷിച്ച് എഴുതിയിരിക്കുന്നു. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം ഇതൊന്നിലും ഒരു പുതുമയും ഇല്ല രഹസ്യവും ഇല്ല. ല ക്ഷ്മിയും രാജിയും അച്ഛനും അമ്മയും അ മ്മയുടെ ഗർഭപാത്രവും ഒന്നും എൻെറ നോവലിലെ കഥാപാത്രങ്ങളല്ല ഒരിക്ക

ലും മുളച്ചിട്ടുപോലുമില്ലാത്ത എൻെറ അ മ്മയുടെ മനസ്സാക്ഷിക്കു പ്രയാസം നേരിട്ടു ന്നു എന്നെഴുതിയതിലും ഒരു പുതുമയും ഇല്ല. വേറെ തോന്നിയില്ലങ്കിലേ അതിശ യിക്കാനുള്ളു. എനിക്കു ലഭിച്ച ഉച്ചമായ മെഡിക്കൽ വിദ്യാഭ്യാസത്തിൻെറ അറി വിൽ അതിൻെറ പശ്ചാത്തലത്തിൽ ഗർഭപാത്രത്തെ പ്രധാന കഥാപാത്രമാ ക്കിയും ഗർഭധാരണസംഭവമാക്കിയും ഗർഭപാത്രത്തോട് ബന്ധപ്പെട്ട നാഡീ വ്യൂഹങ്ങളെ ഉപകഥാപാത്രങ്ങളാക്കിയും ഒരു കഥ ഞാനെഴുതി എന്നുള്ളതും ആ നോവൽ പ്രസിദ്ധീകരിച്ചുതുടങ്ങി കഴിഞ്ഞു എന്നുള്ളതും സത്യമാണ്. എ ൻെറ നിഗമനങ്ങൾക്ക് ഉപോൽബലകമാ യി നമ്മുടെ ചുററും കാണുന്ന ചില സാ ധാരണക്കാർക്ക് നിറപ്പകിട്ടേകി വായന ക്കാരന് രുചികരമാംവണ്ണം കഥ എഴുതുക എന്നുള്ളതാണ് ഒരു സാഹിത്യകാരൻക്കു ടിയായ ഈ മെഡിക്കൽ വിദ്യാർത്ഥിയു ടെ ലക്ഷ്യം. അതു് നൂറുശതമാനമായില്ലെ ങ്കിൽപോലും എനിക്കതിൽ പരാതിയുമി ല്ല, ഒട്ടുമുക്കാലും വിജയിച്ചിട്ടുണ്ടെന്നാണ് എൻെറ ധാരണ. വായനക്കാരൻെറ പ്രതി കരണങ്ങളെ തീർത്തും ആശ്രയിച്ചാണ് കലാസൃഷ്ടികളുടെ വിജയം. സുധേ. ലോ ലമായ മാംസപേശികൾകൊണ്ട് കൂട്ടണ്ടാ ക്കപ്പെട്ട ഒരു ഗർഭപാത്രത്തിൽ സൃഷ്ടി കർത്താവുപോലും അറിയാതെ ഒരു കറുത്ത പാട്ട് കടന്നുചെന്ന് ഇരിപ്പുറപ്പിച്ചു. മായിച്ചിട്ടും മായാത്തവിധം ആ പാട്ട് ഉറച്ചുപോയി. മരുന്നുകൾക്ക് നശിപ്പിക്കാ നാവാത്തവിധം, വിദഗ്ദ്ധശസ്ത്രക്രിയ കൾക്കുപോലും ഒരു നേരിയ പോറലോ മങ്ങലോ ഏല്പിക്കാനാവാത്തവണ്ണം ആ ക റുത്ത പാട്ട് ഗർഭപാത്രത്തിൽ ഒളിച്ചുകളി നടത്തുന്നു. ഗർഭധാരണത്തിനുശേഷം ഭ്രൂണത്തോടൊപ്പം ആ കറുത്ത പാട്ടും അല്പാല്പം വളരുന്നു. പ്രസവിച്ച ശിശുവി നും ആ കറുത്ത പാട്ട് ഉണ്ടായിരുന്നു. എ ന്നാൽ ഏററവും വലിയ സവിശേഷത ആ പഴയ കറുത്ത പാട്ട് അതേ വലിപ്പ ത്തിൽ അതേ സ്ഥാനത്തു് പിന്നെയും അവ ശേഷിച്ചിരിക്കുന്നു. പ്രകൃതിയുടെ ഈ പ്ര തിഭാസത്തിൻെറ അഗാധതയിൽനിന്നുമാ ണ് എൻെറ നോവലിൻെറ കഥാബീജ വും മൊട്ടിട്ടുവളരുന്നതു്. കഴുത്തററം മുടി

യും വളർത്തി, കവിളിൽ വീതുളിയുംവെ ച്ച് നിരത്തിൽ കഞ്ചാവും പുകച്ച് ബന്ധങ്ങൾക്കും ബന്ധനങ്ങൾക്കും വില കല്പിക്കാതെ ലൈംഗിക വൈകൃതങ്ങളുടെ നിറംപിടിപ്പിച്ച നുണകളുമുരുവിട്ട് കറ ങ്ങിതിരിയുന്ന നിനക്ക് എൻെറ നോവ ലോ അതിൻെറ അർത്ഥമോ മനസ്സിലാ യി എന്നു വരില്ല. പഞ്ചഭൂതങ്ങളുമറിയാ തെ ജനിച്ചു ജീവിച്ച് മരിക്കാൻപോകുന്ന എൻെറ അച്ഛനും, പഞ്ചലോഹങ്ങൾകൊ ണ്ടുണ്ടാക്കപ്പെട്ട അമ്മയ്ക്കും അതു ദഹിക്കാ ത്ത വിഷയങ്ങളായി അരോചകമായി അ നുഭവപ്പെടാം. ആ കറുത്ത പാടിനോടുള്ള നിണ്ട കുരിശുയുദ്ധത്തിൽ സ്വന്തം ഗർഭ പാത്രവും ആ പാത്രം വളർത്തിഎടുത്ത ജീവനും ഒടുവിൽ ആഹുതിചെയ്യപ്പെടേ ണ്ടിവരുന്ന ആ നോവലിൻെറ ദുഃഖപര്യ വസാനം, പല യുദ്ധങ്ങളിലും ധീരസാ ഹസികത കാട്ടി മെഡലുകൾ നേടിയ കേണൽ രാജന് മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി ഇതുവരെ ഉണ്ടാകാത്ത തിൽ എനിക്ക് അല്പംപോലും അത്ഭുത മില്ല. എന്നാൽ മറെറാരു ചോദ്യം സുധ ചോദിച്ചേക്കാം. ചോദിച്ചില്ലെങ്കിലും അ തിനു മറുപടി ഞാൻ പറയുകയാണ്. എൻെറ അച്ഛനും അമ്മയ്ക്കും ഇല്ലാത്ത ആ വിശേഷബുദ്ധി എനിക്കുമാത്രം എങ്ങനെ ലഭിച്ചു? അവിടെയാണ് ശാസ്ത്രത്തിൻെറ വിശേഷത! അനേകായിരം ലോലമായ തന്തുധമനികളുടെ പ്രവർത്തനത്തിൻെറ പ്ര ത്യേകത. ശാസ്ത്രജ്ഞന്മാർ ഇന്നുവരെ ക ണ്ടുപിടിച്ചിട്ടില്ലാത്ത, അത്ഭുതകരമായ ജീവോല്പാദന പ്രക്രിയയുടെ രഹസ്യ ഗോളങ്ങൾ അവിടെയാണ്. കറുത്ത പാട്ടു ള്ള ചുവന്ന ഗർഭപാത്രത്തിനു പകരം ചു വന്ന പാട്ടുള്ള കറുത്ത ഗർഭപാത്രം മാററി സ്ഥാപിക്കുന്ന മെഡിക്കൽ വൈദഗ്ദ്ധ്യ ത്തിൻെറ മനഃശാസ്ത്രം അവിടെയാണ് നിലകൊള്ളുന്നതു്. ചുരുക്കത്തിൽ വൈ ദ്യശാസ്ത്രത്തിൻെറ പിന്നിലുള്ള മനഃശാസ്ത്ര ത്തിൻെറ ആത്യന്തികമായ വിശകലനമാ ണ് ഒരർത്ഥത്തിലെൻെറ നോവൽ.

സുധേ. ഞാനീ കത്തു നിർത്തുകയാണ്. പൂർണ്ണമാക്കാതെ ബാക്കി എഴുതുമ്പോൾ ഒട്ടിച്ചുവയ്ക്കാനായി എൻെറ ഡയറിയു ടെ കുറെ താളുകൾ ഞാൻ ശൂന്യമാക്കിയി ട്ടുന്നു. ഇന്ന് എൻെറ നോവലിൻെറ പ ണി വീണ്ടും ആരംഭിക്കയാണ്. അതിനു മുമ്പ് ഞാൻ ഒന്നു വിശ്രമിക്കട്ടെ.

കേണലിനും ഒന്നു വിശ്രമിക്കണമെന്നു തോന്നി. ഡയറിയിലെ ശൂന്യമായ താളു കൾമറിയുന്നതിനുമുൻപ്.

ഹോസ്റ്റലിലെ നാഴികമണി ഒന്നു ശബ്ദി ച്ചു കേണൽ തൻെറ വാച്ചിൽ നോക്കി. മണി നാലര. പുലരുവാൻ ഇനി കുറച്ചു മണിക്കൂർ മാത്രമേയുള്ളു. അതിനിടയിൽ ബാല്യ ഒരു പക്ഷെ വന്നുചേരാം. തൻെറ അന്വേഷണം ഇതുവരെ ഒന്നുമായില്ല താ നും. നോവലിൻെറ താളുകൾ കണ്ടുകി ട്ടിയിട്ടില്ല സുശിയുടെ ടെലിഫോണി ലെ വാചകങ്ങൾ കാതുകളിൽ കിടന്നുമുഴ ങ്ങുന്നു. റമ്മിൻെറ ഗന്ധം മുറിക്കുള്ളിൽ ഇപ്പോഴും താളം ചവിട്ടുന്നുണ്ട്. ശ്വാ സോച്ഛ്വാസത്തിൽ കൂടി കേണൽ മദ്യ പിക്കയും ലഹരി പിടിക്കയും ചെയ്തിരുന്ന തുകൊണ്ട്, നഷ്ടപ്പെട്ടുകൊണ്ടിരുന്ന ഊർ ജ്ജം നികത്തുവാൻ വൃദ്ധനായ ആ പട്ടാള നായകന് ആയാസപ്പെടേണ്ടിവന്നിരുന്നി ല്ല. ഫാനിൻെറ ഇലകളുടെ ഇളക്കത്തിൽ തെറിച്ചുവീണ കലണ്ടറിലേക്ക് അറിയാ തെ നോക്കിയതാണെങ്കിലും തെളിഞ്ഞു നിന്ന ആ കലണ്ടറിലെ പടത്തിൽ തൻെറ ശ്രദ്ധ മുഴുവനും ഇളച്ചുകയറി. കേട്ടുമറന്ന ആ കുട്ടിക്കഥ സംവിധാനഭംഗിയോടും ആവിഷ്ക്കരണചാതുര്യത്തോടുംകൂടി പി താവിൻെറ മുമ്പിൽ അവതരിപ്പിച്ചുകിന യിക്കുന്ന ഒരു പ്രതീതി കേണലിൻെറ മന സ്സിൻെറ ഉള്ളറയിൽ ദൃശ്യമായി. സുശി ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയായിരുന്നു. ഉറക്കമില്ലാതെ പഠിത്തത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകഴിയുന്ന സുശിയെ അറിയാതെ ഉറങ്ങിപ്പോകുന്ന ചില സ ന്ദർഭങ്ങളിൽ നിരവധി ദുസ്വപ്നങ്ങൾ കണ്ടിരുന്നു പോലും. ഒരിക്കൽ സുശി കണ്ട സ്വപ്നം. അവൾ തന്നോടുതന്നെ പറഞ്ഞ കഥ കേണൽ പെട്ടെന്ന് ഓർത്തു. രോമാഞ്ചജനകമായ ഒരു വിരിഞ്ഞമാറിൽ. ബലിഷ്ഠമായ കരവലയങ്ങൾക്കുള്ളിൽ അമർന്ന്, കമിഴ്ന്നുകിടന്നുകൊണ്ട്; നഗ നായ ഒരു പുരുഷനെ വാരിപ്പുണരുന്നതാ യി അവൾ സ്വപ്നം കണ്ടു.

(തുടരും)

—o—

കേശവദേവ് എന്റെ നിത്യകാമുകൻ

പതിമൂന്നു്

സീതാലക്ഷ്മിദേവ്

ഒരു ദിവസം ഞാൻ ഗേററിനടുത്തു നിൽക്കുകയാണ്. കേശവദേവ് റേഡിയോസ്റ്റേഷനിൽനിന്നു് വരികയാണ്. അടുത്തുള്ള രണ്ടു മൂന്നു വീട്ടുകാർ ഒരിടത്തുകൂടി ഓരോ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കേശവദേവിനു ഞാൻ നില്ക്കുന്ന ഗേററു കടന്നുവേണം വീട്ടിലേയ്ക്കു പോകാൻ കേശവദേവിനേയും എന്നേയും കണ്ടമാത്രയിൽ അയൽക്കാരുടെ ചർച്ചകൾ നിറുത്തിയിട്ട് ഞങ്ങളെ രണ്ടുപേരേയും ഇമവെട്ടാതെ നോക്കുകയാണ്. അദ്ദേഹം എന്നെ നോക്കിയിട്ടു ചിരിച്ചു. ഞാനും ചിരിച്ചു. ദേവ് വീട്ടിലേയ്ക്കു് കയറിപോയി. ഞാനവിടെതന്നെ നിന്നു.

ഒരു സ്ത്രീ എന്റെ അടുത്തുവന്നിട്ടു ചോദിച്ചു—

"അയ്യോ — ക്ഷീണിച്ചിരിക്കുന്നു. അപ്പിക്കു് എന്താ അസുഖം?"

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു —

"എനിയ്ക്കു് ഒരസുഖവുമില്ല. ക്ഷീണമെന്നു് നിങ്ങൾക്കു് തോന്നിയതാണ്."

വീണ്ടും ചോദിച്ചു—

"അപ്പുറത്തു താമസിക്കുന്ന ആ കഷണ്ടി സാറിനു് മക്കളുണ്ടോ? എന്താ ജോലി?"

ഞാൻ പറഞ്ഞു —

"നിങ്ങൾതന്നെ ചെന്നു ചോദിക്കാമല്ലോ. ആ പച്ച ഗേററാണ്."

"അപ്പിയ്ക്കുറിയാമായിരിയ്ക്കും. എപ്പോഴും വർത്തമാനം പറയുമല്ലോ. അതാണ് ചോദിച്ചതു്."

ഞാൻ പറഞ്ഞു—

"ഞാൻ സംസാരിയ്ക്കും. പോകും. ഇതു ചോദിച്ചില്ല. ചോദിച്ചിട്ടു നാളെ പറയാം."

അവർ "പോട്ടെ." എന്നു പറഞ്ഞു പിരിഞ്ഞു.

അമ്മ എന്നോടു ചോദിച്ചു—

"സീതാലക്ഷ്മി, ഗേററിനടുത്താരാ നിന്നോടു സംസാരിച്ചതു്?"

"അടുത്ത വീട്ടിലെ സ്ത്രീ"

"എന്താ ചോദിച്ചതു്?"

ഞാൻ അവർ ചോദിച്ച കാര്യങ്ങൾ അമ്മയോടു പറഞ്ഞു—

അമ്മ ചോദിച്ചു —

"നീ എന്തിനാ ഗേററിനടുത്തു പോയതു്?"

"പൂ ഇതുവരെ കൊണ്ടുവന്നില്ല. ആ പയ്യനെ നോക്കാൻ പോയി."

അമ്മ പറഞ്ഞു —

"മോളെ നിന്റെ കുട്ടിക്കളി നിറുത്തണം ആളുകൾ ഓരോന്നു പറയുന്നു. മോശമാണ്. മഹാനായ ഒരു മനുഷ്യൻ: നിന്റെ അച്ഛനപ്പോലെ ഞാൻ കരുതി. ഇനി സംസാരിക്കാനും കൂടുതൽ കാണാനും മോളു് ഇടകൊടുക്കരുതു്."

ഞാൻ പറഞ്ഞു —

"ഞാൻ സംസാരിയ്ക്കും."

അമ്മ പറഞ്ഞു —

"ഞാൻ നിന്റെ അച്ഛനല്ല. അമ്മയാണ്. ഞാൻ കൊഞ്ചിക്കുകയില്ല."

ഞാൻ മിണ്ടാതെ ചെന്നുകിടന്നു. രാത്രിയായി. അമ്മ എന്നെ വിളിച്ചു. ഞാൻ മിണ്ടിയില്ല. വീണ്ടും വീണ്ടും വിളിച്ചു —

"സീതാലക്ഷ്മി ആഹാരം കഴിച്ചുകൊണ്ടു കിടക്കണം."

"എനിയ്ക്കു വിശപ്പില്ല."

"നീ ഇത്ര പിണങ്ങുമ്പോൾ എന്തെങ്കിലും മനസ്സിൽ കാണുമല്ലോ. കേശവദേവും നീയും ഒരു തരക്കാരാണൊ? നിനയ്ക്കു് എന്താ തലയ്ക്കു വല്ല അസുഖവുമുണ്ടോ?"

ഞാൻ മിണ്ടിയില്ല.

ചേട്ടൻ വന്നു. അമ്മ ചേട്ടനോടു പറഞ്ഞു —

"ഉണ്ണീ കേശവദേവുമായി കൂടുതൽ കാണാനും സംസാരിക്കാനും പോകണ്ടന്നു ഞാൻ പറഞ്ഞു. അതിനു പിണങ്ങികിടക്കുകയാണ്. ഒന്നും കഴിച്ചിട്ടില്ല. വിളിച്ചിട്ടു വരുന്നതുമില്ല."

ചേട്ടൻ പറഞ്ഞു.

"ഈ പെണ്ണിനെ ഇങ്ങനെ ആക്കിയതു അച്ഛനാണ്. തണ്ടടി കൊടുത്താൽ ആഹാരം കഴിയ്ക്കും."

ചേട്ടൻ വീണ്ടും ചോദിച്ചു—

"അവൾ ദേവ്സാറിന്റെ വീട്ടിൽ പോയാൽ എന്താ കുഴപ്പം? അദ്ദേഹത്തെ കാണാനും സംസാരിക്കാനും ആരെല്ലാം അവിടെ വരുന്നുണ്ട്."

"ഉണ്ണീ, നിനക്കറിയില്ല ലോകം: നിങ്ങൾ കുട്ടികളാണ്."

ചേട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു—

"ഈ പെണ്ണിനെ ആരു ശ്രദ്ധിക്കാൻ?" അന്നു രാത്രി യാതൊന്നും കഴിയ്ക്കാതെ ഞാൻ കരഞ്ഞുകിടന്നു. വെളുക്കാറായപ്പോൾ ഒന്നു മയങ്ങി.

നേരം പ്രഭാതമായി. ഞാൻ മനസ്സിൽ കരുതി. മുൻവശത്തു നിൽക്കണം. കേശവദേവ് അതിലെ പോകുമല്ലോ. മേശയ്ക്കരികിൽ ഒരു പുസ്തകവുമായി വായിക്കുന്ന ഭാവത്തിൽ നില്ക്കുകയാണ് ഞാൻ.

ദേവ് നടന്നുവരുന്നുണ്ട്. ഞങ്ങളുടെ വാതിലിനടുത്തെത്തി. അദ്ദേഹം അവിടെ നിന്നുകൊണ്ടു ചോദിച്ചു—

"സീത എന്താ വല്ലാതിരിയ്ക്കുന്നതു് സുഖമില്ലെ?"

"തലവേദന."

ദേവ് പോയി—

അകത്തുനിന്നു് അമ്മ ഇറങ്ങിവന്നു ചോദിച്ചു.

"നിന്നോടല്ലെ പറഞ്ഞതു് ദേവ്സാറിനോടു മിണ്ടരുതെന്നു്."

"അമ്മയ്ക്കെന്താ? സാറു എന്തെങ്കിലും ചോദിച്ചാൽ ഞാൻ മിണ്ടാതെ നില്ക്കാനൊ? ഞാൻ മിണ്ടും."

അമ്മ പറഞ്ഞു—

"മിണ്ടാനും കാണാനുമല്ലെ നീ ദേവ് സാർ വരുന്ന സമയം നോക്കി ഇറയത്തിറങ്ങിനിന്നതു്. നീ കുട്ടിയാണ്. ഒന്നും ഓർമ്മിയില്ല. അമ്മ പറയുന്നതു് അനുസരിയ്ക്കണം."

ഞാനൊന്നും മിണ്ടാതെ ഒരു പുസ്തകവുമായി മേശയ്ക്കരികിൽ ഇരുന്നു. എല്ലാപേരും എന്റെ അരികിൽനിന്നും മാറിയ സമയംനോക്കി ഞാൻ ഒരു നോട്ട്ബുക്കെടുത്തു് ദേവിനെഴുതി.

വീട്ടിലെ എതിർപ്പുകൾ, അമ്മയുടെ വഴക്കു് എല്ലാം വിശദമായി എഴുതി ആരും കാണാതെ ജനാലവഴി മുറിയ്ക്കുള്ളിലിട്ടു.

നേരം സന്ധ്യയായി. ചിരിയും കളിയും മുളിപ്പാട്ടും, സംസാരവും നിലച്ചുപോയ എന്നെ വീട്ടിൽ എല്ലാപേരും ശ്രദ്ധിക്കയാണ്.

അമ്മചോദിച്ചു.

"നീ എന്താ വല്ലാതിരിയ്ക്കുന്നതു്? വീട്ടു് ഉറങ്ങിയല്ലൊ; ഒരു സാഹിത്യകാരൻ അയൽപക്കത്തു താമസത്തിനുവന്നതുകാരണം നിനക്കെന്താ ഇത്ര മൗനം?"

"എനിയ്ക്കു് കണ്ണുണ്ട്. എല്ലാപേരേയും ഞാൻ നോക്കും."

അനുജത്തിപറഞ്ഞു—

"അമ്മേ: ഇവൾ ഞങ്ങളോടും മിണ്ടുന്നില്ല."

ഞാൻ പറഞ്ഞു—

"നിങ്ങളോടൊക്കെ മിണ്ടാൻ എനിയ്ക്കു മനസ്സില്ല. എങ്കിലൊ?"

അനുജത്തിപറഞ്ഞു—

"കേശവദേവിനോടു മാത്രം മിണ്ടിയാൽ മതി."

"അതു നീ പറയണൊ? ഞൻ മിണ്ടാതിരിയ്ക്കുമൊ?"

അമ്മ ഇതൊക്കെ കേട്ടുകൊണ്ടിരിയ്ക്കുയാണ്.

അമ്മചോദിച്ചു—

"സീതാലക്ഷ്മി ഈയിടെയായി ആകെ മാറിയിട്ടുണ്ട്. എന്തൊരു ബഹളമായിരുന്നു ഈ വീട്ടിൽ. ഇവൾക്കു എന്തുസംഭവിച്ചു."

"അമ്മയ്ക്കു തോന്നുന്നതാണ്. ഞാൻ ആദ്യത്തെ സീതാലക്ഷ്മിതന്നെ. കേശവദേവിന്റെ പുസ്തകങ്ങൾ ഞാനിഷ്ടപ്പെടുന്നു. എനിയ്ക്കു് ഒന്നും സംഭവിച്ചതല്ല."

ആരൊ നടന്നുവരുന്ന കാൽപ്പെരുമാററം കേട്ടു. ശങ്കരൻ ചിരിച്ചുകൊണ്ടു് എന്നോടു പയ്യെക്കെ പറഞ്ഞു—

"ഒരെഴുത്തു് സാറു തന്നയച്ചു"

ഞാൻ എഴുന്നേററുവാങ്ങി വായിച്ചു—

എന്റെ ഓമന രാത്രി വരണം. എനിയ്ക്കു കാണണം. എന്റെ ഇരുളടഞ്ഞ ജീ

വിരുത്തിൽ വെളിച്ചം പകർന്നുതന്ന നീ ഇന്നുതന്നെ രാത്രി വരണം. ഞാൻ കാത്തിരിക്കും.

ശങ്കരനും അമ്മയുമായി സംസാരിക്കുകയാണ്. എന്തെങ്കിലും അവന്റെ വായിൽ നിന്നു വീണുപോകുമോ എന്ന ഭയം എനിക്കുണ്ട്.

അമ്മ ശങ്കരനോടു ചോദിച്ചു—

"ശങ്കരാ, നിന്റെ സാറ് അവിടെയുണ്ടോ?"

"ഉണ്ട്. ഇവിടത്തെ മുത്തകഞ്ഞി അവിടെ വരാത്തതെന്തു് അമ്മാ?"

അവൾക്കു പഠിക്കാനുണ്ട്. എപ്പോഴും വന്നാൽ പഠിക്കണ്ടെ? ശങ്കരാ"

അവൻ ഒരു അർത്ഥംവച്ചുള്ള ചിരിയും മുളലും പാസ്സാക്കി.

ഞാൻ അവനെ ദേഷ്യഭാവത്തിൽ ഒന്നു നോക്കിയിട്ടു ചോദിച്ചു—

"നിനക്കു് ജോലിയൊന്നുമില്ലേ ശങ്കരാ. സാറിനെ കാണട്ടെ. ഞാൻ പറഞ്ഞുകൊടുക്കാം."

അവൻ ഉടനെ ദേവിന്റെ വീട്ടിലേക്കു് പോയി.

നേരം സന്ധ്യയായി. എല്ലാപേരും ഉറങ്ങിയ സമയംനോക്കി ഞാൻ ദേവിന്റെ വീട്ടിൽ പോയി. അദ്ദേഹം ഗേററിനടുത്തു നോക്കിനില്ക്കയാണ്.

ഞാൻ അടുത്തെത്തിയതും അദ്ദേഹം എന്നെ ആഞ്ഞൊരുപിടി. പുഷ്പങ്ങളുടെ സൗരഭ്യം വഹിച്ചുകൊണ്ടുള്ള ഒരു കാററ്, എനിക്കു കുളിരനുഭവപ്പെട്ടു. അദ്ദേഹവും ഞാനും ആലിംഗനബദ്ധരായി ആ മുററത്തു് നില്ക്കയാണ്. നല്ലനിലാവു്.

ദേവു് പറഞ്ഞു—

"എന്റെ ഓമനേ, കുറേനേരം നമുക്കു് ഈ നിലാവിൽ ഇരുന്നു സംസാരിക്കാം."

ഞാൻ അനുസരിച്ചു. കുറച്ചുസമയം കഴിഞ്ഞു ഞാൻ ചോദിച്ചു—

"ആരെങ്കിലും കണ്ടാലോ?"

"കാണട്ടെ."

"എനിക്കു പേടിതോന്നുന്നു."

"ഭയക്കണ്ട. കേശവദേവുണ്ട്."

—o—

കൈപ്പററി

(1) സ്വപ്നം (നാടകം)
എം. സി. ചെറിയാൻ വില 3–75ക.

(2) ഉത്പത്തി (നാടകം)
വി. പി. മുഹമ്മദ് വില 2–25ക.

(3) അപൂർണ്ണതയുടെ സൗന്ദര്യം (കവിതകൾ) പി. നാരായണക്കുറുപ്പ് വില 2–50ക.

(4) ഗ്രീഷ്മം (കവിതകൾ)
സുന്ദരം ധനുവച്ചപുരം വില 3ക.

(6) ജീവിതവീക്ഷണം (ലേഖനങ്ങൾ)
പി. കേശവദേവു് വില 4ക.

(7) നിരൂപണം (ലേഖനങ്ങൾ)
പവനൻ വില 5–50ക.

(8) ഹൈദരലി (ജീവചരിത്രം)
ജി. ശങ്കരക്കുറുപ്പ് വില 3ക.

സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ചവ.

കേരള
ബിസിനസ് ബ്യൂറോ
കണ്ണൂർ

സാഹിത്യവാരഫലം

(16–ൽ നിന്നും തുടർച്ച)

കൊള്ളിക്കും. തുളസി നല്ല കഥാകാരനാണ്. ഇരിക്കുമ്പോഴും നടക്കുമ്പോഴും ചിരിക്കുമ്പോഴും ദേവതയായി പ്രത്യക്ഷയാകുന്ന തരുണിയെ കാണിച്ചുതരാൻ അദ്ദേഹം പ്രഗല്ഭനാണ്. പക്ഷേ കലാകൗമുദിയിൽ അദ്ദേഹമെഴുതിയ "ആകാശത്തിലെ രാജൻ" എന്ന കഥയിൽ ആ വൈദഗ്ദ്ധ്യമില്ല. ഇല്ലെന്നല്ല അതു് വിരസമായിപ്പോകുകയും ചെയ്തു. സുസിതയും അവളുടെ കാമുകനും ആകാശവും എല്ലാം അസത്യാത്മകമാണെന്നു കാണിക്കാൻവേണ്ടി അദ്ദേഹം കുറെ വാക്യങ്ങൾ എഴുതിവയ്ക്കുന്ന വാക്യങ്ങൾ വായിക്കുന്നയാൾ അവരെയെ വിസ്മരിക്കുകയും അവയിലൂടെ കലയുടെ ലോകത്തു് എത്തുകയും വേണം. അതു് ഈ കഥയിൽ സംഭവിക്കുന്നില്ല. വിശ്വവശ്യമായ സൗന്ദര്യത്താൽ അനുഗ്രഹീതയായ സ്ത്രീ ഇക്കഥയിൽ വൈരൂപ്യമുള്ളവളായി മാറുന്നു. പ്രിയപ്പെട്ട വായനക്കാരാ! നിങ്ങൾ വിവാഹിതനാണോ? ഏതെങ്കിലും തരുണി നിങ്ങളെ പാട്ടിലാക്കാൻ ശ്രമിക്കുന്നുണ്ടോ? നിങ്ങൾക്കു് അതു് ഇഷ്ടമല്ലെന്നുണ്ടോ? എങ്കിൽ അവൾ സംസാരിച്ചു തുടങ്ങുമ്പോൾ ഇങ്ങനെയൊരു വാക്യം പറയൂ "എന്റെ ഭാര്യ ഇന്നാളു് എന്നെ അറിയിച്ചു —" വാക്യം പൂർണ്ണമാക്കേണ്ടതില്ല. ഭാര്യ എന്ന പദപ്രയോഗംതന്നെ അവളെ അകററിക്കളയും. വായനക്കാരീ! നിങ്ങൾ യുവതിയാണോ? നിങ്ങൾക്കു് ഇഷ്ടമില്ലാതെ വല്ല "ബോറനും" "ബോറടിക്കാൻ" എത്തുന്നുണ്ടോ? നിങ്ങൾക്കു് അതിഷ്ടമില്ലേ? എന്നാൽ ഞാൻ മാർഗ്ഗം പറഞ്ഞുതരാം. "എന്റെ കൂട്ടുകാരൻ ഇന്നാളു് എന്നോടു പറഞ്ഞു —" വാക്യം പൂർണ്ണമാക്കേണ്ടതില്ല. ബോറൻ ഓടിക്കൊള്ളും. അജ്ഞാതസുഹൃത്തേ! നിങ്ങൾക്കു കാമുകിയേയും കാമുകനേയും വെറുക്കണമെന്നുണ്ടോ? എന്നാൽ പ്രഗല്ഭനായ തുളസിയുടെ അപ്രഗല്ഭമായ ഇക്കഥവായിക്കുക.

* * *

കുറെവർഷങ്ങൾക്കുമുൻപു് വടക്കു് ഒരു മീററിങ്ങിനുപോയി. സമ്മേളനത്തിനു വിളിച്ചുകൊണ്ടുപോയവർ ഒരു മാന്യന്റെ വീട്ടിലാണ് ഞങ്ങളെ എത്തിച്ചതു്. അദ്ദേഹം താമസിക്കുന്ന മനോഹരമായവീടും ചുററുമുള്ള തെങ്ങിൻതോപ്പുകളും ഫാദർ ഇൻലായുടേതാണെന്നു് അഭിമാനപൂർവം പറഞ്ഞു. എന്തുപറഞ്ഞാലും "ഫാദർഇൻലാ" എന്ന പ്രയോഗം ഉണ്ടാകും." ഫാദർ ഇൻലാ വിചാരിച്ചാൽ ഒരു വിഷമവുമില്ല ഫാദർഇൻലാ ഇന്നലെ വന്നിരുന്നു. കാറ് ഫാദർ ഇൻലാ വാങ്ങിച്ചുതന്നതാണ് ഇങ്ങനെ പലതും. അങ്ങനെ ഫാദർ ഇൻലാ എന്ന കൊച്ചു പ്രവാഹങ്ങൾ ഒരുമിച്ചുചേർന്നു് ഫാദർ ഇൻലാ എന്ന മഹാപ്രവാഹമാകുമെന്നും അതിൽ ഞാനും മററു പ്രഭാഷകരും മുങ്ങിച്ചാകുമെന്നും വിചാരിച്ചിരിക്കുമ്പോൾ ദൂരെനിന്നു് ഒരാൾ വരുന്നതു കാണാറായി മാന്യന്റെ മുഖം മങ്ങി. ആൾ അടുത്തെത്തി. കൃത്രിമച്ചിരി ചിരിച്ചുകൊണ്ടു മാന്യൻ എഴുന്നേററു് കൈനീട്ടി "ഹലോ ചേട്ടൻ എവിടെനിന്നു വരുന്നു" എന്നു ചോദിച്ചു. മാന്യന്റെ സ്വന്തം ചേട്ടൻ. അദ്ദേഹത്തെയാണ് ഹലോ എന്നു് അഭിസംബോധനചെയ്തതും കൈകൊടുത്തു സ്വീകരിച്ചതും. ഭർത്താവിന്റെ ചേട്ടൻ എത്തിയിട്ടും ഭാര്യ മുൻവശത്തേക്കു വരാഞ്ഞതു് ഞങ്ങളൊക്കെ ഇരുന്നതുകൊണ്ടാണെന്നാണ് ഞാൻ കരുതിയതു്. മാന്യൻ പിന്നീടു് ഫാദർ ഇൻലാ വച്ചുകൊടുത്ത റ്റ്യൂബ്ലൈററിന്റെ പ്രവർത്തനം ശാസ്ത്രീയമായി വിവരിച്ചുതന്നു. പട്ടാപ്പകൽ. എങ്കിലും അദ്ദേഹം റ്റ്യൂബ്ലൈററ് കത്തിച്ചു. റ്റ്യൂബ്ലൈററ് കണ്ടിട്ടില്ലാത്ത ഞാൻ അത്ഭുതപരതന്ത്രനായി ഇരുന്നുപോയി. കുറച്ചുകഴിഞ്ഞപ്പോൾ മീററിങ്ങിനു സമയമായിയെന്നു് ഒരാൾ വന്നുപറഞ്ഞു. ഞങ്ങൾ എഴുന്നേററു. മാന്യന്റെ ചേട്ടൻ മാത്രം എഴുന്നേററില്ല. അദ്ദേഹത്തെ നോക്കി അനിയൻ മൊഴിഞ്ഞു. "വരൂ ചേട്ടാ, ചേട്ടനൊന്നു കുളിക്കണം ഊണുകഴിഞ്ഞില്ലല്ലോ. അതുകൊണ്ടു ഉണ്ണുകയും വേണം. അല്ലേ? ശരിപ്പെട്ടത്താം" ഇത്രയുംപറഞ്ഞിട്ടു മാന്യൻ ശിപായിയെ വിളിച്ചു് ആജ്ഞാപിച്ചു:– "ശങ്കരപ്പിള്ളേ! ചേട്ടനെ ഹോസ്റ്റലിൽ കൊണ്ടുപോയി കുളിക്കാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുക. പിന്നെ നാരായണൻപോ-

ററിയുടെ ഹോട്ടലിൽനിന്നു് ചോറുവാങ്ങിക്കൊട്ടക്കെ." തിരിഞ്ഞു ചേട്ടനോടു മാന്യൻ:– "ചേട്ടൻ ഊണുകഴിഞ്ഞു പോകുകില്ലേ? ഞങ്ങൾ വരാൻ വൈകും." ചേട്ടൻ എഴുന്നേററു ഞങ്ങളോടൊപ്പം നടന്നു. നടക്കുമ്പോൾ ആരും കേൾക്കാതെ എന്നോടു് അദ്ദേഹം പറഞ്ഞു:– "എനിക്കു സാറിനെ അറിയാം. കഴിഞ്ഞവർഷം മരിച്ചുപോയ ചന്ദ്രശേഖരൻനായർ, കെ.എസ്. ചന്ദ്രൻ തലയോലപ്പറമ്പു് കോളേജിലെ പ്രിൻസിപ്പൽ ഇവരോടൊരുമിച്ചു് വൈക്കത്തു് പ്രസംഗിക്കാൻ വന്നില്ലേ? ഞാനും പ്രസംഗം കേൾക്കാനുണ്ടായിരുന്നു..... ഇവനെ (അനിയനെ) എടുത്തുവളർത്തിയതു് ഞാനാണു്. ഞാനാണു് ഇവനെ പഠിപ്പിച്ചതും ജോലിവാങ്ങിക്കൊടുത്തതും. ഇവനെയും ഇവൻെറ കുഞ്ഞുങ്ങളെയും കാണാനാണു് ഞാൻ രണ്ടുവർഷം കൂടിയിട്ടു് ഇന്നുവന്നതു്." ബാക്കിയുള്ളതു പറയാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കണ്ണുകൾ നിറഞ്ഞു. തൊണ്ടയിടറി. ശിപായിയോടൊരുമിച്ചു് അദ്ദേഹം നടന്നുപോയി. അദ്ദേഹം മാന്യൻെറ ചോറു് ഉണ്ടിരിക്കാനിടയില്ലെന്നു് ഞാൻ വിചാരിക്കുന്നു. – – – സമ്മേളനത്തിനുശേഷം മാന്യൻെറ വീട്ടിൽ വലിയ സദ്യയുണ്ടായിരുന്നു ഞങ്ങൾക്കു്. ഒരുപിടിച്ചോറുപോലും എനിക്കു് ഉണ്ണാൻ കഴിഞ്ഞില്ല. ചോറു കൈയിൽ വാങ്ങുമ്പോഴെല്ലാം ആ ചേട്ടൻെറ ദുഃഖാകുലമായ മുഖം എൻെറ മനസ്സിൻെറ കണ്ണാടിയിൽ പ്രതിഫലിച്ചുവന്നു. പ്രതിപാദ്യം പ്രത്യക്ഷരം സത്യാത്മകമാണു് ഞാൻ ഇവിടെ എഴുതിയതു്. കലാകൗമുദിയിൽ "വിജനതയുടെ തീരം" എന്ന ചെറുകഥ എഴുതിയ ശ്രീ. ജോയിക്കുട്ടിപാലത്തുങ്കലും ഇതുപോലുള്ള ഒരു ക്രൂരത തന്നെയാണു് ആവിഷ്കരിക്കുന്നതു്. പക്ഷേ അദ്ദേഹത്തിൻെറ കഥ ഹൃദയത്തിലേക്കു കടന്നുചെല്ലുന്നില്ല കാരണം കൃത്രിമത്വംതന്നെ. സ്വാഭാവികമായി സംസാരിക്കുന്നവർ പ്രഭാഷണവേദിയിൽ കയറുമ്പോൾ ശബ്ദവും ശൈലിയും മാററാറുണ്ടല്ലോ. അതുപോലെ കഥയെഴുതുന്നതു് കൃത്രിമമായിത്തന്നെ വേണമെന്നു് കഥാകാരൻ ധരിച്ചുവച്ചിരിക്കുന്നു. ഹൃദയം ഹൃദയത്തോടു സംസാരിക്കുന്ന മട്ടിലാണു് കഥയെഴുതേണ്ടതു്. കലാകാരനും സഹൃദയനും ശത്രുക്കളല്ല. അവർ കൈകോർത്തുപിടിച്ചു് പൂന്തോട്ടത്തിലൂടെ നടന്നു പൂക്കളുടെ സൗരഭ്യം ആസ്വദിക്കുന്നു. തെന്നലേററു സുഖിക്കുന്നു. ജോയിക്കുട്ടി പാലത്തുങ്കൽ വായനക്കാരെ കുളിക്കാനും ഉണ്ണാനുംവേണ്ടി ഹോസ്റ്റലിൽ പറഞ്ഞയയ്ക്കുന്നു.

* * *

വർഷം തോറും സാഹിത്യകാരന്മാരുടെ പടങ്ങൾ ഒരു കെട്ടിടത്തിൽവയ്ക്കുന്ന ഒരേർപ്പാടുണ്ടല്ലോ നമുക്കു്. അങ്ങനെയൊരു പടംവയ്ക്കുന്നതിനുവേണ്ടി പാറശ്ശാലയിലെ ഒരു ചിത്രകാരനോടു് അതുവരയ്ക്കാൻ അധികാരികൾ ആവശ്യപ്പെട്ടു. സാഹിത്യകാരൻ ഏതാണ്ടു് 250 കൊല്ലംമുൻപു ജീവിച്ചിരുന്ന ആൾ. അദ്ദേഹത്തിൻെറ ചിത്രമില്ല. അതുകൊണ്ടു് ചിത്രകാരൻ തിരുവനന്തപുരത്തെ ഒരു വ്യവസായസ്ഥാപനത്തിൽചെന്നു് എൻെറ ഒരു കൂട്ടുകാരനെ വിളിച്ചു് ആറു "പോസു്"കളിൽ പടങ്ങളെടുത്തു. എല്ലാം കൂടെ ചേർത്തു് ഒററച്ചിത്രം വരച്ചു. സാഹിത്യകാരനെ ഷൂസുകളിടുവിച്ചാണു് ചിത്രകാരൻ എൻ. ഗോപാലപിള്ള അവർകളുടെ മുൻപിൽ കൊണ്ടുവന്നതു്. അപ്പോൾ ഞാൻ അദ്ദേഹത്തിൻെറ വീട്ടിലിരിക്കുകയായിരുന്നു. ഗോപാലപിള്ളസ്സാർ പറഞ്ഞു. ആട്ടക്കഥാകർത്താവായ ഇദ്ദേഹത്തിനു് ഷൂസ്വേണ്ട. ചെരിപ്പുമതി" ചിത്രകാരൻ ചിത്രം തിരിച്ചുകൊണ്ടുപോയി. അദ്ദേഹം ഷൂസ് മാററി ചെരിപ്പാക്കിക്കൊണ്ടു വന്നിരിക്കും തീർച്ച. ഈ ചിത്രം കാണുന്നയാൾ വിചാരിക്കും. "ഓ ഇരയിമ്മൻതമ്പി അല്ലെങ്കിൽ കോട്ടയത്തുതമ്പുരാൻ ഇങ്ങനെയായിരുന്നു അല്ലേ? എന്തൊരു തേജസ്സു്!" പക്ഷേ, തേജസ്സു് എൻെറ സ്നേഹിതൻെറ തേജസ്സാണെന്നു് ആരറിയാൻ? ഇത്തവണത്തെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുത്തച്ഛൻ തൊട്ടുള്ള സാഹിത്യകാരന്മാരുടെ ചിത്രം കണ്ടപ്പോൾ ഈ സത്യം വായനക്കാരെ അറിയിക്കണമെന്നു എനിക്കു തോന്നി. അതറിയിക്കുന്നു. പിന്നെ ഇത്തരം കപടചിത്രങ്ങൾക്കു വിലയില്ലാതല്ല. എഴുത്തച്ഛൻെറ പേരറിഞ്ഞുകൂടാ നമുക്കു്. അദ്ദേഹം ജീവിച്ചിരുന്ന കാലമറിഞ്ഞുകൂടാ. എങ്കിലും അദ്ദേഹത്തിൻെറ വ്യാജചിത്രം കാണുന്ന ആളുകൾ അതിലൂടെ "ഭാരത"ത്തിലേക്കും "രാമായണ"ത്തിലേക്കും സങ്കല്പയാത്ര നടത്തും. അതുതന്നെ ഒരു വിധത്തിലുള്ള സംസ്കാരം നല്കുമല്ലോ. അതുമായി.

* * *

അടുത്തകാലത്താണു് വർജിലിൻെറ Georgies വായിച്ചതു്. അതിലുള്ള എല്ലാ വരികളും എന്നെ രസിപ്പിച്ചു. വിശേഷിച്ചും ഈ വരികൾ:—

The queen unharmed, the bees
all live at one;
Once she is lost, the Live's in
anarchy.

[റാണിയീച്ചയ്ക്കു ദോഷം സംഭവിച്ചില്ലെങ്കിൽ തേനീച്ചകൾ ഒരുമിച്ചു കഴിഞ്ഞുകൂട്ടും. അവൾക്കു ഭ്രംശം വന്നാൽ തേനീച്ചക്കൂട്ടം മുഴുവൻ "അരാജകത്വ"ത്തിൽ വീഴും] റാണിയായ തേനീച്ച വീണിട്ടും സുഗതകുമാരിയെപ്പോലുള്ള ചില കവികൾ സ്ഥൈര്യത്തോടെ നില്ക്കുന്നു. അവർ തളരുന്നില്ല. പതറുന്നില്ല. ഈ സ്ഥിരതയും ധീരതയും ആദരണീയങ്ങളാണു്. അതുകൊണ്ടു് മാതൃഭൂമിയിൽ ശ്രീമതി എഴുതിയ കവിതയെ ഞാൻ അംഗീകരിക്കുന്നു. പണ്ടു് തിരുവിതാംകൂറിലെ ജനത ഒന്നാകെ സർ. സി പി. രാമസ്വാമി അയ്യരെ എതിർത്തു. എന്നിട്ടും സത്യനേശൻ എന്ന പത്രാധിപർ അദ്ദേഹത്തോടു ചേർന്നുനിന്നു. "ഉത്തരവാദഭരണം" വന്നിട്ടും ജനകീയമന്ത്രിമാർ അധികാരമേററിട്ടും സത്യനേശൻ സ്വരം മാററിയില്ല. അദ്ദേഹം സ്വന്തം അഭിപ്രായത്തിൽ ഉറച്ചുനിന്നു. ഞാൻ പട്ടംതാണുപിള്ള അവർകളുടെ ആരാധകനായിരുന്നുവെങ്കിലും സത്യനേശനെ എന്തെന്നില്ലാത്തവിധം ബഹുമാനിച്ചിരുന്നു. സുഗതകുമാരിയുടെ കവിതയ്ക്കു ലയമുണ്ടു്. സത്യാത്മകമായ നാദമുണ്ടു്. സാഹിത്യത്തെക്കുറിച്ചു് അഭിപ്രായമെഴുതുന്നവർക്കു് അതുമാത്രം നോക്കിയാൽ മതിയല്ലോ.

* * *

ഇതുവരെ എഴുതിക്കഴിഞ്ഞപ്പോൾ റേഡിയോയിൽനിന്നു് ഒരു ശബ്ദം. അതെന്നെ ദുഃഖത്തിലേക്കു വലിച്ചെറിയുന്നു. പ്രഫസർ ജോസഫ് മുണ്ടശ്ശേരി അന്തരിച്ചു മഹാനായ ആ നിരൂപകൻെറ കഴിവുകളെക്കുറിച്ചു് അല്പപ്രഭാവനായ ഞാൻ എന്തിനു പറയണം? കേരളീയർക്കു് അതു എന്നെക്കാൾ നന്നായി അറിയാം. അതുകൊണ്ടു് അക്കാര്യത്തിൽ ഞാൻ മൗനം അവലംബിക്കുന്നു. ഒരു കാര്യം വ്യക്തമാക്കട്ടെ. ഉദരത്തിൽ ഒരു ശസ്ത്രക്രിയ നടത്തി മുറിവുണങ്ങാതെ രണ്ടുകൊല്ലം ചിററുറെന്ന സ്ഥലത്തു് ഞാൻ കിടന്നു നരകിച്ചുന്നുവെന്നു് അറിഞ്ഞയുടനെ ഞാൻ പലതവണ അധിക്ഷേപിച്ചിട്ടുള്ള മുണ്ടശ്ശേരി എന്നെ അന്വേഷിച്ചു് എൻെറ വീട്ടിൽ വന്നു. രണ്ടുകൊല്ലമായിട്ടും ഉണങ്ങാത്ത മുറിവു് ക്യാൻസറാകുമെന്നു് പേടിച്ചു് കഴിയുന്ന എന്നെ അദ്ദേഹം ആശ്വസിപ്പിച്ചു "തനിക്കു് തിരുവനന്തപുരത്തേക്കു മാററം കിട്ടില്ലേ?" എന്നു് അദ്ദേഹം ചോദിച്ചു. "ആരു തരാനാണു് മാസ്റ്റർ? എനിക്കു ശുപാർശ ചെയ്യാൻ ആരുമില്ല" എന്നു് ഞാൻ മറുപടി പറഞ്ഞു. പിന്നീടു് അദ്ദേഹമൊന്നും മിണ്ടിയില്ല. രണ്ടു ദിവസം കഴിഞ്ഞപ്പോൾ എന്നെ തിരുവനന്തപുരത്തേക്കു മാററിക്കൊണ്ടുള്ള ഓർഡർ കിട്ടി. എൻെറ രോഗത്തിൻെറ കാര്യം അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ എം. എസ്സു്. ശങ്കരൻനമ്പൂതിരിപ്പാടിനോടു പറഞ്ഞു് എന്നെ രക്ഷിക്കുകയായിരുന്നു മുണ്ടശ്ശേരി. നിന്ദിച്ചവനെ കരകയറ്റുന്ന മഹാമനസ്കത! ഗുരോ അങ്ങയുടെ ഓർമ്മയ്ക്കു മുൻപിൽ ഞാൻ കൈകൂപ്പിനിന്നു കണ്ണീരൊഴുക്കുന്നു. രാത്രി കഴിഞ്ഞാൽ പകലുണ്ടു്. പക്ഷേ അങ്ങയുടെ മരണം ജനിപ്പിച്ച അന്ധകാരം മലയാളസാഹിത്യത്തിൽ നിന്നു മാറുകില്ല. △△

കവിതകളും —കുഞ്ഞുണ്ണി

പറയൻ പറയുകയാകുന്നു:
പറനിറയാത്തളവളവല്ല
പയറുനിറച്ചൂണ്ണുണല്ല
ക്ഷീണിക്കാപ്പണി പണിയല്ല
ക്ഷീണിക്കും കളി കളിയല്ല
വെളിവില്ലാത്താളാളല്ല
വാളില്ലാത്താളാളില്ല
കരയാക്കരളൊരു കരളല്ല
കരിയും പൊരുളൊരു പൊരുളല്ല
പറയൻ പറയുകയാകുന്നു:
പറയുക പറയേണ്ടതുമാത്രം
കേൾക്കുക കേൾക്കേണ്ടതുമാത്രം

ഭിന്ന ചിന്തയുടെ ദുഃഖം

ബോർഡിൻെറ കറുത്ത ഉപരിതലത്തിൽ മൂന്നു രേഖകൾ മൂന്നു വ്യത്യസ്തബിന്ദുക്കളിൽ സംഗമിക്കത്തക്കവിധം ത്രികോണത്തിൻെറ ഒരു സംവൃതവക്രം വരച്ചു. അതിൻെറ ശീർഷങ്ങളിലും, വശങ്ങളിലും ഇംഗ്ളീഷ് അക്ഷരമാലയിലെ വലുതും, ചെറുതുമായ അക്ഷരങ്ങളെ തള്ളിച്ചിട്ടു. തിരിഞ്ഞു് അവൾ തന്നെത്തന്നെ ഉററുനോക്കുന്ന നാല്പതു മുഖങ്ങളിലെ എൺപതു കണ്ണുകളെ നോക്കി.

സംവൃതവക്രവും, അന്തർഭാഗവും യോഗം കൊള്ളുന്ന പഠനത്രുപത്തിൻെറ ശീർഷം മുകളിലായിരുന്നു.

— ആ ശീർഷം താഴോട്ടാക്കി വരച്ചിരുന്നെങ്കിലോ?

നടുക്കുള്ളിൻെറ കദ്ധ്യത്തിൽനിന്നുയർന്ന ഒരു നടുക്കത്തോടെ അവളോർത്തു! സൃഷ്ടിക്കു മുന്നിൽ ഉയർന്നുനില്ക്കുന്ന ആപത്തിൻെറ ഏററവും വലിയ മുന്നറിയിപ്പ്.

പക്ഷെ ആര്ക്കു. മുന്നറിയിപ്പ്? പെട്ടെന്നു് യാഥാർത്ഥ്യത്തെക്കുറിച്ചു വെളിപാടുണ്ടായ ചോദ്യം അവളെ നടുക്കി. ഈ താക്കീതു് ഒരാവശ്യമായി തന്നെയോർക്കലും ഭയപ്പെട്ടത്തിയിട്ടില്ലാ. കർമ്മശക്തിയുടെ കർമ്മക്ഷമത ഒരു തവണയെങ്കിലും ആകാരംകൊള്ളാത്ത ഈ രംഗത്തിൽ ത്രികോണത്തിൻെറ ശീർഷം മുകളിലായാലെന്തു്? താഴത്തായാലെന്തു്? അതിൻെറ നിറം കറുത്ത ബോർഡിലെ കറുപ്പായാലെന്തു്? മഞ്ഞനിറമുള്ള പശ്ചാത്തലത്തിലെ ചുവപ്പായാലെന്തു്?

അല്ലെങ്കിൽ ഞാനെന്തിനു ദുഃഖിക്കണം? അവൾ സ്വയം ചോദിച്ചു.

"ഇവൾക്കു് സൽസ്വഭാവികളും, സുഭഗന്മാരുമായ പത്തു മക്കളെയും പതിനൊന്നാമത്തെ സന്തതിയായി ഇവളുടെ ഭർത്താവിനെത്തന്നെയും നൽകേണമേ" എന്ന മന്ത്രം ജീവിതകാലമത്രയും ഉരുവിട്ട

അമ്മ. അമ്മയുടെ മകൾക്കു് ആ മന്ത്രത്തിൻെറ ആധിക്യബോധമുണ്ടായി. ഫലം: ഒരു മുഖത്തിൻെറ വര പ്രാപ്തിപോലും ഇന്നവരെയുണ്ടായില്ല എങ്കിലും സഹവാസവും സഹായവും, സൌഖ്യവും ലോഭമില്ലാതെ ലഭിക്കുന്ന എനിക്കു് ആഹ്ളാദമല്ലേ വേണ്ടതു്?

അമ്മയുടെ കലങ്ങിയ കണ്ണുകൾ പെട്ടെന്നു് മനസ്സിൽ മിന്നിമറഞ്ഞു. ഒരോർമ്മയുടെ ഫോസിൽ പോലെ, എഴുന്നു നേശക്കുള്ളിൽ ആരും കാണാതെ കിടന്നിരുന്ന ഫോട്ടോ അമ്മ കണ്ടെത്തുമെന്നു് ഒട്ടും പ്രതീക്ഷിച്ചതല്ല.

— ആരുടേതാടീ ഇതു്?

തെക്കലേ നോക്കിയുള്ളു. എപ്പോഴും ചിരിക്കുന്ന മുഖം അപ്പോഴും ചിരിക്കുന്നുണ്ടായിരുന്നു.

ആ ഒരു നിമിഷത്തെ ഓർമ്മയിൽനിന്നു് താൻ സൃഷ്ടിച്ച രൂപത്തിലേക്കു് അവൾ വീണ്ടും തിരിച്ചെത്തി, മുന്നിൽ മൌനംകൊള്ളുന്ന കുട്ടികളെ ശ്രദ്ധിച്ചു.

മൂന്നു രേഖാഖണ്ഡങ്ങൾ നിർണ്ണയിക്കുന്ന അന്തർമണ്ഡലത്തിലെ ബിന്ദുക്കൾ ബഹിർഭാഗത്തേക്കുള്ള മാർഗ്ഗം കാണാതെ അലഞ്ഞു നടക്കുന്നു.

യഥാർത്ഥജീവിതത്തിൽ; ആസക്തി, കൊതി, ആവേശം, എന്തിനു്; എല്ലാററിനെയും നിഷ്ഫലമാക്കിക്കൊണ്ടു് അന്ധകാരത്തിൽ ഈയാം പാററകൾ വെളിച്ചം കണ്ണുചിമ്മുന്ന അന്തർഭാഗത്തേക്കുള്ള മാർഗ്ഗം കാണാതെ പൊട്ടിക്കരഞ്ഞുകൊണ്ടലയുന്നുണ്ടായിരുന്നു.

നഷ്ടസ്വർഗ്ഗസ്മൃതികളുടെ വരുംവരായകളെചൊല്ലിയുള്ള വെപ്രാളത്തിൽ സ്വന്തം ധമനികളിൽ കുത്തിവെക്കപ്പെട്ട വികാരം താഴ്ന്ന പടിവാതിലുകളിൽ തലതല്ലി മരിച്ചു.

ത്രികോണത്തിൻെറ ക്ഷേത്രഫലം കാണാനുള്ള സൂത്രവാക്യമെന്താണു്?

വർഷങ്ങളായി ഒരേ പല്ലവി. വിദ്യാർത്ഥികളിൽനിന്നു് ഒരേ പ്രതികരണം. അവർ ഓരോരുത്തരായി എഴുന്നേററുനിൽക്കുന്നു.

സന്തോഷത്തിൻെറ ഒരു മുഖത്തിനുവേണ്ടിയുഴലി. മുന്നിലിരിക്കുന്ന വിദ്യാർത്ഥികൾക്കും അക്കാര്യത്തിൽ വാശിയുള്ളതുപോലെ. ത്രികോണക്ഷേത്രഫലത്തിൻെറ സൂത്രവാക്യം അന്വേഷണത്തിൽത്തന്നെയിരിക്കെ അവൾ പരാജയത്തിൻെറ രുചിയറിഞ്ഞു.

— എൻെറ കുട്ടികൾ എന്നെ തോപ്പിച്ചിരിക്കുന്നു.

നാല്പതുമിനിട്ടുകളുടെ അന്ത്യം കുറിക്കുന്ന മണിമുഴക്കം കേട്ടപ്പോൾ അന്യാധീനപ്പെട്ട ക്ലാസിൽനിന്നവൾ മോചനം തേടി.

ലെററർബോക്സിൽ സ്വന്തം പേരു കണ്ടെത്താനുള്ള വ്യഗ്രതയോടെ തിരഞ്ഞു. ഓർക്കേണ്ടവർപോലും അതു വിസ്മരിക്കുന്നുവെന്ന ദുഃഖം അവളുടെ മനസ്സിൽ തളംകെട്ടിനിന്നു.

വീട്ടിലേക്കു പോയാലോ? ദുഃഖവും, അസ്വസ്ഥതയും കോൾകൊള്ളുന്ന അമ്മയുടെ മനസ്സിൽ അല്പം ആശ്വാസം പകരേണ്ടിയിരിക്കുന്നു. അമ്മയോടു ദേഷ്യപ്പെട്ടു വീട്ടിൽനിന്നിറങ്ങി ഹോസ്റ്റലിലേക്കു വന്നതാണു്. അമ്മ ആകെ തളർന്നിരിക്കും.

കഥ: വി. കെ. ഭാമ

രണ്ടുദിവസത്തെ കാഷ്വൽ ലീവെഴുതിക്കൊടുത്തു. പക്ഷെ അവധിയെടുത്തു വീട്ടിൽപോകുമ്പോൾ പതിവായുണ്ടാകുമായിരുന്ന ഉത്സാഹം അവൾക്കു തോന്നിയില്ല.

ഒരുങ്ങിനിൽക്കുന്ന ഫാസ്റ്റ്പാസഞ്ചറിൽ തൊളായി.

പുറത്തെ ചൂടുള്ള അന്തരീക്ഷത്തിൽ നിന്നു് ബസ്സിന്നകത്തേക്കു തള്ളിക്കയറിയ കാററിനു് നേരിയ തണുപ്പുണ്ടായിരുന്നു.

അവൾ ദൃഷ്ടികളുയർത്തി മുന്നിൽ വളരെയകലെ കാണാമായിരുന്ന നീലമലകളിലേക്കു നോക്കി. ഈ നീലമലകൾ. അവയുടെ താഴ്വരകൾ. നീലമലകളുടെ താഴ്വരകളിൽ അവയുടെ പരിലാളനമേററു വളരുന്ന ആ ശബ്ദവും.

ഓർമ്മകളിൽ അവൾ കേട്ടു.

— ഈ യാത്രയിൽ എന്നോടൊപ്പമിരി

ക്കാൻ നിനക്കു വിരോധമുണ്ടോ?

ഇരിക്കാനാഗ്രഹിച്ചിട്ടും അവളിരുന്നില്ല

— വീട്ടിൽ ഇന്നെന്തുമെന്നു് എഴുതിയിട്ടുണ്ടോ?

ചോദ്യങ്ങളുടെ പ്രവാഹമായിരുന്നു. അവൾ ഒന്നിനും മറുപടിപറഞ്ഞില്ല. ബസ്സ് ദൂരങ്ങളെ പിന്നിട്ടപ്പോൾ അവൾ എന്നത്തെക്കാളുമേറെ മൂകതപാലിച്ചു.

— ഇറങ്ങൂ.

— ഇവിടെയോ?

ഉദ്യാനത്തിന്റെ കവാടത്തിൽ വാഹനം നിൽക്കുകയായിരുന്നു.

— ഒന്നും ചോദിക്കരുത്. മറുത്തു പറയുകയുമരുത്. നമ്മെ ശ്രദ്ധിക്കുന്നവർ ബസ്സിൽ പലരുമുണ്ടെന്നോർക്കണം. ഇറങ്ങൂ ഈ ഉദ്യാനത്തിൽ അല്പനേരം ചുററിക്കറങ്ങാം.

പച്ചപിടിച്ച മരങ്ങളും, ചുട്ടുപഴുത്ത ബഞ്ചുകളും. കുത്ത ട്യൂബിൽ കൂടി ഒഴുകിവീഴുന്ന ജലം കളിരണിയിക്കുന്ന പുൽത്തകിടി. കാററ് നനഞ്ഞ പുൽത്തലപ്പുകളിൽ തലചായ്ച്ചു.

നിഴൽ വിരിച്ചുനിൽക്കുന്ന മഴമരത്തിന്റെ തണലിൽ സിമൻറുബഞ്ചിലിരുന്നു അയാൾ അവളോടു പറഞ്ഞു:

— നീ ഒഴുകുന്ന ജലമാണ്. വിടവുകൾ കണ്ടെത്താനും, പിടഞ്ഞൊഴുകാനും എപ്പോഴും വെപ്രാളം കൊള്ളുന്ന ജലം.

അതോ പുകയുന്ന അഗ്നിപർവ്വതത്തിന്റെ പിളർപ്പിലൂടെ പുറത്തേക്കു ശക്തിയായൊഴുകുന്ന ലാവയോ? അവൾ ചോദിക്കാനാഗ്രഹിച്ചു; ചോദിച്ചില്ല.

ആകാശത്തു് വെളുത്ത മേഘങ്ങൾ ആട്ടിൻ പററങ്ങളായി അലഞ്ഞുനടന്നു.

ഈ ഒഴുക്ക്, അനസ്യൂതമായ ഒഴുക്ക്; വിടവുകൾ കണ്ടെത്താനുള്ള ഒഴുക്കല്ല, അവളുടെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു; മറിച്ച് വിടവുകൾ നികത്താനുള്ള ഒഴുക്കാണ്.

മൗനം അസഹ്യമായപ്പോൾ അയാൾ ചോദിച്ചു.

— നീയെന്താണാലോചിക്കുന്നതു്

— എന്നെക്കുറിച്ചുമാത്രം

— എൻറട്ടത്തിരിക്കുമ്പോഴും?

— അതുകൊണ്ടു് കൂടുതൽ ചിന്തിക്കുന്നു.

അകലെനിന്നും ഇരമ്പത്തോടെ ഓടിയെത്തിയ ബസ്സ് യാത്രക്കാരെ ഇറക്കുകയും കയററുകയും ചെയ്യുന്ന ശബ്ദം കേട്ടപ്പോൾ അവൾചോദിച്ചു; നമുക്കു പോകാം,

— ഞാനീ നിമിഷങ്ങൾക്കുവേണ്ടി കാത്തിരിക്കുകയാണെന്നറിയില്ലേ? നമുക്കിന്നു് ഇവിടെ താമസിക്കാം. നാളെക്കാലത്തു്നമുക്കു് നിൻറമ്മയുടെയടുത്തേക്കു പോകാം. പോരേ?

നീലനിറമുള്ള പൂക്കൾ അവരെത്തലോടിയുലഞ്ഞു.

തൊടരുതു്. പറിക്കരുതു്. നശിപ്പിക്കരുതു്—വിലക്കുകളുടെ പലകകൾ ചുററും പുഷ്പങ്ങൾ തൊട്ടാൽ തളരും. ഇറുത്തെടുത്താൽ വാടും. പിന്നെ നാശംമാത്രം.

എന്നിരുന്നാലും—

തിരയില്ലായ്മയിൽ മൌനം കൊള്ളുന്ന തീരം പെട്ടെന്നുയരുന്ന തിരയുടെ ആവേശത്തിനു് കീഴടങ്ങുമെന്നു് തീർച്ച.

ആകാശത്തിൽ മേഘപാളികൾ കോശങ്ങളുടെ വിഭജനപ്രക്രിയപോലെ രൂപങ്ങൾ മാറി. അന്നേരം മനസ്സാകെ നിറഞ്ഞുനിന്നതു് അമ്മയുടെ നിസ്സഹായത നിറഞ്ഞ കണ്ണുകൾ മാത്രം. കണ്ണുകളിലെ ദയനീയത കണ്ടപ്പോൾ തേങ്ങൽ ഒതുക്കി നിർത്താൻ കഴിഞ്ഞില്ല.

—വീട്ടിലേക്കു പോകണോ? എന്നോടൊപ്പം വന്നതു് തെററായി തോന്നുന്നുണ്ടോ?

—വന്നതു് തെററായിപ്പോയി. വരാതിരുന്നെങ്കിലെന്നു് ഇപ്പോൾ സത്യമായും ആഗ്രഹിക്കുന്നു. തെററുകളുടെ ആഴങ്ങളിൽ അഭയം തേടുന്ന ഞാൻ—

പക്ഷെ, അവളുടെ നാവിൻതുമ്പത്തു് വാക്കുകൾ ഉറഞ്ഞുകിടന്നതേയുള്ളൂ

—നമുക്കിവിടെ ഇന്നു താമസിക്കാം. വീണ്ടും അതേ ആവശ്യം.

അവൾ തിടുക്കത്തിൽ പറഞ്ഞു:

പററില്ല. എനിക്കെല്ലാവരെയും പേടിയാണ് ആദ്യം നമ്മുടെ വിവാഹം കഴിയട്ടെ. പിന്നെ ഒന്നിനെയും ഭയപ്പെടാതെ നമുക്കെവിടെ വേണമെങ്കിലും താമസിക്കാമല്ലോ.

—അതു് തീരുമാനിക്കേണ്ടതു് നീയാണ്.

അവൾ ആ വാക്കുകളിലെ പ്രകടവും പ്രകടമല്ലാത്തതുമായ അർത്ഥങ്ങൾ വിശകലനം ചെയ്യാനാവാതെ, സമയം കളയാനെന്നോണം ചാഞ്ഞുനിന്ന ചെമ്പരത്തിയിൽനിന്നു് ഒരു പൂ പറിച്ചെടുത്തു.

പൂക്കളിറുത്തു ചോറും കറിയും വെച്ചു കളിച്ച കാലം—

മുത്തശ്ശി പറയുമായിരുന്നു!

കുട്ടീ, ചെമ്പരത്തിപ്പൂ പറിച്ചു കളിക്കരുതു്. പ്രത്യേകിച്ചു് പെൺകുട്ടോളു്. പാവം കിട്ടും.

മുത്തശ്ശിക്കു വിശദീകരണവുമുണ്ടായിരുന്നു. കന്യകളും കുട്ടികളും ചെമ്പരത്തിയിറുത്താൽ അമ്മയാവുകയില്ലെന്നാണത്രെ വിശ്വാസം.

വിശ്വാസം അന്ധമാണെന്നു തോന്നി. മുത്തശ്ശിയുടെ താക്കീതു വകവെക്കാതെ ധാരാളം ചെമ്പരത്തിപ്പൂക്കൾ പറിച്ചെടുത്തു. ദളങ്ങൾകൊണ്ടു് കറിയുണ്ടാക്കി പൂഴിയിൽ കുഴച്ചു.

വളർന്നു വലുതായി. വിവാഹിതയായി. മാതാവായില്ല മുത്തശ്ശി മരിച്ചുപോയിരുന്നതുകൊണ്ടു് ചെമ്പരത്തിപ്പൂക്കൾ പറിച്ചുനശിപ്പിച്ചതിന്റെ ഫലമാണെന്നു് ആക്ഷേപമുണ്ടായില്ല.

അവൾ പൂവിന്റെ ദളങ്ങളോരോന്നായി അടർത്തിക്കളഞ്ഞു. ആകർഷകങ്ങളായ ദളങ്ങൾക്കുള്ളിൽ വെൽവെററിന്റെ മാർദ്ദവങ്ങളുള്ള അഞ്ചായി പിരിഞ്ഞ ഭാഗം ചുവന്ന തണ്ടിനുള്ളിലെ വെളുത്ത ട്യൂബിന്റെ ഒററം. മററു അററം ഉള്ളറകളിൽ—

അനുപദാർത്ഥത്തെ ചെപ്പിലൊതുക്കി വളർത്തിയുത്താക്കി മാററാനുള്ള അവകാശം നിഷേധിക്കപ്പെട്ട സ്വന്തം ഉസല്ലകളുടെ ദുഃഖം അവളറിഞ്ഞു.

മനസ്സിൽ രൂപങ്ങൾ വരച്ചു. ചോദിച്ചേക്കാനിടയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ മുൻകൂട്ടിക്കണ്ടു.

നഷ്ടപ്പെടാനിരിക്കുന്നതു് ഒരു രാത്രിയാണ്. മനുഷ്യങ്ങളുടേതായ ഒരു രാത്രി. ചിലപ്പോൾ നിത്യദുഃഖത്തിന്റെ ഒരു രാത്രിയുമാകാം.

പെട്ടെന്നു് അയാളുടെ ചോദ്യങ്ങൾ അവൾ കേട്ടു

—നാം വിവാഹിതരായാൽ നിനക്കെന്നോടൊപ്പം ഇന്നു താമസിക്കുന്നതിനു വിരോധമില്ലല്ലോ?

അവൾക്കു വീർപ്പുമുട്ടി.

അയാൾ എഴുന്നേററു് അവൾക്കു നേരെ കൈനീട്ടി: എഴുന്നേൽക്കൂ.

എങ്ങോട്ടാണിനി?

അയാൾ അവളുടെ ചോദ്യത്തിനു മറുപടി പറയുന്നതിനു പകരം ഒരു ടാക്സി കാർ വിളിച്ചുവരുത്തി. ഡ്രൈവറോടു് എന്തോ പറഞ്ഞു.

കാർ അവരെയുംകൊണ്ടു് നീങ്ങിയപ്പോൾ അവൾ വീണ്ടും ചോദിച്ചു.

—നാമെങ്ങോട്ടു പോകുന്നു

—എനിക്കിഷ്ടമുള്ളിടത്തേക്കു്.

അയാളുടെ സ്വരം കർക്കശമായതു് അവളറിഞ്ഞു! "എന്തായാലും എനിക്കു തോൽക്കാൻ വയ്യ."

— എന്നോടു ദേഷ്യമാണോ? ഞാൻ തെററുചെയ്യുന്നതിഷ്ടമാണോ?

— നീ തെററുചെയ്യുന്നതിൽ എനിക്കു് ഇഷ്ടക്കേടൊന്നുമില്ല. എന്നാൽ നിന്റെ അമ്മയുടെ തെററ് നീയാവർത്തിക്കരുതെന്നു് എനിക്കു് നിർബ്ബന്ധമുണ്ടു്.

കാർ ഒരു കുലുക്കത്തോടെ പെട്ടെന്നു നിന്നു. അവൾ അയാളിൽനിന്നു് കണ്ണുകളെടുത്തു് പുറത്തേക്കു നോക്കി.

വാഹനം രജിസ്ട്രാഫീസിന്റെ മുന്നിലെത്തിയിരുന്നു.

ഡോർ തുറന്നു് അയാളിറങ്ങി.

— ഇറങ്ങൂ.

അവളിറങ്ങി. കാറിൽനിന്നു് ദൂരെമാറി ഡ്രൈവർ കേൾക്കാതെ അവൾ ചോദിച്ചു

— എന്താണു് ഭാവം?

— ഭാവമോ? നാം വിവാഹിതരാകുവാൻ പോവുകയാണു് നിന്റെ ആവശ്യം അതാണല്ലോ.

— അമ്മയറിയാതെ ഇതു ചെയ്യണോ?

— ആരുടെ അമ്മ? അയാളുടെ സ്വരം കനത്തിരുന്നു.

— നമ്മുടെ രണ്ടുപേരുടെയും.

— എന്റെ അമ്മ അറിഞ്ഞാലും ഇല്ലെങ്കിലും എനിക്കൊന്നുമില്ല. പിന്നെ നിന്റെ അമ്മയുടെ കാര്യം. എല്ലാം കഴിഞ്ഞു് അവിടെയെത്തിയാലും അവരറിയുമല്ലോ.

ഒരു മാത്രനേരത്തെ നിശ്ശബ്ദതക്കുശേഷം അവളുടെ ഹൃദയം മിടിച്ചു.

— അതു പോര.

എന്റെ അമ്മ വിവാഹസമയത്തു് എന്നെയനുഗ്രഹിക്കാനെന്റെയടുത്തു ഞാ യിരിക്കണം. നിങ്ങളുടെ അമ്മയുടെ അംഗീ

കാരവും നമുക്കുണ്ടാകണം. അവരെ അറിയിച്ചശേഷം നമുക്കു വിവാഹിതരാവാം.

മുഖത്തടിച്ചപോലെ ചോദ്യം: അവർ സമ്മതിച്ചില്ലെങ്കിലോ?

— സമ്മതിക്കും. നമുക്കതുവരെ കാത്തിരിക്കാം. ഇപ്പോൾ തിരിച്ചുപോകാം.

വന്ന താരയിലൂടെത്തന്നെ വാഹനം തിരിച്ചുപോയി. പിന്നീട് രജിസ്ട്രാഫീസു കാണുകയുണ്ടായില്ല. അയാളെ കാണുകയുണ്ടായില്ല. ഒരു കണ്ണുപോലും ലഭിക്കുകയുണ്ടായില്ല.

തെററുചെയ്യുന്നതിൽ ഇഷ്ടക്കേടൊന്നുമില്ലാത്ത വ്യക്തിയുടെ ചിരിക്കുന്ന മുഖം മനസ്സിൽ മാറാല പൊതിഞ്ഞുകിടന്നു. ചിരിക്കുന്ന മുഖത്തിൻെറ ഛായാചിത്രം മേശക്കകത്തെ അന്ധകാരത്തിൽ ഒളിച്ചുകിടന്നു.

ബസ്സു പുറപ്പെടാനുള്ള മണിയടിച്ചപ്പോൾ അവൾ നിശ്വാസത്തോടെ ഓർത്തു: ഇതൊക്കെ പഴയ കഥ. ഞാനെന്തിനു് അക്കഥയോർത്തു് ദുഃഖിക്കുന്നു. ഞാനിപ്പോൾ സന്തുഷ്ടയാണു്. എനിക്കു സഹവാസവും, സൗഖ്യവും സഹായവുമുണ്ടു്. പിന്നെ അമ്മയെന്ന പ്രതീക്ഷ. ഇനിയെത്ര യെത്ര അവസരങ്ങൾ.

ഒരു വലിയ തെററിൽ നിന്നു് വിവേകപൂർവ്വം രക്ഷപ്പെട്ട തനിക്കു് പഴയ കഥയുടെ ഛായാചിത്രം സൂക്ഷിച്ചുവെക്കുകയെന്ന തെററിൽനിന്നു രക്ഷപ്പെടാനിതുവരെ കഴിഞ്ഞില്ല. അമ്മയാണെങ്കിലും മൂന്നാമതൊരാൾ ആ കഥയറിയുന്നതിനു കാരണമാക്കി.

അമ്മേ എനിക്കു മാപ്പുതരൂ. ഞാനിതാ പഴയകഥയുടെ എട്ടുകൾ വലിച്ചുകീറി കാററിൽ പറത്തുന്നു.

ബസ്സിനു വേഗത വർദ്ധിച്ചു.

പാതയോരങ്ങളിൽ പന്തലിച്ചുനിൽക്കുന്ന പൂന്മരങ്ങളിൽനിന്നുതിർന്ന കാററ് അവളെ തലോടി.

ചെമ്മൺ പാത കഴിഞ്ഞിരിക്കുന്നു. ഇനി എത്താനുള്ള സ്ഥലംവരെ ടാറിട്ട പാതയാണു്. അവൾ കൈത്തണ്ടയിൽ മുഖം ചേർത്തു് ഇരുമ്പഴികളിൽ ചാരിക്കിടന്നു.

കാററ് അവളെ തലോടിയുറക്കി.

—o—

'കൊ'ച്ചമ്മോ! കൊച്ചമ്മോ! കൊച്ചമ്മയറിഞ്ഞോ? അങ്ങേതിലെ മംഗ്ളാവില്ല് ഷൂട്ടിങ്ങം!"

കൊച്ചുരാമൻ ഓടിക്കിതച്ചുകൊണ്ടുവന്നു്, അടുക്കള അരമതിലിലിരുന്നു് രാവിലത്തെ ഇഡ്ഡലിയും കാപ്പിയും കഴിക്കുകയായിരുന്ന കൊച്ചമ്മയോടു പറഞ്ഞു. കൊച്ചമ്മ എന്നും അങ്ങനെയാണു്. പത്തു പതിനൊന്നു മണിയാവും കാപ്പികുടിക്കാൻ. ഏഴെട്ടു മണിയാവും ഉറക്കമെണീക്കാൻ. വയ്യ. ശരീരത്തിനൊരു ക്ഷീണം.

"ഒള്ളതോ കൊച്ചുരാമാ?" വലംകവിളിലൊതുക്കിയ ഇഡ്ഡലിയോടെ കൊച്ചമ്മ ചോദിച്ചു.

"പിന്നല്ലാതെ? എൻെറ കൊച്ചമ്മോ!

കുടിയേറ്റം

സുകുമാർ

എന്തോരു ഷൂട്ടിങ്ങാ! പറയുമ്പം വായിന്നു് വെള്ളം ചാടുന്നു!"

"അത്രയ്ക്കുന്തോന്നാടാ വെള്ളം ചാടാനും മാത്രം?"

"എൻെറ കൊച്ചമ്മോ!" കൊച്ചുരാമൻ അവരുടെ അടുത്തുചെന്നുനിന്നുകൊണ്ടു് തുടർന്നു —

"നസീറൊണ്ടു്. ജയഭാരതിയൊണ്ടു്. ഭാസിയൊണ്ടു്. ശ്രീലതയൊണ്ടു്. ഉമ്മറൊണ്ടു്. എല്ലാരുമൊണ്ടു്. കണ്ടോണ്ടു നില്ക്കാൻ എന്തോരു രസമാണെന്നോ? കൊച്ചമ്മ കണ്ടില്ലല്ലോ!"

"അവളുടെയൊക്കെ ബംഗ്ളാവിൽച്ചെന്നു് ആരു കാണാനാടാ? നമ്മുടെ ബംഗ്ളാവിലും നമുക്കു് ഷൂട്ടിങ്ങു് നടത്താം, അപ്പം നമുക്കു് കാണാം. അവരൊക്കെ പോയോ?"

"ദേ, ഇപ്പം പോയേയുള്ളു. ഇനീം അടുത്തയാഴ്ച വരും. ഹൊ! എൻെറ കൊച്ചമ്മാ! ഓർക്കുമ്പം ദേഹം മുഴുക്കെയങ്ങു് കുളിരുകോരിയിട്ടവാ."

"അത്രയ്ക്കുന്തോന്നാടാ? സിനിമായിൽ കാണുമ്പോലൊക്കെയല്ലേയുള്ളു?"

കൊച്ചമ്മ ഒരിഡ്ഡലികൂടി മുളകുപൊടിയിലും ചമ്മന്തിയിലും പിന്നെ സാമ്പാറിലും മുക്കിക്കളിപ്പിച്ചു് ഈറനോടെ വായ്ക്കുള്ളിലൊതുക്കി.

"ഈ കൊച്ചമ്മയ്ക്കെന്തോ അറിയാം? സിനിമായിലൊരുവട്ടമല്ലേ നമുക്കിതൊക്കെ കാണാനൊക്കുവൊള്ളു? ഇതെത്രതവണയെന്നുവെച്ചാ എടുക്കുന്നേ? എടുക്കുമ്പം എടുക്കുമ്പം കട്ടാ!"

കൊച്ചമ്മ ഇഡ്ഡലിവായോടെ ചിരിച്ചു. പ്പം സ്റ്റാർട്ടുചെയ്യുന്നിത്തിയ ഡബിൾ ഡെക്കർപോലെ സപ്ലനേരം ഇരുന്നു് കുലുങ്ങുകയും ചെയ്തു. കൊച്ചുരാമൻ അതൊരു അഖിലേന്ത്യാ പ്രദർശനംപോലെ നോക്കിനിന്നു. അല്പംകഴിഞ്ഞു് എന്തോ ഓർത്തിട്ടെന്നോണം അവൻ പറഞ്ഞു—

"കൊച്ചമ്മാ, നമ്മുടെ നസീറൊണ്ടല്ലോ? ഹൊ, ഞാനെന്തങ്ങനെ പറയും?"

അവൻ മുഖം ചെരിച്ചു് നഖം കടിച്ചു.

"എന്തോവാടാ അത്രയ്ക്കു് നാണിക്കാൻ? ചെറുക്കൻെറയൊരു നാണം!"

കൊച്ചമ്മ കാപ്പിമാന്തയെടുത്തു് മടമടായെന്നു് വായിലൊഴിച്ചു കാപ്പി ചാലുകൾ കീറി കഴുത്തിലൂടെ മാറിൻെറ വിടവിലേയ്ക്കൊഴുകിയിറങ്ങുന്നതു് കൊച്ചുരാമൻ കൗതുകപൂർവ്വം നോക്കി.

"നസീറൊണ്ടല്ലോ കൊച്ചമ്മാ, ജയഭാരതിയെക്കേറി കെട്ടിയമുക്കിയൊരു പിടിത്തം. അതു് ഒന്നും രണ്ടും വട്ടമൊന്നുമല്ല. പത്തുപതിനഞ്ചുതവണ. എൻെറ കൊച്ചമ്മോ!"

"ഭ, അസത്തു്!" കൊച്ചമ്മ എഴുന്നേററു് കൈ കഴുകാൻ പോയി.

"ഇനി പറയത്തില്ല, കൊച്ചമ്മ."

കൊച്ചുരാമൻ അവൻെറ പണിയിലേർപ്പെടാൻ ഭാവിച്ചു. കൊച്ചമ്മ കയ്യും വായും കഴുകിയിട്ടു് ഉട്ടുണ്ടിൻെറയൊരററം പൊക്കി മുഖം തുടച്ചു് കൊച്ചുരാമനെ സമീപിച്ചു് അവൻെറ തോളിൽ

പ്പിടിച്ചുകൊണ്ട് പതുക്കെച്ചോദിച്ചു.

"അല്ല! പിണങ്ങിയോടാ? കൊച്ചുകള്ളാ!"

കൊച്ചുരാമൻ മുഖമുയർത്തി കൊച്ചമ്മയെ തെല്ലൊരു പരിഭവത്തോടെ നോക്കി.

"അല്ലേല്ലും, കൊച്ചമ്മയ്ക്കെന്നോട് ഇഷ്ടമില്ല."

"അങ്ങനങ്ങ് പിണങ്ങാതെ. വാ, പറ. നീ കണ്ടതൊക്കെ വിശദമായിട്ടു പറ."

അവർ കൊച്ചുരാമനെ അടുത്തുനിർത്തി അരമതിലിൽ വിണ്ടുമിരുന്നു. സ്മാൾ രാമൻ എങ്ങനെ, എവിടെനിന്നും ഇടങ്ങണമെന്നറിയാതെ എങ്ങോ നോക്കിനിന്നു. അപ്പോൾ കൊച്ചമ്മ ചോദിച്ചു—

"നസീർ, ഈ സിനിമയിൽകാണുമ്പോലെതന്നെയാണോടാ?"

"പിന്നല്ലാതെ!—പക്ഷേ, ജയഭാരതിയേയാ കാണേണ്ടത്. ഹൊ! എന്തൊരു ചിരിയാ കൊച്ചമ്മാ! നമ്മളങ്ങനെ നോക്കിനിന്നുപോവും!"

"ങാ! നീ അതു പറഞ്ഞില്ലല്ലോ! നസീറും ജയഭാരതീംകൂടെ കെട്ടിപ്പിടിച്ചു.

കൊച്ചുരാമൻ താഴെനോക്കി കാൽനഖം

പഠിക്കുക! ഗൂഢചിത്രശാസ്ത്ര ഗ്രന്ഥങ്ങൾ...

1. ജാലവിദ്യ—ചീട്ടുകൾ, നാണയങ്ങൾ, തൂവാല etc കൊണ്ടുള്ള ജാലവിദ്യകൾ, ചെപ്പടിവിദ്യകൾ, തന്ത്രങ്ങൾ, മായാജാലങ്ങൾ, മാജിക് പഠിക്കാനുള്ള ചിത്രഗ്രന്ഥം. വില 6രൂ.
2. സ്വഭാവ പഠനശാസ്ത്രം—കയ്യക്ഷരം, ഒപ്പ്, നടത്തം, വേഷം, ഭാവം, മീശ, ജന്മദിനം മററു ലക്ഷണങ്ങൾ etc നോക്കി ഒരു വ്യക്തിയുടെ സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ശാസ്ത്രം. വില 5രൂ.
3. നക്ഷത്രഫലവും ലഗ്നഫലസാരവും—ഏതു നാളിൽ ജനിച്ചവരുടേയും ഭൂതവർത്തമാന ഭാവിഫലങ്ങൾ അറിയുന്നതിനും പറയുന്നതിനും. വില 4രൂ.
4. പ്രേമലേഖനങ്ങൾ—ശോക പര്യവസായിയായ പ്രണയകഥ ധാരാളം റെഡിമെയ്ഡ് പ്രേമലേഖനങ്ങൾ സഹിതം. വില 3രൂ.
5. സാമുദ്രികാശാസ്ത്രം—സ്ത്രീ പുരുഷ ലക്ഷണങ്ങൾ, മറുകുകൾ, ചുഴികൾ, ലക്ഷണങ്ങൾ etc ഗുണദോഷഫലങ്ങൾ ചിത്രഗ്രന്ഥം. വില 2രൂ.
6. ഷിറോയുടെ ഹസ്തരേഖാശാസ്ത്രം—ചിത്രങ്ങൾസഹിതം. വില 2രൂ.
7. മുഖലക്ഷണശാസ്ത്രം—പൂർണ്ണ ചിത്ര ഗ്രന്ഥം. വില 3രൂ.
8. മെസ്മരിസം—മനുഷ്യനെ ഉറക്കുക, നിയന്ത്രിക്കുക, വശംവദരാക്കുക, പ്രാഥമിക പാഠങ്ങൾ. വില 2രൂ.
9. ഹിപ്നോട്ടിസം—പരചൈതന്യ വാദവിദ്യ ശാസ്ത്രം. വില 2രൂ.
10. മാജിക്കും മാസ്മരവിദ്യയും—കൺകെട്ടുവേലകൾ, രഹസ്യക്കണക്കുകൾ, ചീട്ടുകൊണ്ടുള്ള മറവുതിരിവുകൾ, etc. വില 2രൂ.
11. അത്ഭുതവാർത്തകൾ—രസകരമായ വാർത്തകൾ. വില 2രൂ.
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും—ചികിത്സാഗ്രന്ഥം വില 1-50

എല്ലാററിനും V. P. ചിലവ് പുറമേ. ചിത്രകാററ്ലോഗ് സൗജന്യം:

F. P. A. I.Tharian nagar, P.O., VIA-Tiruvalla-RMS, Kerala

എം. ഡി. രാജേന്ദ്രൻ

ആത്മയായിരുന്നു ഞാൻ,
യാമങ്ങൾ, സഞ്ചാരികൾ,
ഹേമന്ത രജനികൾ,
മുഗ്ദ്ധമാം പുലരികൾ,
സന്ധ്യകൾ, ആവർത്തന
വൈരസ്യം സ്ഫുരിക്കാത്ത
സുന്ദര കാണ്ഡങ്ങൾതൻ
ഭാവദീപ്തികൾ! – വെറു –
മാമയായിരുന്നു, ഞാൻ
പലതും നേരിൽക്കണ്ടോ–
ത്രുമയെന്നപോൽ
കാലത്തിൻെറ നൂൽപ്പാലത്തിന്മേ–
ലൂടെയങ്ങനെ മന്ദ –
മൊഴുകിപ്പോകുന്നേരം
"മൂഢനെ"ന്നെന്നെച്ചൂണ്ടി –
പ്പറയാൻ വന്നു നിങ്ങൾ!

* * *

നിങ്ങൾക്കു വഴിച്ചെണ്ട–
യാകുവാൻ നിൽക്കാതെ ഞാ–
നിന്നൊരു മുയലായി
കണ്ണുകൾ രണ്ടും പൂട്ടി,
മിന്നലായ്, പാഞ്ഞു കൂർത്ത
ശരമായ്, ചുററും പൂത്ത
ഭംഗികൾ കാണാൻ നിൽക്കാ,–
തൊന്നു നിശ്വസിക്കാതെ!
യുഗത്തിൻ വിധാതാക്കൾ
നിങ്ങളെൻ തോളിൽത്തട്ടി
"മിട്ടുക്കൻ, മിട്ടുക്ക"നെ–
ന്നെന്നെയിന്നാരാധിക്കെ,
തുഴക്കമ്പൊടിഞ്ഞൊരു
തോണിപോലിന്നെന്നുനം
ജനിക്കാനാശിക്കുന്നു . .
വീണ്ടുമാമയായ് മാത്രം!

∧△

കൊണ്ട് അവിടത്തെ അഴക്കിളക്കി.

"പറയെടാ!" കൊച്ചമ്മ അവൻെറ മുഖം പിടിച്ചുപൊക്കി.

അപ്പോൾ അവൻെറ കണ്ണുകളിൽ കൊച്ചമ്മ അന്നേവരെ കണ്ടിട്ടില്ലാത്ത ഒരു പ്രകാശം കണ്ടു. ആ ചുണ്ടുകളിൽ അതേവരെ കണ്ടിട്ടില്ലാത്ത ഒരു വിറയൽ കണ്ടു. അവൻ ആരോടോ പകപോക്കുന്നതുപോലെ രോഷാകുലനായി അമർന്നശബ്ദത്തിൽ അവ്യക്തമായിപ്പറഞ്ഞു—

"അവർ രണ്ടുപേരുംകൂടി കെട്ടിപ്പിടിച്ച് ഒത്തിരിനേരത്തേക്ക്" എന്തൊക്കെച്ചെയ്തോ എൻെറ കൊച്ചമ്മാ! ജയഭാരതിടെ തലമുടീം മുഖോം കഴുത്തുമൊക്കെ നസീർ മുഖംകൊണ്ട് ഉരച്ച് മെഴുകിത്തുടച്ച്—പിന്നെ എന്തെല്ലാമോരൊക്കെയങ്ങു ചെയ്തു. ജയഭാരതീം ഇതുപോലൊക്കെത്തന്നാ. ഇങ്ങനെ പലവട്ടം—"

"ഒള്ളതോ കൊച്ചുരാമ?"

"അതു മാത്രമോ? രണ്ടുപേരുംകൂടി ഒരു സെററിയേൽക്കേറിയങ്ങിരുന്നു"

"പിന്നെയോ കൊച്ചുരാമാ?"

"അവിടേം കെട്ടിപ്പിടിച്ചു."

"പിന്നെയോ കൊച്ചുരാമാ?"

കൊച്ചമ്മ അവനെ ആവേശപൂർവ്വം പുണർന്നു. അവൻ അവരിലേക്കൊതുങ്ങി.

"കൊച്ചുരാമാ!"

"എന്തോ?" അവൻെറ ശബ്ദം മൈലുകൾക്കകലെ ഏതോ ഒരു മലയടിവാരത്തിൽനിന്നെന്നോണം കേട്ടു.

"നീ നസീറാ!"

"അയ്യോ കൊച്ചമ്മാ!"

"ഞാൻ ജയഭാരതി,"

"അയ്യോ കൊച്ചമ്മാ, അങ്ങുന്നിപ്പഴിങ്ങു വരും."

"അങ്ങുന്ന് ഉമ്മറ്!"

ഇന്നത്തെ രഹസ്യം....?



നിങ്ങൾക്കും അതിൽ പങ്കാളിയാവാം

ഇരട്ട ആനുകൂല്യം പ്രദാനം ചെയ്യുന്ന എൻറെ അതുല്യമായ സമ്പാദ്യ പദ്ധതി പ്രൊവിഡൻറ് ഫണ്ട്, സി.ആർ.ഡി, ലൈഫ് ഇൻഷുറൻസ് പോളിസികൾ എന്നിവയിൽ നിക്ഷേപിക്കുന്ന സംഖ്യകൾക്ക് ആദായ നികുതി ആക്ട് ആകർഷകമായ ഇളവുകൾ നൽകുന്നു.

ഇവയിൽ, ലൈഫ് ഇൻഷുറൻസ് നിങ്ങളുടെ നികുതികൾ ലാഭിക്കുവാൻ മാത്രമല്ല സഹായിക്കുന്നത് പിന്നെയോ, ഇതു മാത്രമാണ് അപകടത്തിനെതിരെയുള്ള സംരക്ഷണം വഴി നിങ്ങൾക്ക് ഒരു സമ്പത്ത് തന്നെ ഉറപ്പു വരുത്തുന്നത്. അതും നിങ്ങൾ ഇൻഷുർ ചെയ്യുന്ന ദിവസം മുതൽ.

ഇൻഷുറൻസ് പ്രീമിയം വഴി നിങ്ങൾക്കു ലഭിക്കുന്ന പരമാവധി നികുതിയിളവുകളെ-ക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ അറിയുവാൻ, എന്തുകൊണ്ട് ഇന്നു തന്നെ നിങ്ങളുടെ ഇൻഷുറൻസ് ഏജൻറിനെ സമീപിച്ചുകൂടാ?

ലൈഫ് ഇൻഷുറൻസ് അനുപമമാണ്.

ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ

PRATIBHA-LIC-1156/77 MAL

കൊച്ചുരാമനതുകേട്ട് പൊട്ടിച്ചിരിച്ചു. പക്ഷേ, ആ ചിരി പുറത്തുകേട്ടില്ല. അവന് മുഖമില്ലായിരുന്നു.

★

മേമ്പൊടി

പ്രസിദ്ധ സിനിമാനടിയോടൊപ്പം ഒരു ദിവസം കഴിച്ചുകൂട്ടാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കാം എന്നതായിരുന്നു ബംഗ്ളാവുടമസ്ഥനും സിനിമാനിർമ്മാതാവും തമ്മിൽ ഷൂട്ടിങ്ങാവശ്യത്തിന് ബംഗ്ളാവ് ഒഴിഞ്ഞുകൊടുക്കുന്നതിനുള്ള പ്രതിഫലമായി ഉണ്ടാക്കിയ രഹസ്യകരാറ്. അതനുസരിച്ച് കരാർ യഥാവസരം പാലിക്കപ്പെടുകയുംചെയ്തു. എന്നാൽ ഉടമസ്ഥൻ നിരാശനാണ്. കാരണം, ഇതുപോലൊരു രഹസ്യകരാറ് തൻെറ സഹധർമ്മിണി പ്രസിദ്ധ സിനിമാനടനുമായി ഉണ്ടാക്കിയ വിവരം ഷൂട്ടിങ്ങൊക്കെ കഴിഞ്ഞ് പാർട്ടി മടങ്ങിപ്പോയതിനുശേഷമാണ് അദ്ദേഹം അറിഞ്ഞത്.

—o—

പാരമ്പര്യത്തിൻെറ കുളിരു്

(8 ൽ നിന്നും തുടർച്ച)

ള്ള നല്ലൊരു നോക്കുകുത്തിയാണ് ദൈവത്താർ. ജീവിതത്തിലും ചിന്തയിലും ഈശ്വരവിശ്വാസം ആഴത്തിലിറങ്ങിയ ഒരു ജനത സ്വന്തം ദുഃഖങ്ങളും യാതനകളും വേദനകളും സമക്ഷം വിളിച്ചുപറയാനും ചൊല്ലിക്കരയാനും മുമ്പിലൊരു ദൈവമില്ലാതെ വരുമ്പോൾ അനുഭവിക്കുന്ന സങ്കടത്തിൻെറ ചിത്രമാണ് നാം കാണുന്നത്. മാണിക്യത്തമ്മയുടെ നിരസ്ക്കാരം കാലാകാലമായി നിലനിന്നുപോരുന്ന മൂല്യങ്ങളുടെ അപഭ്രംശമാണ് കാണിക്കുന്നത്. മനുഷ്യദൈവത്തിൻെറ അംഗീകാരം പുതിയ മൂല്യങ്ങളുടെ അവരോധവും. പുതിയ എന്തായാലും, എത്ര മഹത്തരമായാലും അതിൽ പഴയസങ്കല്പങ്ങളുടെ ഛായ കാണാനുള്ള മനുഷ്യസ്വഭാവമാണ് "പഴയൊരു ദൈവച്ഛായയുള്ള" ഭജനക്കാരനെത്തന്നെ ദൈവമാക്കണമെന്നുള്ള കാലങ്കണിയുടെ നിർബന്ധത്തിൽ നിഴലിക്കുന്നത്. ഭക്തജനത്തെ വശീകരിക്കാൻ ശ്രമിക്കുന്നതിലൂടെ, കാലങ്കണിയെ ഭീഷണിപ്പെടുത്തുന്നതിലൂടെ, വെളിച്ചപ്പാടിനെ ധിക്കരിക്കുന്നതിലൂടെ പുതുമടിശ്ശീലക്കാരനായ ശക്തന് ഒരു ലക്ഷ്യമുണ്ട്. സ്വന്തം അസ്തിത്വം ആ ലക്ഷ്യം നേടാൻ മാത്രമാണ് അയാൾ സംരക്ഷകൻെറ മുഖംമൂടിയണിയുന്നത്. ശക്തൻ തുടക്കത്തിൽ ദൈവമാകുന്നത് ധനപ്രമുഖിയുടെ താൽക്കാലികമായ വിജയത്തേയും, ശക്തനെ മാററി ബുദ്ധനെ അവരോധിക്കുന്നത് വിശ്വാസങ്ങളുടെ ആത്യന്തികമായ നിലനില്പിനെയും കുറിക്കുന്നു. മരണത്തിൽ ശത്രുവിനും മാത്രമല്ല ദൈവമാകുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. നമ്മുടെ കുത്തഴിഞ്ഞ പൊതുജീവിതത്തിൻെറ നേർക്കുള്ള കണ്ണാടിയാണ് ഈ ചിത്രം. "ബുദ്ധൻ ദൈവം നമ്മുടെ ദൈവം" എന്ന ഭജനത്തിന് മുദ്രാവാക്യത്തിൻെറ താളവും ഈണവും ജീവനും ശബ്ദസ്വഭാവവുമാണുള്ളതെന്നത് പ്രത്യേകം ശ്രദ്ധേയമത്രേ.

വെള്ളം കിട്ടാതെ ബുദ്ധൻ മരിച്ചുവീഴുന്ന മൂന്നാംദൃശ്യം ഈ നാടകത്തിൻെറ കെട്ടുറപ്പിനെ സാരമായി ബാധിക്കുന്നുവെന്ന് തോന്നി. ഏച്ചുകൂട്ടിയതാണെന്ന് തോന്നാവുന്ന ഈ ദൃശ്യം പഴയൊരാശയത്തിൻെറ മേലോദ്ധമാററിക്കായ തനിയാവർത്തനമായിപ്പോയി. അതൊഴിവാക്കാമായിരുന്നു.

അവനവൻ കടമ്പ

അവനവൻ കടമ്പയിൽ ചർച്ചചെയ്യപ്പെടുന്ന വിഷയം കുറേക്കൂടി ഗൗരവമുള്ളതാണ്. അഞ്ചുപേർവീതമുള്ള പാട്ടുപരിഷയും ആട്ടപ്പണ്ടാരങ്ങളും ചുവടുവെച്ചുകൊണ്ട് പ്രവേശിക്കുന്നതോടെ നാടകമാരംഭിക്കുന്നു പ്രാകൃതവേഷക്കാരായ അവരുടെ മനസ്സും പ്രാകൃതമത്രേ. സ്ഥായിയായ ജീവിതാദർശമൊന്നുമില്ലാത്ത വെറും തസ്ക്കരസാധാരണരായ ആട്ടപ്പണ്ടാരങ്ങൾ വയറുറപ്പിഴപ്പിനുവേണ്ടി ആരുടെകൂടെ നിൽക്കാനും തയ്യാറാണ്. അതുകൊണ്ടുതന്നെ സമൃദ്ധിയുടെ ചിഹ്നമായ വാലടിക്കാവിലെ ഉത്സവത്തിൽകൂടാൻ അവർക്ക് താല്പര്യമുണ്ട്. പക്ഷേ അവിടെയെത്താൻ "ഏത് ശക്തിമാൻെറയും എല്പ്പിക്കുന്ന" അവനവൻ കടമ്പ കടക്കണം.

ഈ സത്യമറിയാവുന്ന പാട്ടപരിഷ അതേവഴിതന്നെ ആട്ടപ്പണ്ടാരങ്ങൾക്ക് നിർദ്ദേശിക്കുന്നു. അവനവൻ കടമ്പക്കൽ ഓരോരുത്തരായി ആട്ടപ്പണ്ടാരങ്ങൾ മറിഞ്ഞു വീഴുന്നത് കണ്ട് സിനിക്കുകളായ പാട്ടപരിഷ പൊട്ടിച്ചിരിക്കുന്നുണ്ട്. അപ്പോഴാണ് പുതിയൊരു പ്രശ്നം അവരുടെ മുന്നിൽ വന്നുവീഴുന്നത്. വാലടിക്കാവിനെ ചുററിയൊഴുകുന്ന പമ്പയാററിൽ ഒരു തലയില്ലാശ്ശവമൊഴുകിയത്രേ! ശവമൊഴുകിയത് നേരാണെങ്കിൽ ആരുടേതാകാം ശവം? ആ കൊലപാതകത്തിനുത്തരവാദിയാരു"? തുടന്ന് സംജാതമാവുന്ന ഉൽക്കണ്ഠയുടേയും ഭീതിയുടേയും അന്തരീക്ഷത്തിൽ മുതരും ജീവിച്ചിരിക്കുന്നവരും തമ്മിലുള്ള അന്തരം മാഞ്ഞുപോകുന്നു. പാട്ടപരിഷയിട്ടുകൊടുക്കുന്ന ശവതാളത്തിനൊത്ത് ശവനൃത്തമാടുന്ന ആട്ടപ്പണ്ടാരങ്ങളെ ഉണത്തുന്നതു് "ജീവിച്ചിരിക്കുന്നവരുടെ താള"മാവശ്യപ്പെട്ടുകൊണ്ടുള്ള എരട്ടക്കണ്ണൻ പക്കിയുടെ ആഗമനമാണ്. "ചത്തതു് കീചകനെങ്കിൽ കൊന്നതു് എരട്ടക്കണ്ണനല്ലാതെ മററാരുമല്ല" എന്ന പക്കിയുടെ തുറന്നുള്ള പ്രഖ്യാപനം ഭീതിക്ക് സ്പല്പം അയവുവരുത്തുന്നുണ്ടെങ്കിലും അന്തരീക്ഷത്തിലെ ഉൽക്കണ്ഠക്ക് ഒട്ടും കുറവ് വരുത്തുന്നില്ല ധീരനായ പക്കിയുടെ എരട്ടക്കണ്ണിലും പക്കിയുമായി ബന്ധപ്പെട്ട എല്ലാററിലും ആ തസ്കരസാധാരണർ മാന്യതയുടെ തിളക്കം കാണുന്നു. ചത്തതു് വട്ടിപ്പണക്കാരനാണ്. വട്ടിപ്പണക്കാരന്റെ ചോരപുരണ്ട പൂങ്കത്തിപക്കി മൂന്നാം പാട്ടപരിഷയെ ഏല്പിക്കുന്നതോടെ, ദർശനം കിട്ടിയ വെളിച്ചപ്പാടിനെപ്പോലെ തുള്ളിയുറഞ്ഞുകൊണ്ട് അയാൾ രംഗമദ്ധ്യേയുള്ള പീഠത്തിൽ കയറി നിലയുറപ്പിക്കുന്നു. പൂങ്കത്തിയിൽ ഇനിയും ചോരപുരളും. അതു് ദേശത്തുടയോന്റെ പുന്നാരമോൻ, പക്കിമകൾ ചിത്തിരപ്പെണ്ണിന്റെ കാമുകൻ വടിവേലവന്റേതായിരിക്കും. തന്നിക്ക് കൈവെക്കാൻ മാത്രമില്ലാത്തതിനാൽ പക്കി വടിവേലവനെ "തട്ടാ"നുള്ള ചുമതല ഒന്നാംപാട്ടപരിഷയെ ഏല്പിക്കുന്നു ഒന്നാം പാട്ടപരിഷക്കും ചിത്തിരപ്പെണ്ണിൽ കണ്ണുണ്ട്. ഒരു കൊലപാതകിയുടെ മകളെ ദേശത്തുടയോന്റെ മകൻ ഒരിക്കലും സ്നേഹിക്കയില്ലെന്നു് അയാൾ ചിത്തിരപ്പെണ്ണിനോട് പറയുന്നു. തെളിയിക്കാനായി അയാൾ വടിവേലവനെ മഷിയിട്ട് വരുത്തുന്നു. വടിവേലവന്റെ നാവിൽനിന്നും അതേ വചനം കേട്ടിട്ടും "എല്ലാം മന്ത്രവാദ"മെന്നു് അവൾ അവിശ്വസിക്കുകയാണ്. തുടന്ന് ചിത്തിരപ്പെണ്ണ് കാൺകേ വടിവേലവനെ കുത്തിക്കൊല്ലുന്നതായി ഭാവിച്ച് ഒന്നാംപാട്ടപരിഷ ഓടി മറയുന്നു.

കിരീടമണിഞ്ഞ ദേശത്തുടയോൻ പന്തം കൊളുത്തി പരിവാരസമേതം എഴുന്നള്ളുന്നു. കിരീടമഴിച്ച് വെച്ച് രംഗനിരീക്ഷണം നടത്തിയ ശേഷം പൂങ്കത്തിയിൽ ചോരപുരണ്ടതിന്റെ സത്യമറിയാൻ വിചാരണയാരംഭിക്കുന്നു. പാട്ടപരിഷയും ആട്ടപ്പണ്ടാരങ്ങളും ദേശത്തുകാരും മൊഴി നൽകുന്നുണ്ട്. തുടന്ന് എല്ലാവരെയും മാററിനിർത്തിക്കൊണ്ടുള്ള രഹസ്യവിചാരണയിൽ പക്കിയും താനും ബാല്യകാലസഖാക്കളാണെന്നും പക്കിയുടെ നീചകൃത്യങ്ങളുടെ പ്രയോജനം താനും പങ്കിട്ടിട്ടുണ്ടെന്നും ദേശത്തുടയോന് ബോധ്യമാകുന്നു. പിന്നീടങ്ങോട്ട് ഒത്തുകളിയും കൈകൊത്തകൊണ്ടുള്ള നൃത്തവുമാണ്. പൂങ്കത്തിയിൽ ഇനിയും ചോര പുരളുമെന്ന സത്യം ദേശത്തുടയോനെ ഉണത്തുന്നതോടെ ഒത്തുകളി തമ്മിൽത്തല്ലായി പരിണമിക്കുന്നു. പ്രതികാരാഗ്നിപോലെ രംഗത്തേക്ക് പാഞ്ഞുവരുന്ന ചിത്തിരപ്പെണ്ണിന്റെ പ്രതികാരാത്തി (ചോരക്ക് ചോര, കണ്ണിന് കണ്ണ്) ശമിപ്പിക്കാൻ നീതിനിഷ്ഠനായ ദേശത്തുടയോൻ ചോരയാറിയിട്ടില്ലാത്ത അതേ പൂങ്കത്തി തന്നെ പക്കിക്ക് വിധിക്കുന്നു. അതിനുള്ള അവകാശം ചോദ്യം ചെയ്യുന്ന പക്കി ഒന്തിമാഭിലാഷം ഉന്നയിക്കുന്നു. ദേശത്തുടയോൻ തങ്ങളെ വാലടിക്കാവിലെ ഉത്സവത്തിലേക്ക് നയിക്കണം. പക്കിയുടെ കണക്കുകൂട്ടൽ പോലെ അതിന് പുറപ്പെടുന്ന ആ വലിയവനും അവനവൻ കടമ്പയിൽ തട്ടിവീഴുകയും അതോടെ നീതി നടത്താനുള്ള ധാർമ്മികമായ അധികാരം നഷ്ടപ്പെടുകയും ചെയ്യുന്നു. താമസിയാതെ ദേശത്തുടയോൻ മൂന്നാംപാട്ടപരിഷയേയും വടിവേലവനേയും മുഖംമൂടികൾ മാററിപ്രത്യക്ഷപ്പെടുത്തുന്നു. വടിവേലവന്റെയും ചിത്തിരപ്പെണ്ണിന്റെയും പ്രേമം സാഫല്യത്തിലെത്തുന്നു. എല്ലാവരും പരസ്പരം വഞ്ചിക്കാനുള്ള പ്രവണത മാററിവെച്ച് സ്നേഹത്തിലും സൗഹൃദത്തിലും പുലരാൻ തീരുമാനിക്കുന്നു. അങ്ങിനെ ഒരുവൻ പതനത്തിന്റെ കുറയിൽനിന്നും തെളിഞ്ഞുവരുന്ന ഒരു സമൂഹം പാട്ടം കൂത്തുമായി വാലടിക്കാവിലേക്ക് നീങ്ങുന്നതോടെ നാടകം പരിസമാപ്തിയിലെത്തുന്നു.

അവനവൻ കടമ്പ—ദേശത്തുടയോന്റെ എഴുന്നള്ളത്തു്

വാലടിക്കാവ് എന്ന മിത്ത്

ദൈവത്താറിൽനിന്നും വ്യത്യസ്തമായ അവനവൻ കടമ്പ സങ്കീർണ്ണതകളുടെ അംശങ്ങളുള്ള ഒരു നാടോടിനാടകമാണ്. യഥാതഥനാടകങ്ങൾ കണ്ട് ശീലിച്ച പ്രേക്ഷകർ കടമ്പ ഒരു നാടകമേ അല്ലെന്നു പറഞ്ഞേക്കാം. സംഭവവികാസങ്ങളിലൂടെ പിരിമുറുകി നാടകീയ മുഹൂർത്തത്തിലേക്കൊഴുകുന്ന ഒരിതിവൃത്തമല്ല ഇതിലുള്ളതു്. കെട്ടുറപ്പുള്ള ഒരു കഥാതന്തുതന്നെ ഇതിലില്ലെന്നു തോന്നാം. ഏതാനും ദൃശ്യചിത്രങ്ങളുടെ ഒരു ശൃംഖല മാത്രമാണ് കടമ്പ. ആ ദൃശ്യചിത്രങ്ങളെ ബന്ധിപ്പിച്ചിരിക്കുന്നതാകട്ടെ വളരെ സൂക്ഷ്മമായ കണ്ണികൾകൊണ്ടാണ്. കഥാപാത്രങ്ങൾ നമ്മുടെ സങ്കല്പത്തിലില്ലാത്ത അപരിചിതരും.

കടമ്പയിലെ കേന്ദ്രബിന്ദുവായ വാലടിക്കാവ് ഒരു മിത്താകുന്നു. ഉത്തമമൂല്യങ്ങളിൽ പടുത്തുയർത്തപ്പെട്ട ജീവിതമാണ് വാലാടിക്കാവിലെ ഉത്സവംകൊണ്ട് ധ്വനിപ്പിക്കുന്നതു്. വഞ്ചന തുടങ്ങിയ കുറുക്കുവഴികളിലൂടെയോ, അധികാരംകൊണ്ടു മാത്രമോ സ്വായത്തമാക്കാവുന്നതല്ല അതു്. ആട്ടപ്പണ്ടാരങ്ങളും, പിന്നീട് ദേശത്തുടയോ കടമ്പക്കൽ പതിക്കുന്നതു് അതുകൊണ്ടാണ്. സ്വന്തം മനസ്സാക്ഷിയും സമൂഹവും സൃഷ്ടിക്കുന്ന പരിമിതികളെ തരണം ചെയ്യുന്നതിലൂടെ നേടിയെടുക്കുന്ന തെളിഞ്ഞ ആത്മവിശ്വാസമുണ്ടെങ്കിലേ അതു് സാക്ഷാത്കരിക്കാനൊക്കൂ:

(തുടരും)

—o—